www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

പുസ്തകം 8 ലക്കം 9
2022 ഏപ്രിൽ 1 ₹ 12




## ഉറപ്പുള്ള കരുത്തുള്ള മുന്നേറ്റം



കേരളം സുരക്ഷിതം \ കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക വരിസംഖ്യാ ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ സമകാലിക ജനപഥത്തിന്റെയും കേരള കോളിങ്ങിന്റെയും വാർഷിക വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
ഒരുവർഷത്തേക്ക് കേരളകോളിങ്ങിനും ജനപഥത്തിനും
240 രൂപ
വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...
0471-2517036
iocirculation@gmail.com
കൂടാതെ www.etreasury.kerala.gov.in
എന്ന വെബ്സൈറ്റിലൂടെയും പണമടയ്ക്കാം

ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**

April 1, 2022, Volume 8, Issue 9
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ളിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.
0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

സമകാലിക
ജനപഥം

2022 ഏപ്രിൽ 1
പുസ്തകം 8 ലക്കം 9



# സഫലം സാർത്ഥകം

രണ്ടാം പിണറായി വിജയൻ സർക്കാർ മേയ് 20ന് ഒരു വർഷം പൂർത്തിയാക്കുകയാണ്. കേരളത്തിന്റെ പ്രകാശഭരിതമായ ഭാവിയെ ദീർഘദർശനം ചെയ്യുന്ന നയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഇക്കാലയളവിൽ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. സാമൂഹികസുരക്ഷയും ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനവും ഒരുമിച്ചുകൊണ്ടുപോവുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. പലയിടങ്ങളിലും കണ്ടുവരുന്നതുപോലെ മഹാനഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വികസനത്തിന്റെ ചില വൻതുരുത്തുകൾ സൃഷ്ടിക്കുകയല്ല ഇവിടെ. നാടിന്റെ വികസനം സർവതല സ്പർശിയാകണം എന്നതാണ് കാഴ്ചപ്പാട്.

ഒന്നാം വാർഷികത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ നിർവഹിക്കവേ മുഖ്യമന്ത്രി പിണറായി വിജയൻ ചൂണ്ടിക്കാട്ടിയതുപോലെ എല്ലായിടത്തും വികസനസ്പർശമേൽക്കുന്നുവെന്നും എല്ലാവർക്കും പദ്ധതികളുടെ ഗുണഫലം ലഭിക്കുന്നുവെന്നും ഉറപ്പാക്കുന്നതിനാണ് കേരളം ശ്രമിക്കുന്നത്. നാടിനാകെ അഭിവൃദ്ധിയുണ്ടാക്കുന്ന പദ്ധതികൾ സമയബന്ധിതമായി, ദീർഘവീക്ഷണത്തോടെ നടപ്പാക്കിവരികയാണ് സർക്കാർ. ഇങ്ങനെ ജനതയെയാകെ സ്പർശിക്കുന്ന ക്ഷേമ, വികസനപദ്ധതികളാണ് ഒരു വർഷത്തിനുള്ളിൽ വിവിധ വകുപ്പുകൾക്കു കീഴിൽ പൂർത്തിയാക്കിയതും വിവിധ ഘട്ടങ്ങളിലായി കർമ്മപഥത്തിലെത്തിച്ചിരിക്കുന്നതും.

സംസ്ഥാന സർക്കാരിന്റെ ഒരു വർഷത്തെ ഭരണനേട്ടങ്ങൾ സംബന്ധിച്ച സമഗ്രവും വിശദവുമായ നേർക്കാഴ്ചകൾ ലഭിക്കുന്ന പ്രത്യേക പതിപ്പായാണ് ഈ ലക്കം സമകാലിക ജനപഥം ഒരുക്കിയിരിക്കുന്നത്. അതതു വകുപ്പുകളിലെ നേട്ടങ്ങളും ഭാവിപദ്ധതികളും സംബന്ധിച്ച് ചുമതലയുള്ള മന്ത്രിമാരുടെ വാക്കുകളിലൂടെത്തന്നെ അറിയാം. പ്രിയ വായനക്കാർക്ക് ഈ പ്രത്യേക പതിപ്പ് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ




10 **വികസനം എല്ലായിടത്തും എല്ലാ മേഖലയിലും ഒരുപോലെ**
പിണറായി വിജയൻ

16 **അഭിമാന പദ്ധതികൾ എല്ലായിടത്തും**

20 **റവന്യൂ ഓഫീസുകൾ ജനസൗഹൃദ കേന്ദ്രങ്ങൾ**
കെ. രാജൻ

24 **തീരങ്ങൾക്ക് സംരക്ഷണം നാട്ടിലെങ്ങും ശുദ്ധജലം**
റോഷി അഗസ്റ്റിൻ

28 **ഊർജ സ്വയംപര്യാപ്തതയിലേക്ക് ഇച്ഛാശക്തിയോടെ**
കെ.കൃഷ്ണൻകുട്ടി

32 **സുരക്ഷിതമാകുന്ന ജൈവവൈവിധ്യം**
എ.കെ. ശശീന്ദ്രൻ

36 **വികസനത്തിലേക്ക് വഴിതുറക്കുന്ന തുറമുഖങ്ങൾ**
അഹമ്മദ് ദേവർകോവിൽ



40 നൂതനമായ ആശയങ്ങൾ പുരോഗതിയുടെ വേഗം
ആന്റണി രാജു

44 കായികവികസനത്തിന്റെ ട്രാക്കിൽ കുതിക്കുകയാണ് കേരളം
വി. അബ്ദുറഹിമാൻ

48 ഉറപ്പായി ഭക്ഷ്യസുരക്ഷ സുതാര്യമായി റേഷൻ
ജി ആർ അനിൽ

52 പ്രതിസന്ധിക്കാലത്തെ കരുതൽ വികസനത്തിൽ വിജയിച്ച ബദൽ
കെ എൻ ബാലഗോപാൽ

56 മുഖച്ഛായ മാറുന്ന ഉന്നത വിദ്യാഭ്യാസം
ഡോ. ആർ. ബിന്ദു

60 ആധുനികമാവുന്നു ക്ഷീരമേഖല ഉറപ്പാക്കുന്നു കർഷകക്ഷേമം
ജെ. ചിഞ്ചുറാണി

64 കരുതലേകിയ നേട്ടങ്ങൾ ജനപക്ഷ മുന്നേറ്റങ്ങൾ
എം.വി ഗോവിന്ദൻ മാസ്റ്റർ

68 സുഗമമായ സഞ്ചാരം കാരവനിൽ ടൂറിസം
പി എ മുഹമ്മദ് റിയാസ്

72 ഉൽപാദന വർധനവ് വിപുലമായ വിപണനശൃംഖല
പി. പ്രസാദ്

76 വിദ്യാഭ്യാസത്തിലൂടെ നേടുന്ന സാമൂഹിക പുരോഗതി
കെ രാധാകൃഷ്ണൻ

80 നിവരുന്ന വ്യവസായ ഭൂപടം
പി രാജീവ്

84 തീരസമൂഹത്തിൽ സമഗ്രമാറ്റം സാംസ്കാരിക രംഗം ഉണർവിൽ
സജി ചെറിയാൻ

88 പ്രതിസന്ധിയുടെ കാലത്തും അക്ഷരവെളിച്ചം ജ്വലിപ്പിച്ച കേരളം
വി ശിവൻകുട്ടി

92 ദുരിതകാലത്ത് ഉറ്റ ബന്ധുവിനെ പോലെ കൈത്താങ്ങായി
വി എൻ വാസവൻ

96 ആരോഗ്യ കേരളം അഭിമാന കേരളം
വീണാജോർജ്





സർവതല സ്പർശിയായതും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം ഉറപ്പാക്കി രണ്ടാം പിണറായി വിജയൻ സർക്കാർ ഒരു ഭരണവർഷം പൂർത്തിയാക്കുകയാണ്. എല്ലായിടത്തും വികസനപദ്ധതികൾ നടപ്പിലാക്കിയും എല്ലാ പൗരന്മാർക്കും വികസനപദ്ധതികളുടെ ഗുണം ഉറപ്പാക്കിയുമാണ് സർക്കാരിന്റെ മുന്നേറ്റം. അഞ്ചുവർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ട വാഗ്ദാനങ്ങൾ രണ്ടേമുക്കാൽ വർഷം കൊണ്ട് നടപ്പാക്കിയ ഒരു സർക്കാരിന്റെ തുടർച്ചയെന്ന നിലയിൽ  വികസനപദ്ധതികൾ യാഥാർഥ്യമാക്കുന്നതിലും സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിനുമുള്ള ഇച്ഛാശക്തി തുടക്കത്തിലേ ഈ സർക്കാർ തെളിയിക്കുന്നു. കോവിഡ്, സാമ്പത്തികപ്രതിസന്ധി  തുടങ്ങി പ്രതികൂല ഘടകങ്ങളുടെ മലവെള്ളപ്പാച്ചിൽ ഉണ്ടായിട്ടും അവയെല്ലാം മറികടന്ന് കേരളം വികസനത്തിൽ അഭിമാനകരമായ നേട്ടം സ്വന്തമാക്കുകയാണ്. യുവാക്കളുടെ ഭാവി മുന്നിൽ കണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വ്യാവസായിക വികസനത്തിന് ആക്കം കൂട്ടിയുമുള്ള മുന്നേറ്റത്തിൽ സർക്കാരിന് കരുത്താകുന്നത് ജനങ്ങളുടെ പിന്തുണയാണ്. അതുകൊണ്ടുതന്നെ സുസ്ഥിര വികസനത്തിനു വേണ്ടി ഒറ്റക്കെട്ടായി നിൽക്കാനും, നാടിനും വരുംതലമുറകൾക്കും പ്രയോജനപ്രദ മാകുന്നവയെ ഇരുകൈയും നീട്ടി സ്വീകരിക്കാനും ഏവർക്കും സാധിക്കട്ടെ.

# പുരസ്കാര വാനിൽ

- ദേശീയ നീതി ആയോഗ് സൂചികയിൽ കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് ഒന്നാം സ്ഥാനം
- 2021ലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഏറ്റവും മികച്ച സംസ്ഥാനം
- 140 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ ക്യു എഎസ് അംഗീകാരം
- ONGC യുടെ 'സാക്ഷം' ദേശീയ പുരസ്ക്കാരം കെ.എസ്.ആർ.ടി.സി.യ്ക്ക്
- എൻഐആർഎഫ് റാങ്കിങ്ങിൽ ആദ്യ നൂറിൽ കേരളത്തിലെ നാലു സർവ്വകലാശാലകൾ
- രാജ്യത്തെ ആദ്യ മികച്ച 100 കോളേജുകളുടെ പട്ടികയിൽ കേരളത്തിലെ 19 കോളേജുകൾ
- വയോജനപരിപാലനത്തിന് ഇത്തവണയും വയോശ്രേഷ്ഠ സമ്മാൻ
- ദേശീയ ഭിന്നശേഷി ശാക്തീകരണ പുരസ്കാരം.
- ദേശീയ നഗര ഉപജീവനം പദ്ധതി നടത്തിപ്പിന് കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയ റാങ്കിങ്ങിൽ ഒന്നാം സ്ഥാനം
- കുടുംബശ്രീയ്ക്ക് ഗ്ലെൻമാർക്ക് ന്യൂട്രീഷ്യൻ പുരസ്കാരം
- ഭവന നിർമാണ മേഖലയിലെ മികച്ച പശ്ചാത്തല സൗകര്യ വികസനത്തിന് ലൈഫിന് ഹഡ്കോയുടെ ദേശീയ അംഗീകാരം
- ആരോഗ്യ വനിത ശിശുവികസന വകുപ്പുകൾക്ക് ഒരു വർഷത്തിനിടെ ഏഴു പുരസ്കാരങ്ങൾ



# അഭിമാന കേരളം



ക്ഷയരോഗ നിവാരണ  പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം

ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയ തലത്തിൽ രണ്ടാം സ്ഥാനം

ആരോഗ്യ മന്ഥൻ 3.0ൽ ഏറ്റവും കൂടുതൽ
സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം

രാജ്യത്തെ ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിന്
ഇന്ത്യാ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്

ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നിവയ്ക്ക് ഗവേർണൻസ്
നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ കേന്ദ്ര സർക്കാരിന്റെ
ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസി

ആരോഗ്യമേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്
(എൻ.ക്യു.എ.എസ്) അംഗീകാരം

രാജ്യത്തെ വ്യവസായ പാർക്കുകളുടെ പ്രകടനത്തിൽ കിൻഫ്രയുടെ
കീഴിലുള്ള അഞ്ചു പാർക്കുകൾക്ക് ദേശീയ അംഗീകാരം

വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയ്ക്കും പരിസ്ഥിതി സൗഹൃദ
നടപടികൾക്കും നിതിആയോഗ് സൂചികയിൽ കേരളത്തിന്  രണ്ടാം സ്ഥാനം.

ദേശീയ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം

പുരപ്പുറ സോളാർ പദ്ധതിക്ക് EQ ഇന്റർനാഷണൽ മാഗസിൻ പുരസ്കാരം

ഇന്ത്യ ടുഡേ ന്യൂസ് മാഗസിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021 – ൽ, കേരളം,
ഭാരതത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ്

പിണറായി വിജയൻ, മുഖ്യമന്ത്രി

# വികസനം എല്ലായിടത്തും എല്ലാമേഖലയിലും ഒരുപോലെ

## സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു നടത്തിയ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ

നമ്മുടെ നാട് കൂടുതൽ വികസിക്കുകയാണ്. അടിസ്ഥാന സൗകര്യ വികസനവും സാമൂഹിക സുരക്ഷയും വൻകിട വികസനവും ഉറപ്പാക്കുന്ന പദ്ധതികളിലൂടെ നാടിന്റെ ഉയർച്ചയ്ക്ക് സർക്കാർ ആക്കം കൂട്ടുകയാണ്. സംസ്ഥാനത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനവും ദുരിതമനുഭവിക്കുന്നവർക്കുള്ള അടിയന്തര ആശ്വാസവും ഒരുമിച്ച് കൊണ്ടുപോവുക എന്നതാണ് ഈ സർക്കാരിന്റെ നയം. അതിനനുസരിച്ചുള്ള പദ്ധതികളാണ് സർക്കാർ യാഥാർഥ്യമാക്കി വരുന്നത്.

നിങ്ങൾക്കേവർക്കും അറിയാവുന്നതു പോലെ രാജ്യത്ത് പല തരത്തിലാണ് വികസനം നടപ്പിലാക്കി വരുന്നത്. മഹാനഗരങ്ങളിൽ വികസനമുണ്ടാകും. എന്നാൽ ഗ്രാമങ്ങളിലെ അവസ്ഥ പരിതാപകരമാകും. ഒരു പ്രദേശത്ത് മാത്രം വികസനം കേന്ദ്രീകരിക്കുമ്പോൾ സംഭവിക്കുന്ന അവസ്ഥയാണത്. എന്നാൽ കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. ഇവിടെ സർക്കാർ നടപ്പിലാക്കി വരുന്നത് സർവതല സ്പർശിയും സാമൂഹികനീതിയിൽ അധിഷ്ഠിതവുമായ വികസനമാണ്. അതുകൊണ്ടു തന്നെ സംസ്ഥാനത്ത് എല്ലായിടത്തും വികസന സ്പർശ മേൽക്കുകയും എല്ലാ വ്യക്തികൾക്കും പദ്ധതികളുടെ ഗുണഫലം ലഭിക്കുകയും ചെയ്യുന്നു.

നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി അത്ര നല്ല നിലയിൽ അല്ല എന്ന് എല്ലാവർക്കും അറിയാം. നികുതി വരുമാനത്തിന് പ്രത്യേക വകുപ്പുകളൊന്നുമില്ല. അത് മുഴുവൻ കേന്ദ്ര സർക്കാർ കൈയ്യടക്കി കഴിഞ്ഞു. ജി.എസ്.ടിയുടെ ഭാഗമായി ലഭിക്കുമെന്നു





പറഞ്ഞ നഷ്ടപരിഹാരം ജൂണിൽ അവസാനിക്കാൻ പോകുന്നു. സംസ്ഥാനങ്ങൾക്കു നൽകുന്ന വിഹിതം ആശ്ചര്യകരമാം വണ്ണമാണ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലും കുറവുണ്ടാകുകയാണ്. ഇതെല്ലാം സംസ്ഥാനത്തിന്റെ നിലനിൽപ്പിനും മുന്നോട്ടുപോക്കിനും വലിയ രീതിയിലുള്ള തടസ്സമുണ്ടാക്കുന്നുണ്ട്.

ഇതൊക്കെക്കൊണ്ടാണ് കിഫ്ബിയെ ഒരു സാമ്പത്തിക സ്രോതസ്സാക്കി വളർത്തിയത്. ബജറ്റിലൂടെയല്ലാതെ അൻപതിനായിരം കോടി രൂപ നാടിന്റെ വികസനത്തിനായി കിഫ്ബിയിലൂടെ കണ്ടെത്തുമെന്നാണ് തുടക്കത്തിൽ സൂചിപ്പിച്ചിരുന്നത്. അതിനെതിരെ വലിയ എതിർപ്പ് ഉണ്ടായി. ആ എതിർപ്പ് പണം കിട്ടുന്ന ഘട്ടത്തിലും ഉണ്ടായി. എന്നാൽ അൻപതിനായിരത്തിനല്ല, അറുപത്തിരണ്ടായിരം കോടി രൂപയ്ക്കുള്ള പദ്ധതികൾ കേരളത്തിൽ തയ്യാറായിക്കഴിഞ്ഞു. അതിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ  റോഡുകളും പാലങ്ങളും വികസിച്ചു. ആശുപത്രികളിലും സ്കൂളുകളിലും മികച്ച സൗകര്യങ്ങളുണ്ടായി. പൊതുവിദ്യാലയങ്ങളിലെ സൗകര്യങ്ങൾ വർധിച്ചപ്പോൾ വിദ്യാർഥികളുടെ എണ്ണവും ഉയർന്നു. എട്ടു ലക്ഷത്തോളം കുട്ടികളാണ് പുതുതായി പൊതുവിദ്യാലയങ്ങളിൽ എത്തിയത്. നാട്ടിലെ ആശുപത്രികളിൽ അന്താരാഷ്ട്ര നിലവാരമുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ സാധിച്ചു.

എല്ലാ പ്രദേശത്തും വികസനമെത്തുന്ന വിധത്തിലാണ് ഇവിടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. എല്ലാ പ്രദേശങ്ങളും കേരളത്തിന്റെ ഭാഗമാണ് എന്ന നിലയിലാണ് വികസനം പുരോഗമിക്കുന്നത്. നാട്ടിലെ എല്ലാ പ്രദേശങ്ങളും അഭിവൃദ്ധിപ്പെട്ടു വരണം. അതിനു വേണ്ടിയാണ് വികസന പദ്ധതികൾ ചെറുതായാലും വലുതായാലും സമയബന്ധിതമായും ദീർഘവീക്ഷണത്തോടെയും കേരളം യാഥാർഥ്യമാക്കി വരുന്നത്.

വികസന പദ്ധതികളുടെ ഓരോ ഘട്ടത്തിലും നാം ചെയ്യേണ്ടത് ചെയ്യണം. ദേശീയപാതാ വികസനത്തിൽ ഭൂമിയേറ്റെടുക്കൽ നടപടി തക്ക സമയത്ത് സാധ്യമാക്കാത്തതിനാൽ സംസ്ഥാനത്തിന് ഏറെ നഷ്ടമുണ്ടായി. 2016 നു ശേഷം സർക്കാർ അത് യാഥാർഥ്യമാക്കാനിറങ്ങിയപ്പോൾ സംസ്ഥാനം തന്നെ അതിനു നഷ്ടപരിഹാരം നൽകണമെന്നായിരുന്നു ദേശീയപാതാ അതോറിറ്റിയുടെ നിലപാട്. ഒടുവിൽ ഭൂമി വിലയുടെ 25 ശതമാനം സംസ്ഥാനത്തിനു വഹിക്കേണ്ടി വന്നു. 5000 കോടിയിലധികം രൂപയാണ് നമ്മൾ അതിനുവേണ്ടി വഹിക്കുന്നത്. സാധാരണ ഗതിയിൽ പദ്ധതിക്കുവേണ്ടി വരുന്ന ചെലവിന്റെ വർധനവ് ഒരുഭാഗത്ത്. മറുവശത്ത് ഭൂമിയേറ്റെടുക്കാൻ കാലതാമസം നേരിട്ടതിന് പിഴയെന്ന മട്ടിൽ 5000 കോടി രൂപ. ഇത്തരം കാര്യങ്ങളിൽ നിന്നും പാഠമുൾക്കൊണ്ട് വേണം നമ്മൾ വികസനപദ്ധതികൾ നടപ്പിലാക്കേണ്ടത്.

സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും വലിയ തോതിൽ കേരളത്തിൽ വികസന പദ്ധതികൾ യാഥാർഥ്യമായി വരികയാണ്. നാഷണൽ ഹൈവേ, തീരദേശ ഹൈവേ, മലയോര ഹൈവേ



എന്നിങ്ങനെയാണ്  പശ്ചാത്തല സൗകര്യമൊരുങ്ങുന്നത്. കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത പൂർത്തിയാക്കുന്നതിനുള്ള അവസാനഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. വ്യവസായ രംഗത്ത് ഒട്ടേറെ അവസരങ്ങൾ തുറക്കുന്ന എറണാകുളം- ബാംഗ്ലൂർ വ്യാവസായിക ഇടനാഴിക്കായി ഭൂമിയേറ്റെടുക്കൽ നടക്കുകയാണ്. ഇതിനൊപ്പം കൊച്ചി മുതൽ മംഗലാപുരത്തേക്ക്  മറ്റൊരു വ്യവസായ ഇടനാഴി വേണമെന്നും കേരളം ആവശ്യപ്പെട്ടിരിക്കുകയാണ്.

ആധുനിക സമൂഹത്തിന് അത്യന്താപേക്ഷിതമായ തരത്തിൽ വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്നതും സുരക്ഷിതത്വവുമുള്ള ഗതാഗത സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഊർജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അത്തരം പ്രവർത്തനങ്ങൾക്ക് പണമില്ലായ്മ ഒരു പ്രശ്നമാകാത്ത തരത്തിൽ ബഡ്ജറ്റിനു പുറത്ത് ധനസമാഹരണം നടത്തിയാണ് സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു വരുന്നത്.

ഗതാഗത രംഗത്തും, വ്യാവസായിക രംഗത്തും, കാർഷിക- ആരോഗ്യ രംഗങ്ങളിലും മാത്രമല്ല എല്ലാ മേഖലകളിലും സർക്കാർ പുരോഗമനപരമായ മാറ്റം ഉറപ്പാക്കുകയാണ്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളും പാഠ്യപദ്ധതിയും പഠനരീതിയും മാറുന്നതിനൊപ്പം ഉന്നത വിദ്യാഭ്യാസ രംഗത്തും മാറ്റങ്ങൾ വരികയാണ്. ഇതിന്റെ ഭാഗമായി പുതിയ സ്ഥാപനങ്ങളും ഹ്രസ്വ-ദീർഘകാല കോഴ്സുകളും ആരംഭിക്കും. നൈപുണി പരിശീലനവും ഉറപ്പാക്കും. വിദേശ വിദ്യാർഥികളെ കൂടി ആകർഷിക്കുന്ന രീതിയിലാകും ഈ രംഗത്ത് മാറ്റങ്ങൾ നടപ്പാക്കുന്നത്.

യുവജനങ്ങൾക്കു വിദ്യാഭ്യാസത്തിനൊപ്പം തൊഴിൽ പരിശീലനം കൂടി ലക്ഷ്യമിടുന്ന സ്കിൽ പാർക്കുകൾ ജില്ലാടിസ്ഥാനത്തിൽ ആരംഭിക്കും. ഇതിലൂടെ ഇരുപതുലക്ഷം പേർക്കെങ്കിലും തൊഴിൽ നൽകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഐ.ടി മേഖലയിൽ മികച്ച വികസന സാധ്യതയായി ഐടി ഇടനാഴിയും വൈകാതെ യാഥാർഥ്യമാകും. നാല് സയൻസ് പാർക്കുകളും ആരംഭിക്കും. അതിൽ കണ്ണൂർ, കൊച്ചി, തിരുവനന്തപുരം തുടങ്ങിയ വിമാനത്താവളങ്ങളുമായി ബന്ധപ്പെട്ടുള്ള സയൻസ് പാർക്കുകളും ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരത്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ആരംഭിക്കുകയാണ്. ഇതെല്ലാം വികസന മുന്നേറ്റത്തിന്റെ ഉദാഹരണമായി വേണം കാണേണ്ടത്.

സിൽവർലൈൻ ഉൾപ്പെടെയുള്ള വൻകിട വികസന പദ്ധതികൾക്ക് വേണ്ടിയുള്ള ചുവടുവയ്പുകളും നടന്നു വരികയാണ്. ഈ പദ്ധതിക്കായി സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ഡി.പി.ആർ തയ്യാറാക്കുന്നതിനു മുന്നോടിയായി ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, ലിഡാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് ടോപ്പോഗ്രാഫിക് സർവേ, ട്രാഫിക് സർവേ തുടങ്ങിയവ നടത്തിയിരുന്നു. അതിലൂടെ സിൽവർലൈൻ കടന്നു പോകുന്ന ഭൂമിയും കെട്ടിടങ്ങളും കണ്ടെത്തി. അവയിലെ ഉടമസ്ഥരേയും താമസക്കാരെയും തിരിച്ചറിയുകയും പദ്ധതി അവരെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് മനസ്സിലാക്കുകയുമാണ് സാമൂഹിക ആഘാത പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ വിധത്തിൽ സംസ്ഥാനത്തിന്റെ സർവ്വതോമുഖമായ മുന്നേറ്റത്തിനുള്ള സർവതല സ്പർശിയായ വികസനമാണ് സർക്കാർ സാധ്യമാക്കി വരുന്നത്. വൻകിട പദ്ധതികൾ മാത്രമല്ല ചെറുകിട പദ്ധതികളുടെ കാര്യത്തിലും നഗര വികസനത്തിന്റെ കാര്യത്തിലും ഇതേ സമീപനം തന്നെയാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. നാടിന്റെ മുക്കിലും മൂലയിലും വികസനപദ്ധതികൾ നടപ്പിലാകണം. അതിനു വേണ്ടിയുള്ള സർക്കാരിന്റെ പരിശ്രമങ്ങൾക്ക് എല്ലാ ജനവിഭാഗങ്ങളുടെയും പിന്തുണ അഭ്യർഥിക്കുന്നു.






# സുരക്ഷ നാട്ടിലും

- വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമവിഷയങ്ങളിൽ പിങ്ക് പോലീസ് പദ്ധതി പ്രകാരം വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി. ഈ പദ്ധതിക്കു വേണ്ടി 35 മോട്ടോർ ബൈക്കുകളും 20 സൈക്കിളുകളും അനുവദിച്ചു.
- മികച്ച ക്രമസമാധാനപാലനത്തിനും, ഭരണസൗകര്യാർഥവും രണ്ട് പോലീസ് ജില്ലകളായി വിഭജിച്ചിരുന്ന കണ്ണൂർ ജില്ലയിലെ കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ ഭരണം സുഗമമാക്കുന്നതിനും വനിതാ ബറ്റാലിയൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും 49 മിനിസ്റ്റീരിയൽ ജീവനക്കാരടക്കം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു.
- 100 പോലീസ് കോൺസ്റ്റബിൾ തസ്തിക ഉൾപ്പെടെ 113 തസ്തികകളുമായി KAP 6-ാം ബറ്റാലിയൻ കോഴിക്കോട് റൂറൽ ജില്ലയിലെ വളയം ഡിറ്റാച്ച്മെന്റ് ക്യാമ്പിൽ പ്രവർത്തനം ആരംഭിച്ചു. അഞ്ചുതെങ്ങ്, ഏലത്തൂർ തീരദേശം പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസ് സേവനം ആരംഭിച്ചു.
- എല്ലാ റവന്യൂ ജില്ലകളിലും ജില്ലാതല ഫോറൻസിക് ലാബുകൾ രൂപീകരിക്കുന്നതിന്റെ




# സൈബറിടങ്ങളിലും ഒരുപോലെ


ഭാഗമായി, മലപ്പുറം, എറണാകുളം ജില്ലകളിലെ ഫോറൻസിക് ലാബുകൾ ആരംഭിച്ചു. മറ്റ് ജില്ലകളിലെ ഫോറൻസിക് ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ.

- വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പോലീസ് സ്റ്റേഷനുകൾ വനിതാ പോലീസ് ബാരക്കുകൾ, ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെ പോലീസിന് ആവശ്യമായ ആധുനിക രീതിയിലുള്ള 54 കെട്ടിടങ്ങൾ നിർമ്മിച്ചു.
- കേരള പോലീസിന്റെ സിറ്റിസൺ പോർട്ടലായ THUNA പുതിയ ഭാവത്തിലും രൂപത്തിലുമാക്കി പരിഷ്ക്കരിച്ചു. കേരള പോലീസ് മുഖേനയുള്ള മൊബൈൽ ഇന്റർഫേസ് പുറത്തിറക്കി
- കേരളാ പോലീസ് സൈബർ ഡോമിന്റെ കീഴിൽ നൂതന സംരംഭമായ കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ ആരംഭിച്ചു. ഇത്തരത്തിൽ ഒരു ലാബ് രൂപീകരിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ പോലീസ് സംവിധാനം.
- ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ചൈൽഡ് പോണോഗ്രാഫി, മയക്കു മരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, റാൻസം വെയർ സർവീസ്, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ നിരീക്ഷിക്കുവാനും വിശകലനം ചെയ്യുന്നതിനും സൈബർ ഡോം മുഖേന കേരള പോലീസ് ഹാക്ക്പി 2021 എന്ന പേരിൽ ഓൺലൈൻ ഹാക്കത്തോൺ നടത്തി ഒരു ഡാർക്ക് നെറ്റ് പോലീസിംഗ് ആപ്ലിക്കേഷൻ Grapnel 1.0.വികസിപ്പിച്ചു.
- കേരള പോലീസിന്റെ നേതൃത്വത്തിലുള്ള രാജ്യത്തെ തന്നെ ഏറ്റവും വലിയ സൈബർ സുരക്ഷാ കോൺഫറൻസായ കൊക്കൂൺ 14–ാമത് എഡിഷൻ 16,000 പേർ പങ്കെടുത്ത് ചരിത്രം സൃഷ്ടിച്ചു.
- കേരള പോലീസിന്റെ കീഴിലുള്ള തിരുവനന്തപുരം സൈബർ ഡോമിന് സൈബർ കുറ്റകൃത്യങ്ങൾ തടയുക, കുറ്റകൃത്യങ്ങൾ അന്വേഷണം നടത്തി കണ്ടുപിടിക്കുക, സൈബർ സുരക്ഷക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയിലുള്ള മികവിന്റെ അടിസ്ഥാനത്തിൽ ഐ എസ് ഒ സർട്ടിഫിക്കറ്റ് ലഭിച്ചു.
- കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇ -ഗ്രീവൻസ് വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള 2020–21 വർഷത്തെ നാഷണൽ ഇ–ഗവേണൻസ് സ്വർണ്ണ നേട്ടത്തോടെയുള്ള അവാർഡ് കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിനും സൈബർ ഡോമിനും ലഭിച്ചു.

# അഭിമാന പദ്ധതികൾ എല്ലായിടത്തും

**സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന രംഗത്ത് നിർണായകമായ മുന്നേറ്റം സൃഷ്ടിക്കാനുതകുന്ന നിരവധി അഭിമാനപദ്ധതികളുടെ പൂർത്തീകരണം രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ സുപ്രധാന ദൗത്യമാണ്. ആദ്യവർഷത്തിൽ തന്നെ ദേശീയ പാത, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങിയ പദ്ധതികളുടെ നിർമ്മാണം അവസാനഘട്ടത്തിൽ എത്തിച്ചു കഴിഞ്ഞു. നാടിന്റെ സമഗ്ര വികസനത്തിനുതകുന്ന സിൽവർ ലൈൻ പോലുള്ള പുതിയ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു. റോഡ്, റെയിൽ, ജലപാതകളുടെ വികസനം, തുറമുഖ പദ്ധതികൾ, ഊർജപദ്ധതികൾ, ടൂറിസം വികസനം, ഡിജിറ്റൽ പശ്ചാത്തല സൗകര്യ വികസനം, സാംസ്കാരിക സമ്പത്തിന്റെ വീണ്ടെടുപ്പും സംരക്ഷണവും തുടങ്ങി സമസ്തമേഖലകളെയും ഉൾക്കൊള്ളുന്ന അഭിമാനപദ്ധതികളാണ് യാഥാർഥ്യമാവുന്നത്**





# ദേശീയപാതാ വികസനം

കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ റോഡ് വികസന പദ്ധതിയാണ് ദേശീയപാതാ വികസനം. കേരളത്തിൽ ഒരു കാലത്തും നടപ്പാക്കാനാവില്ലെന്ന് പലരും കരുതിയ ഈ പദ്ധതിയിലൂടെ ദേശീയപാത-66 പൂർണമായും 45 മീറ്റർ വീതിയിൽ ആറുവരിയാകുകയാണ്. ദ്രുതഗതിയിൽ നടക്കുന്ന നിർമ്മാണം പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ റോഡ് ഗതാഗതം കൂടുതൽ സുഗമവും സുരക്ഷിതവുമാകും. മഹാരാഷ്ട്രയിലെ പനവേലിൽ തുടങ്ങി തമിഴ്നാട്ടിലെ കന്യാകുമാരിയിൽ അവസാനിക്കുന്ന 1622 കിലോമീറ്റർ പാതയിൽ കാസർകോട് തലപ്പാടി മുതൽ തിരുവനന്തപുരം കാരോട് വരെ 600 കിലോമീറ്ററാണ് കേരളത്തിലുള്ളത്. ആകെയുള്ള ദൈർഘ്യത്തെ 20 റീച്ചുകളായി തിരിച്ചാണ് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ദേശീയപാതാ നിർമ്മാണം പുരോഗമിക്കുന്നത്. 57,878 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ സ്ഥലമേറ്റെടുപ്പിന്റെ 25 ശതമാനം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതനുസരിച്ച് ആറു വർഷത്തിനിടെ കേരളം ദേശീയപാതാ അതോറിറ്റിക്ക് 4085 കോടി രൂപ നൽകിക്കഴിഞ്ഞു. ദേശീയപാതാ അതോറിറ്റി, കിഫ്ബി, സംസ്ഥാന സർക്കാർ എന്നീ ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണിത്. സ്ഥലം ഏറ്റെടുക്കുന്നതിന് 25 ശതമാനം തുക നൽകുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. മറ്റു സംസ്ഥാനങ്ങളിൽ മുഴുവൻ തുകയും ദേശീയപാതാ അതോറിറ്റിയാണ് വഹിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാർ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് മാന്യമായ നഷ്ടപരിഹാരവും പുനഃരധിവാസ പാക്കേജുകളും പ്രഖ്യാപിച്ചതോടെയാണ് ദേശീയ പാത വികസനപ്രവൃത്തികൾ സാധ്യമായത്.

---



# സിൽവർലൈൻ

വാഹനപ്പെരുപ്പവും ഗതാഗതക്കുരുക്കും കൊണ്ട് ശ്വാസം മുട്ടുന്ന കേരളത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേക്ക് നാലു മണിക്കൂറിൽ എത്തിച്ചേരാൻ കഴിയുന്ന അർദ്ധ അതിവേഗ റെയിൽവേയാണ് സിൽവർലൈൻ. ഇപ്പോൾ ഈ ദൂരം താണ്ടാൻ 16 മണിക്കൂർ വരെ എടുക്കുന്ന അവസ്ഥയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 530 കിലോമീറ്റർ നീളുന്ന പാതയാണ് സിൽവർ ലൈനിനായി നിർമ്മിക്കുന്നത്.

സിൽവർലൈൻ പദ്ധതി സമ്പൂർണ പരിസ്ഥിതി സൗഹൃദ ഹരിത പദ്ധതിയാണ്. ഏറ്റവും കുറഞ്ഞ കാർബൺ ബഹിർഗമനം മാത്രമാണ് പദ്ധതി മുഖേന ഉണ്ടാവുക . ഇതിലൂടെ 2025ൽ ഏകദേശം 2,80,000 ടൺ കാർബൺ നിർമാർജ്ജനം ചെയ്യാൻ കഴിയും. സിൽവർലൈനിൽ 80,000ത്തോളം യാത്രക്കാരെയാണ് ഒരു ദിവസം പ്രതീക്ഷിക്കുന്നത്. നിലവിലെ നിരക്ക് അനുസരിച്ച് കാറിൽ കിലോമീറ്ററിന് പത്ത് രൂപ യിലേറെ ചെലവു വരുമ്പോൾ, സിൽവർലൈനിൽ കിലോമീറ്ററിന് 2.75 രൂപയേ ചെലവു വരികയുള്ളൂ.

ഭൂമി ഏറ്റെടുക്കുന്നതിനു മുന്നോടിയായുള്ള സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. 63941 കോടി രൂപയാണ് സിൽവർലൈൻ പദ്ധതിക്കായി സർക്കാർ പ്രതീക്ഷിക്കുന്ന ചെലവ്. സിൽവർ ലൈനിന്റെ ഡി.പി.ആർ പ്രകാരം വായ്പാ തിരിച്ചടവ് പദ്ധതിയുടെ വരുമാനത്തിൽ നിന്നുതന്നെ സാധ്യമാണ്. 2025ൽ ഈ പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആഗോള ടെൻഡറിലൂടെയാണ് നിർമാണകമ്പനികളെ കണ്ടെത്തുന്നത്. 10 ജില്ലാ ആസ്ഥാനങ്ങളിലായി 11 സ്റ്റോപ്പുകൾ ഉണ്ടാവും. സിൽവർലൈനിലൂടെ സംസ്ഥാനത്തിനുള്ളിലെ യാത്രാസമയം നാലിൽ ഒന്നായി ചുരുങ്ങുന്നതിനാൽ, ബിസിനസ്, സാങ്കേതിക- ടൂറിസം മേഖലകളിൽ ഉൾപ്പെടെ സംസ്ഥാനത്തിന് മികച്ച നേട്ടം ഉറപ്പാക്കാനാകും.

# വിഴിഞ്ഞം പദ്ധതി



പ്രതിസന്ധികളെല്ലാം തരണം ചെയ്ത് കേരളത്തിന്റെ അഭിമാനപദ്ധതിയായ വിഴിഞ്ഞം തുറമുഖം ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വകാര്യപങ്കാളിയായ അദാനി കമ്പനിയുമായി ചേർന്ന് സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരികയാണ്. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിജയം കണ്ടിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ഭൂമി, ജലം, വൈദ്യുതി, അപ്രോച്ച് റോഡ്, റെയിൽ കണക്റ്റിവിറ്റി എന്നിവ നൽകേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഇതിൽ 97% ഭൂമിയും ലഭ്യമാക്കി. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

# ഔട്ടർ റിങ്ങ് റോഡ് പദ്ധതി



തലസ്ഥാനത്ത് വിഴിഞ്ഞം ബൈപ്പാസു മുതൽ നാവായിക്കുളം വരെ 78.894 കി.മീ.നീളത്തിലും 70 മീറ്റർ വീതിയിലുമുള്ള ഔട്ടർ റിംഗ് റോഡും കണ്ണൂർ നഗര പാത വികസന പദ്ധതിപ്രകാരം 401.467 കോടി രൂപ യുടെ വികസനവും ആലപ്പുഴ നഗരത്തിലെ 21 റോഡുകളിലായി 47 കിലോമീറ്റർ നവീകരണവുമാണ് നഗരപാതാ വികസന പദ്ധതിയിലൂടെ നടക്കുന്നത്. ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള നിർമ്മാണം നഗരങ്ങളിൽ പുരോഗമിക്കുകയാണ് തലസ്ഥാനത്ത് വിഴിഞ്ഞം ബൈപ്പാസു മുതൽ നാവായിക്കുളം വരെ 78.894 കി.മീ.നീളത്തിലും 70 മീറ്റർ വീതിയിലുമുള്ള ഔട്ടർ റിംഗ് റോഡും കണ്ണൂർ നഗര പാത വികസന പദ്ധതി പ്രകാരം 401.467 കോടി രൂപയുടെ വികസനവും ആലപ്പുഴ നഗരത്തിലെ 21 റോഡുകളിലായി 47 കിലോമീറ്റർ നവീകരണവുമാണ് നഗരപാതാ വികസന പദ്ധതിയിലൂടെ നടക്കുന്നത്. ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള നിർമ്മാണം നഗരങ്ങളിൽ പുരോഗമിക്കുകയാണ്.

# തീരദേശ ഹൈവേ



തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അന്തർദേശീയ നിലവാരത്തിൽ സെക്കിൾപാതയോടു കൂടിയ വിശാലപാതാ നിർമ്മാണമാണ് തീരദേശ ഹൈവേ പദ്ധതി. തിരുവനന്തപുരം പൂവാർ മുതൽ കാസർഗോഡ് കുഞ്ചത്തൂർ വരെ 14 മീറ്റർ വീതിയിലുള്ള പാതയുടെ നിർമ്മാണത്തിന് 6500 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഒൻപതു ജില്ലകളിലൂടെയാണ് ഈ ബൃഹത്തായ പദ്ധതി കടന്നുപോകുന്നത്. വല്ലാർപ്പാടം, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളെയും നിരവധി ചെറിയ തുറമുഖങ്ങളേയും ബന്ധിപ്പിക്കുന്നതാണ് തീരദേശ ഹൈവേ. 14 മീറ്റർ വീതിയിലാണ് പാതയുടെ നിർമ്മാണം. 625 കിലോ മീറ്റർ വരുന്ന തീരപാതയിൽ ബസ് ബേകൾ, നടപ്പാത, സൈക്കിൾ ട്രാക്ക് എന്നിവ ഉൾപ്പെടുന്നുണ്ട്.

മലയോരമില്ലാത്ത ആലപ്പുഴ ഒഴികെ സംസ്ഥാനത്തെ തെക്ക്-വടക്ക് മലയോര പ്രദേശങ്ങളെ കോർത്തിണക്കുന്ന സ്വപ്നപദ്ധതിയാണ് മലയോര ഹൈവേ. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പദവിൽ നിന്നും ആരംഭിക്കുന്ന ഈ പാത തിരുവനന്തപുരം ജില്ലയിലെ വിതുര-പാറശ്ശാലയിലാണ് അവസാനിക്കുന്നത്. 1251 കിലോമീറ്റർ നീളമുള്ള ഹിൽ ഹൈവേയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

നന്ദാരപ്പദവ് -ചേവാർ, കണ്ണൂർ ജില്ലയിലെ ചെറുപുഴ -വള്ളിത്തോട് ,കൊല്ലത്തെ പുനലൂർ കെ. എസ്. ആർ. ടി. സി. ജംഗ്ഷൻ -ചല്ലിമുക്ക് തുടങ്ങി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഇതിനകം ഈ പാത യാഥാർഥ്യമായിക്കഴിഞ്ഞു.







തെക്ക് കോവളം മുതൽ വടക്ക് ഹോസ്ദുർഗ് വരെ 590 കി.മീറ്ററിൽ നദികളേയും കായലുകളേയും ബന്ധിപ്പിച്ചുകൊണ്ടും അവയില്ലാത്ത സ്ഥലങ്ങളിൽ കനാലുകളിലൂടേയും ഗതാഗതം സാധ്യമാക്കിയും ജലപാതയൊരുക്കുകയാണ് കേരളം. മുഴുവൻ ജലപാതയും ദേശീയ ജലപാതാ നിലവാരത്തിലെത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഏറ്റവും കുറഞ്ഞത് 40 മീറ്റർ വീതിയും 2.2 മീറ്റർ ആഴവുമുള്ള തെക്കു-വടക്ക് ജലപാത 2025 ഓടെ പൂർത്തിയാകും. മൂന്ന് ഘട്ടങ്ങളും പൂർത്തിയാകുന്നതോടെ വെസ്റ്റ് കോസ്റ്റ് കനാൽ ലോകത്തിലെ തന്നെ ഏറ്റവും വലിയ മനുഷ്യനിർമിത ജലപാതകളിൽ ഒന്നായി മാറും. കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മി നീളത്തിലുള്ള ജലപാത ഉപയോഗക്ഷമമായിക്കഴിഞ്ഞു.

## കെ – ഫോൺ

KFON
INTERNET - A BASIC RIGHT

സംസ്ഥാനത്തെ ഡിജിറ്റൽ പശ്ചാത്തലസൗകര്യസേവനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് കെ ഫോൺ. കേരളമാകെ സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ഏഴ് ജില്ലകളിലെ 300 ലധികം സർക്കാർ ഓഫീസുകളിൽ ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ സേവനം നൽകി വരുന്നുണ്ട്. ബാക്കി ജില്ലകളിലും വൈകാതെ കെ -ഫോൺ സേവനം യാഥാർഥ്യമാകും. 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും നെറ്റ് കണക്ഷൻ ലഭ്യമാക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ (കെ.എസ്.ഇ.ബി) വിതരണ-അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നത്. 1548.08 കോടി രൂപയാണ് പദ്ധതിച്ചെലവായി പ്രതീക്ഷിക്കുന്നത്.

# റവന്യൂ ഓഫീസുകൾ ജനസൗഹൃദ കേന്ദ്രങ്ങൾ

**കെ. രാജൻ**
റവന്യൂ വകുപ്പ് മന്ത്രി

**റവന്യൂ വകുപ്പിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ എങ്ങനെയാണ് വിലയിരുത്തുന്നത് ?**

സാധാരണക്കാർ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്നത് റവന്യൂ വകുപ്പുമായാണ്. അതുകൊണ്ടു തന്നെ വില്ലേജ് ഓഫീസുകൾ മുതലുള്ള റവന്യൂ ഓഫീസുകളെ കൂടുതൽ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പ്രധാന ദൗത്യമായി കണ്ടത്. അതിനായി റവന്യൂ വകുപ്പിന്റെ പ്രവർത്തന ശൈലിയിൽ അടിമുടി മാറ്റം വരുത്താനാണ് ശ്രമിച്ചു വരുന്നത്. റവന്യൂ സെക്രട്ടേറിയറ്റ് എന്ന സംവിധാനത്തിന് രൂപം കൊടുത്തതും വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ഊർജസ്വലമാക്കിയതും ഇതിന്റെ ഭാഗമായാണ്. നൂതന പദ്ധതികൾക്ക് തുടക്കം കുറിച്ചും അവ വിജയകരമായി നടപ്പിലാക്കിയുമാണ് റവന്യൂ വകുപ്പ് മുന്നേറുന്നത്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിയ്ക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിലാണ് വകുപ്പ് മുന്നേറുന്നത്.



**സ്വന്തമായി ഒരു തുണ്ടു ഭൂമി എന്ന സാധാരണക്കാരന്റെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ നടത്തിയ ഇടപെടലുകൾ വിശദീകരിക്കാമോ?**

സ്വന്തം ഭൂമിയെന്ന എല്ലാ കേരളീയന്റേയും സ്വപ്നം സാക്ഷാത്കരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഥമ ലക്ഷ്യം. നിലവിൽ ഭൂമി കൈവശം വെച്ചിരിക്കുന്നവർക്ക് പട്ടയം നൽകുക മാത്രമല്ല അതിലൂടെ ഉദ്ദേശിക്കുന്നത്. ഭൂരഹിതരായ സമൂഹത്തിന്റെ പിന്നണിയിൽ കഴിയുന്നവരെ ഭൂമിയുടെ അവകാശികൾ ആക്കുക എന്നതാണ്.

ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ 1,71,000 പട്ടയങ്ങളാണ് വിതരണം ചെയ്തത്. നിലവിലുള്ള സർക്കാരിന്റെ ആദ്യ നൂറു ദിവസങ്ങൾക്കുള്ളിൽ 13,534 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു. ഒരു വർഷം തികയുമ്പോൾ അത് അമ്പതിനായിരത്തിന് മുകളിൽ ആവുമെന്നാണ് പ്രതീക്ഷ. മെയ് മാസത്തിനകം 39 പട്ടയ മേളകളാണ് നടക്കാൻ പോകുന്നത്.

**അധിക ഭൂമി കൈവശം വയ്ക്കുന്നവരെ കണ്ടെത്തേണ്ടതല്ലേ?**

തീർച്ചയായും. അധിക ഭൂമി കൈവശം വയ്ക്കുന്നവരെ കണ്ടെത്തുന്നതിനായി ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന സംവിധാനം നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് സർക്കാർ. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു സംവിധാനം നടപ്പിലാക്കുന്നത്. രണ്ടാം ഭൂപരിഷ്കരണ നിയമമായി ഇതിനെ തുലനം ചെയ്യാവുന്നതാണ്. അധിക ഭൂമി കണ്ടെത്താനും മിച്ചഭൂമി കേസുകൾ തീർപ്പാക്കാനും കഴിഞ്ഞാൽ ഭൂരഹിതരായ വലിയൊരു വിഭാഗത്തിന് ഭൂമി നൽകാൻ കഴിയും. ഇതെല്ലാം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു സമഗ്രമായ ഭൂനയത്തിന് സർക്കാർ ലക്ഷ്യം വെക്കുകയാണ്.

**എല്ലാ ഭൂമിക്കും രേഖ എന്നത് എളുപ്പത്തിൽ സാധ്യമാകുമോ?**

എല്ലാ ഭൂമിക്കും രേഖ എന്നത് ഏറെ പ്രധാനപ്പെട്ട ഒരു കാഴ്ചപ്പാടാണ്. ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ ഇത് സാധ്യമാകൂ. കേരളത്തിൽ റീ-സർവ്വെ നടപടികൾ തുടങ്ങിയിട്ട് അഞ്ചര പതിറ്റാണ്ട് പിന്നിടുകയാണ്. അറുപതു ശതമാനം സർവ്വെ പോലും ഇനിയും പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ടാണ് അത്യാധുനിക ഡിജിറ്റൽ സംവിധാനങ്ങൾ



ജനജീവിതവുമായി അടുത്തബന്ധം പുലർത്തുന്ന റവന്യൂ വകുപ്പ് സമഗ്രപരിവർത്തനത്തിന്റെ പാതയിലാണ് . വില്ലേജ് ഓഫീസുകളെ സ്മാർട്ടാക്കിയും സേവനങ്ങൾ ഓൺലൈനാക്കിയും ഭരണനിർവഹണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കികഴിഞ്ഞു. സർക്കാർ ഓഫീസുകൾ ആധുനികതയുടെ മുഖവുമായി ജനങ്ങളെ സ്വീകരിക്കുമ്പോൾ ആയിരക്കണക്കിന് പട്ടയങ്ങൾ നൽകിയും എല്ലാവർക്കും ഭൂമിയും എല്ലാ ഭൂമിക്കും രേഖ ഉറപ്പാക്കിയും റവന്യൂ വകുപ്പ് രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ  ജനപക്ഷമുന്നേറ്റത്തിന് പുതു ചരിത്രമെഴുതുകയാണ്



ഉപയോഗിച്ച് നാലു വർഷം കൊണ്ട് കേരളം മുഴുവനും അളന്ന് അതിർത്തി തിരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. ഇതിനകം ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ 116 വില്ലേജുകൾ ഒഴിച്ചുള്ള 1550 വില്ലേജുകളിലും ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ റീ-സർവ്വെ നടത്താനാണ് ഉദ്ദേശിക്കുന്നത്.

### വില്ലേജ് ഓഫീസുകളുടെ മുഖം മാറ്റവും സാധ്യമാകുമോ ?

വില്ലേജ് ഓഫീസുകളുടെ എല്ലാ സേവനങ്ങളും സ്മാർട്ട് ആക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ ഓഫീസുകളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അവയെ നവീകരിക്കാനും ആധുനികവത്ക്കരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ആദ്യപടിയായി എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കാൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഒരു വർഷക്കാലയളവിനുള്ളിൽ 500 വില്ലേജ് ഓഫീസുകൾ  സ്മാർട്ട് ആക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനൊപ്പം സംസ്ഥാനത്തെ മുഴുവൻ റവന്യൂ സംവിധാനങ്ങളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികളും ത്വരിതഗതിയിൽ മുന്നേറുകയാണ്. റവന്യൂ വകുപ്പ് നൽകുന്ന ഭൂരിഭാഗം സേവനങ്ങളും ഓൺലൈനിലേക്ക് മാറിക്കഴിഞ്ഞു. നികുതി ഒടുക്കാനും സർട്ടിഫിക്കറ്റുകൾ ലഭിക്കാനും പൊതുജനങ്ങൾക്ക് ഇപ്പോൾ വില്ലേജ് ഓഫീസുകൾ കയറിയിറങ്ങേണ്ടതില്ല. മൊബൈൽ ഫോൺ വഴിയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ മിക്ക സേവനങ്ങളും ലഭ്യമാണ്.

### ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ?

റവന്യൂ വകുപ്പിന് കീഴിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനായി സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസുകൾ വരെ ഫയൽ അദാലത്ത് സംഘടിപ്പിച്ചു.

സെക്രട്ടേറിയറ്റിലെ ഫയൽ അദാലത്ത് സെപ്റ്റംബറിലും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒക്ടോബറിലും, താലൂക്ക് തലത്തിൽ നവംബറിലും പൂർത്തിയാക്കി. വില്ലേജ് തലത്തിൽ അദാലത്തുകൾ നടന്നു കൊണ്ടിരിക്കുന്നു.

### പ്രളയവും പ്രകൃതി ദുരന്തങ്ങളും ആവർത്തിക്കുമ്പോൾ അവയെ നേരിടാൻ ജനങ്ങളെ പ്രാപ്തരാക്കേണ്ടതല്ലേ?



കാലാവസ്ഥാ വ്യതിയാനം ആഗോള തലത്തിൽ തന്നെ ദുരന്തങ്ങൾ വാരിവിതറുകയാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനുള്ളിൽ നമ്മുടെ സംസ്ഥാനവും ഏറെ ദുരന്തങ്ങൾ നേരിട്ടു. പ്രളയമായും കൊടുങ്കാറ്റായും വരൾച്ചയായും കടലേറ്റമായും ദുരന്തങ്ങൾ ഒന്നിനുപുറകെ ഒന്നായി നമ്മെ വേട്ടയാടി. ഇത്തരമൊരു സാഹചര്യത്തിലാണ് ദുരന്തങ്ങളെ നേരിടുന്നതിനും പ്രതിരോധിക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കാൻ റവന്യൂ വകുപ്പ് മുൻകൈ എടുക്കുന്നത്. ദുരന്തങ്ങളെ നിയന്ത്രിക്കാനാവില്ലെങ്കിലും അതുവഴി ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. അതിജീവനക്ഷമതയുള്ള കേരളം എന്നതാണ് ലക്ഷ്യം. ഇതിന് സമൂഹത്തെ പരുവപ്പെടുത്തി എടുക്കുന്നതിനായി സർക്കാർ ദുരന്ത നിവാരണ സാക്ഷരതാ യജ്ഞം തുടങ്ങുകയാണ്. അതിനൊപ്പം വിദ്യാർഥികളേയും യുവാക്കളേയും ഉൾക്കൊള്ളിച്ചുള്ള ഒരു ദ്രുതകർമ്മസേനയും രൂപവത്കരിക്കാൻ ഒരുങ്ങുകയാണ്.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ ലളിതവും സുതാര്യവും ആക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു.
- നൂറു ദിനങ്ങൾക്കുള്ളിൽ തന്നെ 13,500 പേർക്ക് പട്ടയം നൽകി. റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാൻ നടപടികൾ സ്വീകരിച്ചു. ഭൂനികുതി ഉൾപ്പെടെ ബഹുഭൂരിഭാഗം സേവനങ്ങളും ഓൺലൈൻ ആക്കി.
- ലൊക്കേഷൻ മാപ്പ് ഫീസ്, കർഷകത്തൊഴിലാളി ക്ഷേമനിധി വിഹിതം, തണ്ടപ്പേർ പകർപ്പ് ഫീസ്, സർവ്വെ മാപ്പ് ഫീസ് എന്നിവ മൊബൈൽ വഴി ഒടുക്കാൻ സംവിധാനമൊരുക്കി. 1,666 വില്ലേജുകൾക്കും പ്രത്യേകം ഔദ്യോഗിക വെബ് സൈറ്റുകൾ, നവീകരിച്ച ഇ-പേയ്മെന്റ് പോർട്ടൽ, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മൊഡ്യൂൾ എന്നിവയും പ്രവർത്തന സജ്ജമാക്കി.
- ആത്മസമർപ്പണത്തോടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രചോദനമായി റവന്യൂ അവാർഡുകൾ ഏർപ്പെടുത്തി. വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം നിലവിൽ വന്നു. ഫയൽ അദാലത്തുകൾ ആരംഭിച്ചു.
- ജില്ലാ റവന്യൂ അസംബ്ളി സംവിധാനം പ്രവർത്തനക്ഷമമാക്കി. ജനപ്രതിനിധികൾ ഉന്നയിച്ച വിഷയങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ തരംതിരിച്ച് ഡാഷ് ബോർഡ് തയ്യാറാക്കി.
- ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റി. അപേക്ഷകളിൻമേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ശേഷിക്കുന്ന അപേക്ഷകളുടെ വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിക്കാൻ നടപടികൾ സ്വീകരിച്ചു.



- ദുരന്ത നിവാരണ സാക്ഷരത പ്രവർത്തനങ്ങൾക്കായി സന്നദ്ധ പ്രവർത്തകർ, എൻ ജി ഒ കൾ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാർഥികൾ, സർവ്വീസ് സംഘടനകൾ, ക്ലബ്ബുകൾ, വായന ശാലകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയവ ഏകോപിപ്പിക്കുന്ന നടപടികൾക്ക് തുടക്കമിട്ടു. ■

# തീരങ്ങൾക്ക് സംരക്ഷണം നാട്ടിലെങ്ങും ശുദ്ധജലം



**ഗ്രാമീണമേഖലയിൽ പൈപ്പിലൂടെ ശുദ്ധജലം ഉറപ്പാക്കിയതുൾപ്പെടെ കാര്യക്ഷമവും സമൃദ്ധവും സുരക്ഷിതവുമായ ജലവിതരണം യാഥാർഥ്യമാക്കി ജലവിഭവവകുപ്പ് മുന്നേറുകയാണ്. കുടിവെള്ളം മുട്ടാതെ, കൃഷിയിടങ്ങൾ വരളാതെ, മണ്ണിനെയും മനുഷ്യനെയും ചേർത്തുപിടിച്ചു മുന്നേറിയ ഒരു വർഷത്തെ നേട്ടങ്ങളിലേക്ക്**

## റോഷി അഗസ്റ്റിൻ
ജലവിഭവ വകുപ്പ് മന്ത്രി

**വരൾച്ചയും പ്രളയവും നേരിടേണ്ടി വരാതെ കടന്നുപോയ ഒരു വർഷത്തെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?**

ചുമതലയേറ്റ് ചുരുങ്ങിയ കാലയളവിൽ തന്നെ അഭിമാനകരമായ നേട്ടങ്ങളുമായി തിളക്കമാർന്ന തുടക്കമാണ് ജലവിഭവ വകുപ്പിന്റേത്. കേരളത്തിന്റെ സമസ്ത മേഖലകളിലും സമഗ്രമായി ഗുണഫലങ്ങൾ സൃഷ്ടിക്കുന്ന നേട്ടങ്ങൾ സൃഷ്ടിക്കാനും വലിയ പശ്ചാത്തല സൗകര്യ വികസനത്തിലേക്കു നയിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തന പാതയിലേക്കു നയിക്കാനും സർക്കാരിനു കഴിഞ്ഞു. രണ്ടാമത്തെ നൂറുദിന പദ്ധതിയും വിജയകരമായി പൂർത്തിയാക്കിയിരിക്കുകയാണ്.

**നഗര ഗ്രാമ ഭേദമെന്യേ ജനങ്ങൾക്കു ശുദ്ധജലം നൽകാനുള്ള പ്രവർത്തനങ്ങളും തീര സംരക്ഷണ പ്രവർത്തനങ്ങളും സാധ്യമാക്കാൻ കഴിയുന്നുണ്ടോ ?**

കേരളത്തിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും പൈപ്പ് വഴി ശുദ്ധജലം എത്തിക്കുന്നതിനുള്ള ജലജീവൻ മിഷനും മൈക്രോ ഇറിഗേഷൻ പദ്ധതിയും കടൽത്തീരസംരക്ഷണം അടക്കമുള്ള പ്രവർത്തനങ്ങളും ഒരേ പ്രാധാന്യത്തോടെയാണ് ജലവിഭവ വകുപ്പ് നടപ്പിലാക്കുന്നത്. അതിനായി കുറഞ്ഞ കാലയളവിൽ ഒട്ടനവധി പദ്ധതികൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. ചെല്ലാനം തീരസംരക്ഷണത്തിനുള്ള 344 കോടി രൂപ യുടെ പദ്ധതി മുതൽ കെ എം മാണിയുടെ പേരിലുള്ള ഊർജിത സാമൂഹിക മൈക്രോ ഇറിഗേഷൻ പദ്ധതി വരെ നീളുന്ന പ്രവർത്തനങ്ങൾ അതിലുണ്ട്.

**തീര സംരക്ഷണത്തിന് സർക്കാർ പ്രാധാന്യം നൽകുന്നത് എന്തുകൊണ്ടാണ് ?**

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതുകൊണ്ടുതന്നെ തീരസംരക്ഷണത്തിനായി സർക്കാർ ഏകദേശം 5000 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ ചെല്ലാനം പഞ്ചായത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനും കടൽ കയറ്റത്തിനും തീരശോഷണത്തിനു പരിഹാരം കാണുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഈ തരത്തിൽ അഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 65 കിലോമീറ്റർ തീരം സംരക്ഷിക്കാനുള്ള നടപടികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന സംസ്ഥാനത്തെ പത്ത് ഹോട്ട്സ്പോട്ടുകളിൽ ആദ്യ ഘട്ട നിർമ്മാണവും ഈ വർഷം ആരംഭിക്കുകയാണ്.

**ചെല്ലാനത്തെ കടലേറ്റത്തിനുള്ള ശാശ്വത പരിഹാരമാണോ സർക്കാർ ലക്ഷ്യമിടുന്നത് ?**

അതെ. ജലസേചന വകുപ്പ് കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി അനുസരിച്ച് തീരദേശത്ത് ടെട്രാപോഡുകൾ, ജിയോട്യൂബുകൾ എന്നിവ ഉപയോഗിച്ച് പ്രതിരോധം തീർക്കും. അതിനൊപ്പം ചെല്ലാനത്തെ സമഗ്രപുരോഗതി കൂടി സർക്കാർ ഉറപ്പാക്കുകയാണ്. കടലേറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനൊപ്പം സംസ്ഥാനത്തെ ആദ്യ മത്സ്യ ഗ്രാമം പദ്ധതിയും ചെല്ലാനത്ത് നടപ്പിലാക്കും. ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ടൂറിസം കേന്ദ്രം സ്ഥാപിക്കും.

**ചെല്ലാനത്തെ കടലേറ്റം പോലെ പരിഹരിക്കേണ്ട വിഷയമല്ലേ കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും നദികളുടെ തീരങ്ങളിലും സ്ഥിരമായി ഉണ്ടാകുന്ന പ്രളയവും ?**

തോട്ടപ്പള്ളി ഹാർബറിൽ നിന്നും അധികമായി അടിഞ്ഞു കൂടിയ മണൽ രൂക്ഷമായ പ്രളയമാണ് കുട്ടനാട്ടിൽ സൃഷ്ടിച്ചു കൊണ്ടിരുന്നത്. ഏകദേശം രണ്ടേകാൽ ലക്ഷത്തോളം ക്യൂബിക് മീറ്റർ മണ്ണ് തീവ്രയത്നത്തിലൂടെ മാറ്റി കടലിലേക്കും തിരിച്ചും ഉള്ള നീരൊഴുക്ക് സുഗമമാക്കി. അവിടെ നിന്നും ലഭിച്ച മണ്ണിൽ നിന്നും വിലയേറിയ ധാതുക്കൾ വേർതിരിച്ച് ഉപയോഗിക്കാൻ സാധിക്കും. പല പ്രദേശങ്ങളിലും പ്രളയത്തെ തുടർന്ന് നദികളുടെ നീരൊഴുക്കും ഗതിയും മാറി കരകൾ നശിച്ചിരുന്നു. ഇതു പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ 44 നദികളുടെയും ചുമതല ഓരോ എക്സിക്യൂട്ടീവ് എൻജിനീയർക്ക് വീതം നൽകി. നദികളിലെ എക്കലും മറ്റു തടസ്സങ്ങളും നീക്കം ചെയ്യാനുള്ള പ്രവൃത്തികൾക്ക് അവർ നേതൃത്വം നൽകി വരികയാണ്. വർഷങ്ങൾക്ക് ശേഷമാണ് ഇത്തരമൊരു നടപടി വകുപ്പ് തലത്തിൽ സ്വീകരിക്കുന്നത്.

**ജലജീവൻ മിഷൻ 2024 ൽ പൂർത്തിയാക്കുമോ?**

ഗ്രാമീണ മേഖലയിൽ എല്ലാവർക്കും പൈപ്പിലൂടെ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള ജലജീവൻ മിഷൻ 2024 ൽ പൂർത്തിയാക്കുകയെന്ന വലിയ ലക്ഷ്യം സാധ്യമാക്കാനാണ് സർക്കാർ കൂടുതൽ ശ്രദ്ധ നൽകുന്നത്. കേരളത്തിൽ ആകെ 67.15 ലക്ഷം ഗ്രാമീണ വീടുകളാണുള്ളത്. 2020-21 ൽ രണ്ടു ഘട്ടങ്ങളിലായി ജില്ലാ ജലശുചിത്വ മിഷനുകൾ അംഗീകരിച്ചു നൽകിയ 21.64 ലക്ഷം കണക്ഷനുകൾ നൽകുവാനും അനുബന്ധ പ്രവൃത്തികൾക്കുമായി 6765.25 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകാനും സാധിച്ചിട്ടുണ്ട്. 2021-22 ലാകട്ടെ 25.50 ലക്ഷം കണക്ഷനുകൾ നൽകാനും അനുബന്ധ പ്രവൃത്തികൾക്കായി 25024.45 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകാനും സാധിച്ചു.

**കാർഷികമേഖലയിൽ ജലസമൃദ്ധി ഉറപ്പാക്കാൻ സാധിക്കേണ്ടതല്ലേ ?**

ജലവിഭവ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനു പിന്നാലെ കാർഷിക മേഖലയ്ക്ക് ഊർജം പകരാൻ ലക്ഷ്യമിടുന്ന കെ.എം.മാണി ഊർജിത കാർഷിക

ജലസേചന പദ്ധതിയാണ് ആദ്യമായി പ്രഖ്യാപിച്ചത്. സർക്കാർ ഒരു വർഷം തികയുമ്പോൾ രണ്ടിടത്ത് പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിച്ചത് വലിയ അഭിമാനമായി കാണുകയാണ്. പാലക്കാട് ചിറ്റൂരും, കണ്ണൂരിൽ കരടിപ്പാറയിലുമാണ് പ്രാരംഭ ഘട്ടം തുടങ്ങിയിരിക്കുന്നത്.

**നൂറു ദിന കർമ്മ പദ്ധതികളുടെ പൂർത്തീകരണത്തെപ്പറ്റി?**

നൂറു ദിന കർമ്മ പദ്ധതിയിൽ 66 പദ്ധതികളാണ് പൂർത്തിയാക്കേണ്ടത്. ഇതിൽ അഞ്ചെണ്ണം പൂർത്തിയാക്കി. വയനാട്ടിലും തിരുവനന്തപുരത്തും തൃശൂരും ഓരോ പദ്ധതികൾ ഇതിനോടകം ഉദ്ഘാടനം ചെയ്തു. തൃശൂർ ജില്ലയിലെ രണ്ടു പദ്ധതികൾ ഉടൻ ഉദ്ഘാടനം നിർവഹിക്കും.

---

## വിജയമുദ്രകൾ മുന്നേറ്റങ്ങൾ


- ഭിന്നശേഷി കുട്ടികൾ ഉള്ള കുടുംബങ്ങൾക്കു സൗജന്യമായി കുടിവെള്ള കണക്ഷൻ നൽകാനുള്ള സ്നേഹതീർത്ഥം' പദ്ധതി ആരംഭിച്ചു.
- ബിൽ പേയ്മെന്റും പുതിയ കണക്ഷനുള്ള അപേക്ഷയും ഉൾപ്പടെയുള്ള സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.
- നാണ്യവിളകളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാൻ കൃഷിവകുപ്പ്, സഹകരണവകുപ്പ്, വൈദ്യുതി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഊർജിത സാമൂഹിക മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതിയുടെ ഭാഗമായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 3.10 കോടി രൂപ ചെലവിൽ കരടിപ്പാറ പദ്ധതി പൂർത്തിയാക്കി. മൂങ്കിൽ മട വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി, അത്തിച്ചാൽ എന്നിവിടങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- പ്രധാനപ്പെട്ട ഡാമുകളുടെ ഡീസിൽറ്റേഷൻ ഈ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളി ലൊന്നാണ്. മംഗലം ഡാമിലെ ഡീസിൽറ്റേഷൻ ആരംഭിച്ചുകഴിഞ്ഞു. ചുള്ളിയാർ, മീങ്കര ഉൾപ്പെടെ ഉടൻ തുടങ്ങും. ആർ.സി.ബികളിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇന്ത്യയിൽ തന്നെ ആദ്യത്തെ ഡാം ഡീസിൽറ്റേഷൻ ആണ് മംഗലം ഡാമിൽ നടക്കുന്നത്.



- ഉപഭോക്താവിന് സ്വയം വാട്ടർ ബിൽ റീഡിങ് നടത്താൻ സഹായിക്കുന്ന സെൽഫ് മീറ്റർ റീഡിങ് സംവിധാനം ആരംഭിച്ചു.
- ഉപഭോക്താവിന്റെ മൊബൈൽ നമ്പറിലേക്ക് എസ് എം എസായി ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് മീറ്ററിലെ റീഡിങ് രേഖപ്പെടുത്തുന്നതിനൊപ്പം ബിൽതുകയും ഈ പദ്ധതി പ്രകാരം ഓൺലൈനായി അടയ്ക്കാം.
- പുതിയ കണക്ഷൻ ലഭിക്കാൻ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ടാപ്പ് പദ്ധതി ആരംഭിച്ചു. ഒരു ഘട്ടത്തിൽ പോലും അപേക്ഷകർ ഓഫീസിൽ എത്തേണ്ടതില്ല എന്നതാണ് പദ്ധതിയുടെ സവിശേഷത.
- വിവരങ്ങൾക്ക് 1916 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം ഏർപ്പെടുത്തി.
- തിരുവനന്തപുരത്തെ സിവേജ് കണക്ഷൻ വർധിപ്പിക്കുന്നതിനുള്ള സർവേ നടത്തി. തുടർ നടപടികൾ ഉടൻ ആരംഭിക്കും.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അഞ്ച് എംഎൽഡി കപ്പാസിറ്റിയുടെ സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തിയാക്കി.
- ഗുരുവായൂരിൽ സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തിയാക്കി.
- തിരുവനന്തപുരത്തിന്റെ പ്രധാന കുടിവെള്ള സ്രോതസ്സായ അരുവിക്കര ഡാം ഡീസിൽറ്റേഷൻ ഉടൻ തുടങ്ങും.
- നദികളുടെ കൈവഴികളും കരകളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി നിരവധി ഇടങ്ങളിൽ സംരക്ഷണ ഭിത്തി അടക്കം നിർമിച്ചു.
- വരട്ടാർ നദിയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ബൃഹത്തായ പദ്ധതി ആവിഷ്കരിച്ചു. മണ്ണും എക്കലും നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കിയതടക്കം നിരവധി പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്.
- കേരളത്തിലെ തീരപ്രദേശങ്ങളിലെ തീരശോഷണം തടയാൻ സമഗ്രപദ്ധതി തയാറാക്കുന്നതിന്റെ ഭാഗമായുള്ള ശാസ്ത്രീയ പഠനത്തിന് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചുമായി ധാരണാപത്രം ഒപ്പിട്ടു. അഞ്ചു വർഷത്തിനുള്ളിൽ 5300 കോടി രൂപയുടെ പദ്ധതിയാണ് തീരദേശസംരക്ഷണ ത്തിനായി നടപ്പിലാക്കുന്നത്.
- കാർഷിക മേഖലയ്ക്ക് ഊർജം പകരാൻ ലക്ഷ്യമിടുന്ന കെ.എം.മാണി ഊർജിത കാർഷിക ജലസേചന പദ്ധതി ജലവിഭവ വകുപ്പിന്റെ പ്രധാന പദ്ധതികളിൽ ഒന്നാണ്. സർക്കാർ ഒരു വർഷം തികയുമ്പോൾ രണ്ടിടത്ത് പദ്ധതിക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. ഇതു വ്യാപകമാക്കാനുള്ള തീവ്രയത്നത്തിലാണ് വകുപ്പ്.
- തീരസംരക്ഷണത്തിനായി 344കോടി രൂപയുടെ പദ്ധതിയ്ക്ക് തുടക്കമിട്ടു. ഭിന്നശേഷികുട്ടികൾ ഉള്ള കുടുംബങ്ങൾക്കു സൗജന്യമായി കുടിവെള്ള കണക്ഷൻ നൽകാനുള്ള'സ്നേഹതീർത്ഥം' പദ്ധതി ആരംഭിച്ചു. ബിൽ പേയ്മെന്റും പുതിയ കണക്ഷനുള്ള അപേക്ഷയും ഉൾപ്പെടെ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ■



# ഊർജ സ്വയംപര്യാപ്തതയിലേക്ക് ഇച്ഛാശക്തിയോടെ



**ദശാബ്ദങ്ങൾക്കു ശേഷം ജലവൈദ്യുതോൽപ്പാദന രംഗത്തുൾപ്പെടെ പുത്തനുണർവ് ഉണ്ടാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു ആഭ്യന്തര വൈദ്യുതി ഉൽപ്പാദന ശേഷിയിൽ 156.16 മെഗാവാട്ടിന്റെ വർധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ 38.5 മെഗാവാട്ട് ശേഷിയുള്ള നാല് ജലവൈദ്യുത പദ്ധതികളും, 117.66 മെഗാവാട്ടിന്റെ സൗരോർജ പദ്ധതികളും ഉൾപ്പെടുന്നു**

## കെ.കൃഷ്ണൻകുട്ടി
വൈദ്യുതി വകുപ്പ് മന്ത്രി

### വൈദ്യുതി മേഖലയിൽ ഉൽപ്പാദനത്തിലുൾപ്പെടെ വിവിധ മേഖലകളിലെ മുന്നേറ്റത്തെ എങ്ങനെ വിലയിരുത്തുന്നു

കെ എസ് ഇ ബി 2021-22 സാമ്പത്തിക വർഷത്തിൽ ഏകദേശം 1400 കോടി രൂപ പ്രവർത്തന ലാഭം നേടിയതായാണ് കണക്കാക്കുന്നത്. കെ എസ് ഇ ബി എൽ കമ്പനിയായതിനു ശേഷമുള്ള ഏറ്റവും മികച്ച ലാഭമാണിത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ പ്രവർത്തനമികവിന്റെ തുടർച്ച, ജീവനക്കാരുടെ മികച്ച പ്രവർത്തനം, മികച്ച ഡാം മാനേജ്മെന്റ്, ആഭ്യന്തര വൈദ്യുതി ഉൽപ്പാദനത്തിലെ വർധനവ്, വൈദ്യുതി വാങ്ങൽ ചെലവ് കുറച്ചത്, ലോഡ് ഡിസ്പാച്ച് സെന്ററിന്റെ പ്രവർത്തനമികവ് തുടങ്ങി എല്ലാവരുടെയും ഒത്തൊരുമയോടുള്ള പ്രവർത്തനത്തിന്റെ ഫലമാണിത്.

ദശാബ്ദങ്ങൾക്ക് ശേഷം ജലവൈദ്യുതോൽപ്പാദന രംഗത്തുൾപ്പെടെ പുത്തനുണർവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര വൈദ്യുതി ഉൽപ്പാദനശേഷിയിൽ 156.16 മെഗാവാട്ടിന്റെ വർധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ 38.5 മെഗാവാട്ട് ശേഷിയുള്ള നാല് ജലവൈദ്യുത പദ്ധതികളും, 117.66 മെഗാവാട്ടിന്റെ സൗരോർജ പദ്ധതികളും ഉൾപ്പെടുന്നു. പുരപ്പുറ സൗരോർജ പദ്ധതിയായ ''സൗര''പദ്ധതിയിൽ 34.66 മെഗാവാട്ടിന്റെ 6668 സൗരോർജ പ്ലാന്റുകളും സൗരോർജ ഉത്പാദകർ വഴി 83 മെഗാവാട്ടിന്റെ സൗരോർജ പ്ലാന്റുകളും സംസ്ഥാനത്ത് സ്ഥാപിച്ചു കഴിഞ്ഞു. മാങ്കുളത്ത് 40 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.

തടസ്സരഹിത വൈദ്യുതി പ്രസരണത്തിന് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് 220 കെ വി സബ് സ്റ്റേഷനുകളും പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിന് നാല് 110 കെ വി സബ് സ്റ്റേഷനുകളും രണ്ട് 66 കെ വി സബ് സ്റ്റേഷനുകളും ഒരു 33 കെ വി സബ് സ്റ്റേഷനും കമ്മീഷൻ ചെയ്തു. ഇതിനു പുറമേ, മൂന്ന് 110 കെ വി സബ് സ്റ്റേഷനുകളുടെയും ഒരു 66 കെ വി സബ്സ്റ്റേഷൻ 110 കെ വി സബ് സ്റ്റേഷൻ ആക്കുന്നതിന്റെയും പ്രവർത്തനം ആരംഭിച്ചു.

വിതരണ മേഖലയിൽ ദ്യുതി പദ്ധതി പ്രകാരം, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 865.86 കോടി രൂപയുടെ പദ്ധതികളാണ് പൂർത്തിയാക്കിയത്. 2062 കി മീ എച്ച് റ്റി ലൈൻ, 3555 കി മീ എൽ റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും, 1971 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 324784 സർവീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ കെ എസ് ഇ ബിയുടെ തനതുഫണ്ടുപയോഗിച്ച് 23.12 കോടി രൂപ ചെലവഴിച്ച് 21461 ബി പി എൽ കുടുംബങ്ങൾക്ക് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

### സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിൽ എത്തിക്കുക സുപ്രധാനമല്ലേ?

പുനരുപയോഗ ഊർജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിൽ എത്തിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. 124 MW ശേഷിയുള്ള തോട്ടിയാർ (40 MW), ഭൂതത്താൻകെട്ട് (24 MW), പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW) എന്നീ മൂന്ന് ജല വൈദ്യുത പദ്ധതികൾ കൂടി ഈ വർഷം പൂർത്തിയാക്കും. ഇടുക്കി, മൂഴിയാർ പദ്ധതികളുടെ നിലവിലുള്ള ജലാശയം ഉപയോഗിച്ചുകൊണ്ട് രണ്ടാം നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനം ഈ സർക്കാരിന്റെ കാലത്ത് ആരംഭിക്കും. സൗരോർജ പദ്ധതികളിലൂടെ 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനവും ലക്ഷ്യമിടുന്നു. പ്രസരണ രംഗത്ത് കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ നീളുന്ന 400 കെ വി പവർ ഹൈവേയും പൂർത്തിയാക്കും.



പി എം കുസും പദ്ധതിയുടെ ഒന്നാം ഘടകത്തിൽ 40 MW ഉത്പാദിപ്പിക്കാനുള്ള അനുമതിയും മൂന്നാം ഘടകത്തിൽ 20000 പമ്പുകൾക്ക് ഫീഡർ തലത്തിലുള്ള സൗരോർജവത്കരണം നടപ്പിലാക്കാനുള്ള അനുമതിയും എം.എൻ.ആർ.ഇയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇത് കേരളത്തിലെ കോൾ നിലങ്ങളിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്നു.

### മന്ത്രിയെന്ന നിലയിൽ ഈ കാലയളവിലെ അഭിമാനാർഹമായ ചുവടുവയ്പ്പ് ?

നിർമ്മാണം മുടങ്ങി കിടന്ന ജല വൈദ്യുത പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞതും പുതിയ ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞതും അഭിമാനാർഹമായ ചുവടുവയ്പാണ്. പുരപ്പുറ സൗരോർജ പദ്ധതിയായ ''സൗര'' കൂടുതൽ സജീവമാക്കിയതും, കർഷകർക്ക് പ്രയോജനം ചെയ്യുന്ന പി എം കുസും മുഖേനയുള്ള പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞതും, വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകളുടെ ശൃംഖല സംസ്ഥാനമൊട്ടാകെ വളരെ വേഗം സ്ഥാപിക്കാൻ കഴിയുന്നതും ഏറെ അഭിമാനകരമാണ്.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- സൗജന്യമായി ബി പി എൽ ഉപഭോക്താക്കൾക്ക് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 200 മീറ്ററിൽ നിന്നും 250 മീറ്ററായി കൂട്ടി.
- 937 അങ്കണവാടികൾക്ക് വൈദ്യുതി ലഭ്യമാക്കി. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകി.
- 'സേവനങ്ങൾ വാതിൽപ്പടിയിൽ' പദ്ധതി കെ എസ് ഇ ബിയുടെ എല്ലാ സെക്ഷൻ ഓഫീസുകളിലേക്കും വ്യാപിപ്പിച്ചു.
- വൈദ്യുതി മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 4000 കോടി രൂപയിലധികം ചെലവിൽ വിതരണ ശൃംഖല നഷ്ടം കുറയ്ക്കുന്ന സാങ്കേതിക പരിപാടി.
- 8200 കോടി രൂപയോളം ചെലവിൽ മുൻകൂർ പണമടയ്ക്കുന്ന സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കാനും ലക്ഷ്യം.
- ഫിലമെന്റ് രഹിത കേരളം. പദ്ധതിയുടെ ഭാഗമായി 2.9 ലക്ഷം ഉപഭോക്താക്കൾക്ക് 20.08 ലക്ഷം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു.
- കെ എസ് ഇ ബി എല്ലിന്റെ നേതൃത്വത്തിൽ ഏഴും അനർട്ടിന്റെ നേതൃത്വത്തിൽ അഞ്ചും ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ പുതുതായി തുടങ്ങി. വിവിധ പദ്ധതികളിലായി 49 ചാർജിങ് സ്റ്റേഷനുകളുടെ നിർമാണം നടന്നുവരുന്നു. 2022 ജൂണിൽ പൂർത്തീകരിക്കും.
- വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി സ്ഥാപിക്കുവാൻ ലക്ഷ്യം.
- ഓട്ടോകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി വൈദ്യുതി വിതരണ പോളുകളിൽ ചാർജിങ് പോയിന്റുകൾ സ്ഥാപിക്കുന്നത് പുരോഗമിക്കുന്നു.




- കണ്ണൂർ ജില്ലയിലെ 89 പോൾ മൗണ്ടഡ് ചാർജിങ് പോയിന്റുകൾ പ്രവർത്തനം ആരംഭിച്ചു. ഇതുൾപ്പെടെ 1140 പോൾ മൗണ്ടഡ് ചാർജിങ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി 2022 ജൂലൈയിൽ പൂർത്തിയാക്കുക ലക്ഷ്യം.
- ഹരിതോർജ വികസനത്തിന്റെ ഭാഗമായി കേരള സർക്കാരും, ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററുമായി (CEIC) സഹകരിച്ച് കേരളത്തിൽ ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടു.
  - സൗര പദ്ധതിയിൽ 11.151 മെഗാവാട്ടിന്റെ 1651 സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു. സൗരോർജ പ്രോസ്യൂമറുകളിൽ നിന്ന് 39.39 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത നിലയത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചു.
  - പള്ളിവാസൽ ജലവൈദ്യുത പദ്ധതിയിൽ നിന്നും ഉത്പാദനം കഴിഞ്ഞെത്തുന്ന ജലം പമ്പ് ചെയ്തു വീണ്ടും വൈദ്യുതോൽപ്പാദനം നടത്തുന്നതിന് ഉപകരിക്കുന്ന പമ്പ് ഹൗസ് പ്രവർത്തനം ആരംഭിച്ചു. 800 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഇടുക്കി രണ്ടാം ഘട്ട പദ്ധതിയുടെ വിശദ പദ്ധതി രൂപരേഖ തയ്യാറാക്കി.
- പ്രസരണ മേഖലയിൽ എട്ട് സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. കുന്നമംഗലം 220 കെ.വി.സബ് സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷനുകളായ മങ്കട, മണ്ണുത്തി, പട്ടാമ്പി, വെണ്ണക്കര, നിലമ്പൂർ, എടക്കര എന്നിവയുടെയും മറയൂർ 33 കെ.വി സബ്സ്റ്റേഷന്റെയും നിർമ്മാണം പൂർത്തിയായി. ഇതിനോടൊപ്പം 143.62 കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും കൂട്ടിച്ചേർത്തു.
- ആലപ്പുഴ ജില്ലയിലെ മങ്കൊമ്പിൽ സ്ഥിതി ചെയ്യുന്ന കുട്ടനാട് 66 കെ.വി സബ്സ്റ്റേഷന്റെ ശേഷി



ഉയർത്തി 110 കെ.വി.സബ് സ്റ്റേഷൻ ആക്കുന്നതിനുള്ള നവീകരണ പദ്ധതി ആരംഭിച്ചു.

- കളമശ്ശേരി, കോതമംഗലം, ആലുവ, കലൂർ, ചാലക്കുടി, മാടക്കത്തറ, മഞ്ചേരി എന്നീ 220 കെ.വി സബ് സ്റ്റേഷനുകളിൽ സബ് സ്റ്റേഷൻ ഓട്ടോമേഷൻ സിസ്റ്റം സ്ഥാപിച്ചു.
- വിതരണമേഖലയിൽ ദ്യുതി പദ്ധതി പ്രകാരം, 429.09 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കി. 1010 കി. മീ. എച്ച് റ്റി ലൈൻ, 2266 കി. മീ. എൽ റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും, 1263 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു.
- നിർമ്മാണം പൂർത്തിയായ പോത്താനിക്കാട്, മറയൂർ, കുമളി, ഗിരിനഗർ സെക്ഷൻ ഓഫീസുകളുടെയും ഷോർണൂർ സബ്റീജിയണൽ സ്റ്റോറിന്റേയും മന്ദിരങ്ങൾ തുറന്നു. പട്ടാമ്പി മിനി വൈദ്യുതി ഭവനത്തിന്റെ നിർമ്മാണം തുടങ്ങി.
- വൈദ്യുതീകരിക്കാത്ത 64 ആദിവാസി കോളനികളിൽ ഗ്രിഡിലൂടെ വൈദ്യുതി എത്തിക്കാൻ നടപടികൾ തുടങ്ങി. 937 അംഗനവാടികളിൽ വെളിച്ചമെത്തിച്ചു. ഇവയിൽ 549 അംഗനവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകി.
- വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും, വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും, സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 11 ലക്ഷം സ്പേസറുകൾ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്ഥാപിച്ചു.
- വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി 13242 കി.മീ പഴക്കമുള്ള കണ്ടക്ടർ മാറ്റി സ്ഥാപിച്ചു.
- 500 വാട്ട്സ് വരെ 'കണക്ടഡ് ലോഡ്' ഉള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റുവരെ മാത്രം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടു കൂടി സൗജന്യമായി വൈദ്യുതി നൽകി വരുന്ന പദ്ധതി, 'കണക്ടഡ് ലോഡ്' പദ്ധതി വ്യാപിപ്പിച്ചു.
- കോവിഡ് സാഹചര്യം കണക്കിലെടുത്ത് വാണിജ്യ / വ്യാവസായിക ഉപഭോക്താക്കൾക്ക് 25%, സിനിമാതീയേറ്ററുകൾക്ക് 50% ഇളവും 2021 മെയിലെ ഫിക്സഡ്/ഡിമാന്റ് നിരക്കിൽ നൽകി.
- 10.5 ലക്ഷം തെരുവു വിളക്കുകൾ എൽ ഇ ഡി യിലേക്കു മാറ്റുന്നതിനുള്ള നിലാവ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 1.72 ലക്ഷം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ.
- ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി 1.46 ലക്ഷം ഉപഭോക്താക്കൾക്ക് 10.2 ലക്ഷം എൽ ഇ ഡി ബൾബുകൾ വിതരണം ചെയ്തു.
- കേരളത്തിൽ ഇലക്ട്രിക് സ്കൂട്ടറുകൾ കുറഞ്ഞ വിലയിൽ സബ്സിഡിയോടെ വാങ്ങുവാനുള്ള പോർട്ടൽ സജ്ജമാക്കി
- ദേശീയ ഊർജകാര്യക്ഷമതാ സൂചികയിൽ കേരളം രണ്ടാമത്. കാർഷികരംഗം, വൈദ്യുത വിതരണ രംഗം, ഗതാഗതം, വ്യാവസായിക രംഗം,

ഗാർഹികമേഖല നയപരമായ പ്രവർത്തനങ്ങൾ എന്നീ മേഖലകളിലെ ഊർജകാര്യക്ഷമതാ പ്രവർത്തനങ്ങളിലൂടെയാണ് നേട്ടം.

- അനെർട്ടിന്റെ നേതൃത്വത്തിൽ പൊതുസ്ഥാപനങ്ങളിൽ സൗരോർജനിലയം സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി പിണറായി പഞ്ചായത്തിൽ 30 സ്ഥാപനങ്ങളിൽ സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു.
- പിഎം കുസും പദ്ധതിയിലൂടെ കൂടുതൽ സൗരോർജം ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ■



# സുരക്ഷിതമാകുന്ന ജൈവവൈവിധ്യം



**ജീവൻ നിലനിൽക്കുന്നതിന് അത്യന്താപേക്ഷിതമാണ് വന സംരക്ഷണം. വിവിധതരം ആവാസ വ്യവസ്ഥകൾ നിലനിർത്തിയും ജൈവവൈവിധ്യം സാധ്യമാക്കിയും ശുദ്ധജലവും ശുദ്ധവായുവും പ്രദാനം ചെയ്തും ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിന് ആധാരമായ വനങ്ങളെ സംരക്ഷിക്കാൻ വനംവകുപ്പ് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയ ഭരണവർഷമാണ് പൂർത്തിയാകുന്നത്**

**എ.കെ. ശശീന്ദ്രൻ**
വനം വന്യജീവി വകുപ്പ് മന്ത്രി

### ഒരു വർഷത്തെ വകുപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം, വൃക്ഷസമൃദ്ധി പദ്ധതി, മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി തുടങ്ങി വനം വകുപ്പിൽ ഒട്ടേറെക്കാര്യങ്ങൾ നടപ്പാക്കാനായ വർഷമാണ് കടന്നുപോകുന്നത്. വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നൽകാനുള്ള നഷ്ടപരിഹാര കുടിശികയുടെ 95 ശതമാനവും ഇതിനകം നമുക്ക് നേടിയെടുക്കാൻ സാധിച്ചു. വിവിധ വന്യജീവി സങ്കേതങ്ങളുടെ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിന്നും ജനവാസ മേഖലയെ ഒഴിവാക്കി കേന്ദ്ര സർക്കാരിനെക്കൊണ്ട് ഇതിനകം അംഗീകരിപ്പിക്കാനും കഴിഞ്ഞു. വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങളിലും ഫണ്ട് അനുവദിക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും പങ്കാളികളാക്കാൻ കഴിഞ്ഞതും എടുത്തു പറയേണ്ടവയാണ്.

### എന്തുകൊണ്ടാണ് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനു പ്രാധാന്യം നൽകുന്നത് ?

കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന അപകടകരമായ സ്ഥിതിവിശേഷത്തിൽ നിന്നും കരകയറാൻ നമ്മുടെ കയ്യിലുള്ള ഏറ്റവും മികച്ച ആയുധമാണ് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം. ഈ ആശയം ഉൾക്കൊണ്ട് സ്വഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള നയരേഖ രൂപീകരിച്ചു. ആവാസ വ്യവസ്ഥയുടെ പോഷണം, ജൈവ സമ്പത്തിന്റെ സംരക്ഷണം, ജലസംരക്ഷണം, കാലാവസ്ഥാവ്യതിയാനം ചെറുക്കൽ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ, ആവാസ വ്യവസ്ഥയ്ക്ക് യോജിക്കാത്ത വിദേശയിനം വൃക്ഷങ്ങളെയും ജന്തുജാലങ്ങളെയും നീക്കം ചെയ്യൽ തുടങ്ങി മനുഷ്യരാശിയുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളുടെ സമഗ്രമായ പരിഹാരമാണ് നയരേഖ വിഭാവനം ചെയ്യുന്നത്. പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കിയും ജീവനോപാധികൾ സംരക്ഷിച്ചും സുസ്ഥിര വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തയ്യാറാക്കിയ നയരേഖ രാജ്യത്തുതന്നെ ആദ്യത്തേതാണ്.



### വനസംരക്ഷണം പോലെ പ്രധാനമല്ലേ വന്യജീവി സംരക്ഷണവും?

രണ്ടിനും തുല്യ പ്രാധാന്യമാണ് സർക്കാർ നൽകിവരുന്നത്. അതുകൊണ്ടാണ് പരിക്കേൽക്കുന്നതും രോഗം ബാധിക്കുന്നതുമായ വന്യമൃഗങ്ങളെ ചികിത്സിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വയനാട്ടിൽ സംസ്ഥാനത്തെ ആദ്യത്തെ വന്യമൃഗ പരിചരണ സംരക്ഷണ കേന്ദ്രത്തിനു തുടക്കം കുറിച്ചത്. പ്രായാധിക്യം ചെന്നതോ പരിക്കു പറ്റിയതോ ആയ വന്യമൃഗങ്ങളെ കണ്ടെത്തി ചികിത്സിച്ച് അവയുടെ സ്വാഭാവിക ആവാസ കേന്ദ്രത്തിൽ എത്തിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷത്തിനും ഒരു പരിധി വരെ പരിഹാരമാകും എന്ന കാഴ്ചപ്പാടിന്റെ കൂടി അടിസ്ഥാനത്തിലാണ് ആശുപത്രി ആരംഭിച്ചത്. വന്യ ജീവി സംരക്ഷണത്തിന് സൗരോർജവേലി, ഹാഗിംഗ് ഫെൻസിംഗ്, ആനമതിൽ എന്നിവ നിർമ്മിച്ചു. കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ ആനമതിൽ ഉൾപ്പെടെ ബൃഹത്തായ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

### വനാശ്രിത സമൂഹത്തിന്റെ ക്ഷേമവും ഈ പ്രവർത്തനങ്ങളുടെ ഭാഗമല്ലേ?

വനാശ്രിത സമൂഹത്തിന്റെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും ക്ഷയോന്മുഖ വനങ്ങളുടെ പുനഃസ്ഥാപനത്തിനും ഗ്രീൻ ഇന്ത്യ പദ്ധതി മികവാർന്ന രീതിയിലാണ് നാം നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ 465 ആദിവാസി കോളനികൾക്ക് സമീപത്തായി ഒരു ലക്ഷത്തോളം വൃക്ഷത്തൈകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി നട്ടുപിടിപ്പിച്ചു കഴിഞ്ഞു. ആദിവാസി വിഭാഗത്തിലുള്ളവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

### മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കാനുള്ള എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വരുന്ന അഞ്ച് വർഷക്കാലത്തിനുള്ളിൽ 620 കോടി ചെലവ് വരുന്ന പദ്ധതി തയ്യാറായിട്ടുണ്ട്. ഇത് ഘട്ടംഘട്ടമായി നടപ്പിലാക്കും. ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ പ്രവേശിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ, വന്യജീവി ആക്രമണം ഉണ്ടാകാനിടയുള്ള പ്രദേശങ്ങളിൽ എസ്.എം.എസ് മുതലായ ജാഗ്രതാ സന്ദേശങ്ങൾ, ഡ്രോണുകൾ ഉപയോഗിച്ചുള്ള തിരച്ചിലുകൾ, കാട്ടുപന്നികളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, അപകടകാരികളായ വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ എന്നിവയെല്ലാം പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികൾ, പൊതുജനങ്ങൾ, വിദഗ്ധർ തുടങ്ങിയ വിവിധ വിഭാഗങ്ങളിൽനിന്നും സ്വരൂപിച്ച അഭിപ്രായങ്ങൾ ക്രോഡീകരിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.


## സാർത്ഥകമായ 100 ദിനങ്ങൾ

- 14 സംയോജിത ഫോറസ്റ്റ് ചെക്ക്പോസ്റ്റ് സമുച്ചയങ്ങളുടെയും 15 ഫോറസ്റ്റ് സ്റ്റേഷനുകളുടെയും നിർമ്മാണോദ്ഘാടനം
- വൃക്ഷസമൃദ്ധി പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.
- വിദ്യാവനം പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ 31 കുട്ടിവനങ്ങൾ നിർമ്മിച്ചു.
- വിദ്യാർഥികളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 50 ഫോറസ്ട്രി ക്ലബ്ബുകൾ.
- നഗരങ്ങൾക്കുള്ളിൽ ചെറുവനങ്ങൾ വളർത്തിയെടുക്കുന്നതിനായി 12 നഗരവനം പദ്ധതികൾ.
- നെയ്യാർ ഇക്കോടൂറിസം പദ്ധതി പൂർത്തീകരിച്ചു.
- വാളയാർ ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്തു. മണ്ണാർക്കാട്, അമ്പലപ്പാറ, പ്ലാപ്പള്ളി, തണ്ണിത്തോട്, വയനാട് മക്കിയാട്, വയനാട് കുഞ്ഞോം മാതൃകാ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങളും ഇലവുങ്കൽ, ആനക്കട്ടി ഫോറസ്റ്റ് ചെക്ക്പോസ്റ്റ് കെട്ടിടങ്ങളും ഉദ്ഘാടനം ചെയ്തു.
- ഇ.ഡി.സി/വി.എസ്.എസ് മുഖാന്തിരം രണ്ട് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. കുറിഞ്ഞിമല സങ്കേതത്തിൽ 12000 കുറിഞ്ഞിത്തൈകൾ വെച്ചു പിടിപ്പിച്ചു.



## വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- സംസ്ഥാനത്ത് ആദ്യമായി നബാർഡിന്റെ സഹായത്തോടെ 14 സംയോജിത ചെക്ക്പോസ്റ്റുകളുടെയും 15 ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് തുടക്കം കുറിച്ചു. വനശ്രീ ഇക്കോഷോപ്പ്, നോളജ് സെന്റർ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് സംയോജിത വനം-ചെക്ക് പോസ്റ്റ് സമുച്ചയങ്ങൾ.
- കാട്ടുതീയിൽ നിന്ന് വനങ്ങളെ സംരക്ഷിക്കാൻ പ്രത്യേക കൺട്രോൾ റൂമുകൾ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി. വന പ്രദേശങ്ങളിലും വനത്തിനുള്ളിലും പെട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പെട്രോളിംഗ് എന്നിവയിലൂടെ വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.
- തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലെത്തി.
- നാട്ടിലേക്കിറങ്ങുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നത് ഉൾപ്പെടെ അവയുടെ ശല്യം നിയന്ത്രിക്കാൻ പുതുക്കിയ മാർഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പുറത്തിറക്കി.



- വന്യജീവി ആക്രമണം മൂലം ബുദ്ധിമുട്ടുന്നവരുടെ ഭൂമി അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നത് വഴി വനവിസ്തൃതി ഉയർത്തി. തിരുവനന്തപുരം ചണ്ണമല സെറ്റിൽമെന്റിലെ 1.3109 ഹെക്ടർ ഭൂമി ഈ പദ്ധതിയിൽ പെടുത്തി ഏറ്റെടുത്തു.
- വനമേഖലകളിലെ വൃക്ഷ സമ്പത്ത് വർധിപ്പിക്കുന്നതിനായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. 465 ആദിവാസി കോളനികൾക്ക് സമീപം 75,997 വൃക്ഷത്തൈകളും കുറിഞ്ഞിമല സങ്കേതങ്ങളിൽ 12625 കുറിഞ്ഞിത്തൈകളും നട്ടുപിടിപ്പിച്ചു. നദീതീരങ്ങളിൽ 12957 വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചു.
- വനമഹോത്സവം 2021-ന്റെ ഭാഗമായി സംസ്ഥാനത്താകമാനം വനം-വന്യജീവി സംരക്ഷണത്തിനും വനാശ്രിതസമൂഹത്തിന്റെ ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി.
- പൊതുജന പങ്കാളിത്തത്തോടെ നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിന്റെ ഭാഗമായി എട്ട് നഗരവനങ്ങൾക്കാണ് തുടക്കം കുറിച്ചത്. കാസർഗോഡ് മഞ്ചേശ്വരം താലൂക്കിലെ 54.695 ഹെക്ടർ കണ്ടൽ വനങ്ങളെ റിസർവ്വ് വനമായും പ്രഖ്യാപിച്ചു.
- തീരത്ത് സാധ്യമാകുന്നിടത്തെല്ലാം മരങ്ങളുടെയും കുറ്റിച്ചെടികളുടെയും ജൈവകവചം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ തീരവനം പദ്ധതി നടപ്പിലാക്കി.

## വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- വൃക്ഷസമൃദ്ധി പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലായി 758 സ്ഥലങ്ങളിൽ നഴ്സറി സ്ഥാപിക്കും. 40 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും. ഔഷധ സസ്യങ്ങളും ഫലവൃക്ഷങ്ങളും കൂടുതൽ വെച്ചു പിടിപ്പിക്കാൻ പ്രാധാന്യം നൽകും. സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ-സർക്കാരിതര സംഘടനകൾ, കർഷകർ എന്നിവരെ ഈ പദ്ധതിയ്ക്ക് കീഴിൽ അണിനിരത്തും.
  - കോഴിക്കോട് ജില്ലയിലെ ചാലിയം, കണ്ണൂർ ജില്ലയിലെ പൈതൽമല, കാസർഗോഡ് ജില്ലയിലെ വീരമല തുടങ്ങിയ പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കും.
  - പുത്തൂർ സുവോളിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വന്യമൃഗങ്ങളെ എത്തിക്കും.
- അർഹരായവർക്ക് പട്ടയവും വനാവകാശ രേഖകളും നൽകുന്നതിനുള്ള നടപടികൾക്ക് ആക്കംകൂട്ടും
- വിദ്യാർഥികളെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ മുന്നണി പോരാളികളാക്കുന്നതിന് സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കും. ■



# വികസനത്തിലേക്ക് വഴിതുറക്കുന്ന തുറമുഖങ്ങൾ

**അഹമ്മദ് ദേവർകോവിൽ**
തുറമുഖം മ്യൂസിയം വകുപ്പ് മന്ത്രി

**ഒരു വർഷത്തെ പ്രവർത്തനങ്ങളെ എങ്ങനെയാണ് വിലയിരുത്തുന്നത് ?**

കേരളത്തിന്റെ വ്യവസായ വാണിജ്യ വികസനത്തിന്റെ ഗതി വർധിപ്പിക്കത്തക്ക തരത്തിൽ തുറമുഖവകുപ്പിനെ സജ്ജമാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം പദ്ധതി കമ്മീഷൻ ചെയ്യുന്നതുൾപ്പെടെ ഒട്ടേറെ ലക്ഷ്യങ്ങൾ പൂർത്തിയായി വരികയാണ്. പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകൾ ജനകീയമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിടാനും സാധിച്ചു. നമ്മുടെ മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്കും ആക്കം കൂട്ടുകയാണ്.

**വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി വിവരിക്കാമോ?**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സ്വകാര്യപങ്കാളിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം 1800 മീറ്റർ പിന്നിട്ടു. ഇത് ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിനാണ് ശ്രമിക്കുന്നത്. മറ്റ് നിർമ്മാണങ്ങളും ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. പ്രാദേശികമായും മറ്റുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ യഥാസമയം ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചു.

**കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും വിഴിഞ്ഞം തുറമുഖ പദ്ധതി നമ്മുടെ വ്യവസായ വാണിജ്യ മേഖലയ്ക്ക് പുതിയ ഉണർവ്വ് നൽകുമെന്ന് കരുതാമോ?**

വിഴിഞ്ഞം തുറമുഖം നമ്മുടെ സംസ്ഥാനത്ത് അവസരങ്ങളുടെ ഒരു പുതിയ വാതായനം തുറക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. രാജ്യത്തെ കണ്ടെയ്നറുകളുടെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വിഴിഞ്ഞം മാറും. ഇപ്പോൾ ദുബായ്, സിംഗപ്പൂർ, കൊളംബോ തുറമുഖങ്ങളെ ആശ്രയിക്കുന്ന കണ്ടെയ്നർ വ്യവസായം നമ്മുടെ സംസ്ഥാനത്തേക്ക് പറിച്ചു നടാൻ കഴിയുമെന്നാണ് പ്രതീക്ഷ. അതോടൊപ്പം നമ്മുടെ സംസ്ഥാനത്തെ സർവ്വീസ് മേഖലകളിൽ പ്രത്യേകിച്ച് ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിൽ വലിയ കുതിച്ചുചാട്ടമാണ് പ്രതീക്ഷിക്കുന്നത്.

**വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായുള്ള മറ്റു നിർമ്മാണങ്ങളും ഉടൻ ആരംഭിക്കുമോ ?**

വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി പ്രോജക്ടിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയിരം കോടിയിലധികം രൂപ മുതൽമുടക്ക് ഉള്ള ഈ പ്രോജക്ട് നാല് വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കേന്ദ്ര സർക്കാരിന്റെ സാഗർമാല ഡവലപ്പ്മെന്റ് കമ്പനിയിൽ നിന്നുള്ള ഇക്വിറ്റി നിക്ഷേപം പ്രതീക്ഷിക്കുന്നു. വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന് ഔട്ടർ റിംഗ് റോഡ് പദ്ധതിക്കും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് ജില്ലയിലെ ഉൾപ്രദേശങ്ങളുടെ വ്യവസായ വികസനത്തിനും ഗതാഗത രംഗത്തെ കുതിച്ചു ചാട്ടത്തിനും അവസരമൊരുക്കുന്നതാണ്.



**വിഴിഞ്ഞം തുറന്നിടുന്ന പുതിയ അവസരങ്ങളെ പ്രയോജനപ്പെടുത്തുവാൻ വലിയ മുതൽമുടക്ക് ആവശ്യമില്ലേ?**

ഉണ്ട്. അതുകൊണ്ടാണ് സംസ്ഥാനത്തെ തുറമുഖ രംഗത്ത് മുതൽമുടക്കുവാൻ താൽപര്യമുള്ള സംരംഭകരെ കണ്ടെത്തുവാനായി ഒരു ഓൺലൈൻ ഇൻവെസ്റ്റേഴ്സ് മീറ്റ് കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചത്. അതിന്റെ ഭാഗമായുള്ള തുടർ നടപടികൾ പുരോഗമിക്കുകയാണ്. കെ റെയിൽ പോലുള്ള ആധുനിക ഗതാഗത സംവിധാനങ്ങൾ ഇവിടെയാണ് പ്രസക്തമാകുന്നത്. നമ്മുടെ ചെറുകിട തുറമുഖങ്ങളെ ഈ ശൃംഖലയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനും തുറമുഖങ്ങളോടനുബന്ധിച്ച് പുതിയ വ്യവസായങ്ങൾ വികസിപ്പിക്കുവാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. സാമൂഹിക രംഗത്ത് എന്നപോലെ സാമ്പത്തിക രംഗത്തും കേരളം രാജ്യത്തിന് മാതൃകയാകാനുള്ള ശ്രമത്തിലാണ്. തീർച്ചയായും ആ സഞ്ചാരപഥത്തിൽ വിഴിഞ്ഞം പദ്ധതി ഒരു



**സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ വികസനത്തിന്റെ മുന്നേറ്റം ഉറപ്പാക്കുന്ന തരത്തിൽ തുറമുഖ വകുപ്പിനെ സുസജ്ജമാക്കുന്ന നടപടികൾക്ക് ഇതിനകം സർക്കാർ ആരംഭം കുറിച്ചു കഴിഞ്ഞു. യാഥാർഥ്യങ്ങളും വസ്തുതകളും വരും കാലത്തേക്ക് സുരക്ഷിതമായി രേഖപ്പെടുത്തി വയ്ക്കാനുള്ള മാർഗങ്ങൾ എന്ന നിലയിൽ മ്യൂസിയങ്ങളെയും ആർട്ട് ഗ്യാലറികളെയും സംരക്ഷിക്കാനും പുതിയവ ആരംഭിക്കാനുമുള്ള പ്രവർത്തനങ്ങൾക്കും തുടക്കമായി**

നാഴികക്കല്ലാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**മറ്റു തുറമുഖങ്ങളുടെ വികസനവും പ്രധാനമല്ലേ ?**

വിഴിഞ്ഞത്തിനൊപ്പം പ്രധാന ചെറുകിട തുറമുഖങ്ങളായ അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനം പൂർത്തീകരിക്കാനും തുറമുഖ വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുന്ന തരത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികളും അതിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ തുറമുഖങ്ങളിൽ കണ്ടെയ്നർ ഓപ്പറേഷൻ ശക്തമാക്കുന്നതിന് ഇനിയും ധാരാളം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം. അവ നടപ്പിലാക്കി തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിലാണ് തുറമുഖ വകുപ്പ് ഊന്നൽ നൽകുന്നത്.



**ഭൂതകാലത്തെ കുറിച്ചുള്ള വിലപ്പെട്ട പല അറിവുകളും അടയാളങ്ങളും വരും തലമുറയ്ക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് ?**

സംസ്ഥാനത്തെ മ്യൂസിയങ്ങളും പുരാവസ്തു, പുരാരേഖ ശേഖരങ്ങളും പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും കൂടുതൽ പ്രയോജനപ്പെടുന്ന തരത്തിൽ ജനകീയമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു സർക്കാർ വലിയ പരിഗണനയാണ് നൽകുന്നത്. ഓരോ ജില്ലയുടെയും പാരമ്പര്യവും വൈവിധ്യവും പ്രദർശിപ്പിക്കുന്ന തരത്തിൽ ജില്ലകൾ തോറും പൈതൃക മ്യൂസിയങ്ങൾ വികസിപ്പിക്കുന്നത് ഇതിന്റെ ഭാഗമായാണ്. മാത്രമല്ല, പുരാരേഖാ വകുപ്പിന്റെ കീഴിലുള്ള ലിഖിതങ്ങളും, രേഖകളും, താളിയോലകളും വിദ്യാർഥികൾക്കും ഗവേഷകർക്കും ലഭ്യമാക്കുന്നതിന് രാജ്യാന്തര നിലവാരത്തിലുള്ള ഒരു ആർക്കൈവ്സ് സെന്റർ തിരുവനന്തപുരം കാര്യവട്ടത്തെ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

## വിജയമുദ്രകൾ
## മുന്നേറ്റങ്ങൾ

- കൊല്ലം ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. ബേപ്പൂരിൽ ഒരു പുതിയ ബർത്ത് നിർമ്മിക്കും. അഴീക്കലിൽ ഗ്രീൻഫീൽഡ് തുറമുഖം നിർമ്മിക്കും.
- ചെറുകിട തുറമുഖങ്ങളിലെ കയറ്റിറക്ക് കൂലിയും മറ്റ് ചാർജ്ജുകളും ഏകീകരിക്കും.
- സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് റോ റോ സർവ്വീസ് ആരംഭിക്കും.
- സംസ്ഥാനത്തെ പുരാരേഖകളുടെ സംരക്ഷണത്തിന് ഏകീകൃത നിയമം കൊണ്ടുവരും.
- സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം (75-ാം വാർഷികം) പ്രമാണിച്ച് സംസ്ഥാനത്തെ സ്വാതന്ത്ര്യസമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങളുടെ നാലാം വാല്യം പ്രസിദ്ധീകരിക്കും. മലബാർ കലാപത്തിന്റെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട് ഒരു ആർക്കൈവ്സ് പബ്ലിക്കേഷൻ, തിരുവിതാംകൂർ രാജ്യത്തെ മാനസികാരോഗ്യ ചികിത്സയുടെ പാരമ്പര്യത്തിലേക്ക് വെളിച്ചം വീശുന്ന Evolution of Mental Health Care System in Travancore എന്നീ പുസ്തകങ്ങളുടെ പ്രകാശനം നടത്തും.
- മലബാറിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിലേക്കും പാരമ്പര്യത്തിലേക്കും വെളിച്ചം വീശുന്ന തിരൂരങ്ങാടിയിൽ മലബാറിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന മ്യൂസിയം നിർമ്മിക്കും.
- പുരാരേഖകൾ ആവശ്യക്കാർക്ക് ലഭിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കും.
- ലക്ഷദ്വീപിന് വേണ്ടി ബേപ്പൂരിൽ ഒരു കണ്ടെയ്നർ ബർത്ത് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. അതിനായുള്ള വിശദമായ പദ്ധതി ഈ വർഷം തന്നെ തയ്യാറാക്കും.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെറുകിട തുറമുഖങ്ങളായ ബേപ്പൂരിലും
- അഴീക്കലിലും തീരദേശ കപ്പൽ ഗതാഗത സർവ്വീസ് ഏർപ്പെടുത്തി. സർവ്വീസ് കൊല്ലം വരെ നീട്ടി. ഷിപ്പിംഗ് ലൈനുകൾ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിനായി കോസ്റ്റൽ ഇൻസെന്റീവ് അനുവദിച്ചു.
- ബേപ്പൂർ കൊല്ലം തുറമുഖങ്ങളിൽ ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് നടത്തി ആഴം വർധിപ്പിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കി. ചെറുകിട തുറമുഖങ്ങളിലെ കയറ്റിറക്ക് കൂലിയും മറ്റ് ചാർജുകളും ഏകീകരിക്കുവാനും മാരിടൈം വാണിജ്യത്തിന് യോജിച്ച രീതിയിൽ പരിഷ്കരിക്കുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി.
- മൂവായിരം കോടി രൂപ മുതൽ മുടക്കിൽ അഴീക്കലിൽ ഒരു ഗ്രീൻഫീൽഡ് തുറമുഖം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- സമുദ്ര പര്യവേഷണ പ്രവർത്തനങ്ങൾക്ക് ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ പ്രവർത്തനം അനിവാര്യമാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കൊച്ചിയ്ക്ക് പുറമെ പൊന്നാനിയിലും ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വിഴിഞ്ഞത്ത് ഒരു ഉപമേഖല ഓഫീസ് സ്ഥാപിച്ചു.
- ജില്ലകൾ തോറും പൈതൃക മ്യൂസിയങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇടുക്കിയിലെ പൈനാവിലും വയനാട്ടിലെ കുങ്കിച്ചിറയിലും പുതിയ മ്യൂസിയങ്ങളുടെ നിർമ്മാണത്തിൽ പുരോഗതി.
- സംസ്ഥാന പുരാരേഖ വകുപ്പിന്റെ ശേഖരത്തിലുള്ള ലിഖിതങ്ങളും, രേഖകളും, താളിയോലകളും വിദ്യാർഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് രാജ്യാന്തര നിലവാരത്തിലുള്ള ആർക്കൈവ്സ് സെന്റർ തിരുവനന്തപുരം കാര്യവട്ടത്തെ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- പുരാരേഖകൾ ആവശ്യക്കാർക്ക് ഓൺലൈൻ വഴി ലഭിക്കുന്നതിന് ഇ-പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പബ്ലിക് റെക്കോർഡ്സ് ആക്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടങ്ങി.
- സംസ്ഥാന പുരാരേഖവകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് മേഖലാ ആർക്കൈവ്സ് കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.
- സാഹിത്യകാരൻ പി. കേശവദേവുമായി ബന്ധപ്പെട്ട പുരാരേഖാമൂല്യമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ തുടങ്ങി.
- സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം പ്രമാണിച്ച് സംസ്ഥാനത്തെ സ്വാതന്ത്ര്യ സമരസേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങളുടെ നാലാംവാല്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു
- മലബാറിന്റെ സ്വാതന്ത്ര്യ സമരചരിത്രത്തിലേക്കും പാരമ്പര്യത്തിലേക്കും വെളിച്ചം വീശുന്ന തിരൂരങ്ങാടിയിലെ ഹജൂർകച്ചേരി സംരക്ഷിത സ്മാരകമായി ഉയർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൊച്ചിരാജ്യത്തിന്റെ പൈതൃകവും പാരമ്പര്യവുമായും ഏറെ ബന്ധമുള്ള പൈതൃക നിർമ്മിതിയായ തൃശ്ശൂർ തെക്കേമഠത്തിന്റെ സമഗ്ര സംരക്ഷണത്തിനുള്ള പദ്ധതി അംഗീകരിച്ചു.
- വയനാട് പഴശ്ശി കുടീരത്തിൽ ജില്ല പൈതൃകമ്യൂസിയം സ്ഥാപിക്കുന്നതിനും പാലക്കാട് ജില്ലയിലെ സംരക്ഷിത സ്മാരകമായ തിരുമിറ്റക്കോട് ക്ഷേത്രത്തിന്റെയും കോഴിക്കോട് ജില്ലയിലെ പൗരാണികമായ തളി ശിവക്ഷേത്രത്തിന്റെയും സംരക്ഷണത്തിനുള്ള പദ്ധതികൾക്ക് അംഗീകാരം.
- കോഴിക്കോട് നിലവിലുള്ള പഴശ്ശിരാജമ്യൂസിയം ആധുനികവത്ക്കരിച്ച് പൊതുസമൂഹത്തിന് ലഭ്യമാക്കുവാൻ 3.37 കോടിരൂപ ചെലവ് വരുന്ന പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ലോക പൈതൃക പട്ടികയിലുൾപ്പെടുന്ന രാജാരവിവർമ്മ ചിത്രങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് കൺസർവേഷൻ ലബോറട്ടറി മ്യൂസിയം തിരുവനന്തപുരത്തു ആരംഭിച്ചു. സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ചിത്രങ്ങളെ വിന്യസിക്കുന്നതിന് ആധുനിക നിലവാരത്തിലുള്ള മ്യൂസിയം നിർമ്മാണത്തിൽ പുരോഗതി. ■

# നൂതനമായ ആശയങ്ങൾ
# പുരോഗതിയുടെ വേഗം



**ജനങ്ങളുടെ നിത്യജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഗതാഗതവകുപ്പ് പുതിയ ആശയങ്ങളും മികച്ച സേവനവും ഉറപ്പാക്കി മുന്നേറുകയാണ്. വാഹനങ്ങളുടെ രജിസ്ട്രേഷൻ മുതൽ ഡ്രൈവിങ് ലൈസൻസ് വരെ ഉൾപ്പെടുന്ന മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ സേവനങ്ങളും ഓൺലൈനിലാക്കിയതിലൂടെ ഈ രംഗത്ത് സുതാര്യതയും ഉറപ്പാക്കിയിരിക്കുകയാണ്.**

**ആന്റണി രാജു**
ഗതാഗത വകുപ്പ് മന്ത്രി

### ഒരു വർഷത്തെ പ്രവർത്തനത്തെ സ്വയം എങ്ങനെ വിലയിരുത്തുന്നു ?

കെ.എസ്.ആർ.ടി.സി ഏറെ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന കാലത്താണ് വകുപ്പിന്റെ ചുമതല ഏറ്റെടുത്തത്. തുടക്കം മുതൽ നൂതനമായ ആശയങ്ങൾ കൊണ്ട് കെഎസ്ആർടിസിയുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള തീവ്രശ്രമമാണ് നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സിയ്ക്ക് ലാഭം വരുത്താനായില്ലെങ്കിലും ടിക്കറ്റിതര വരുമാനം വർധിപ്പിച്ച് നഷ്ടത്തിന്റെ പെരുപ്പം കുറയ്ക്കുവാനുള്ള കഠിന ശ്രമം വിജയിക്കുമെന്ന് ഏതാണ്ട് ഉറപ്പായിരിക്കുകയാണ്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുഗതാഗതത്തിൽ നിന്നും അകന്ന് പോയ യാത്രക്കാരെ തിരികെ കൊണ്ടുവരാൻ സാധിച്ചു എന്നതാണ് ഏറെ സന്തോഷം പകരുന്നത്. മോട്ടോർ വാഹന വകുപ്പിൽ രാജ്യത്തു തന്നെ ആദ്യമായി ഒരു ഓൺലൈൻ ലേണേഴ്സ് ലൈസൻസ് ടെസ്റ്റിംഗ് പ്ലാറ്റ് ഫോം സജ്ജമാക്കാൻ സാധിച്ചു. ഇതിലൂടെ ഏകദേശം എട്ട് ലക്ഷത്തോളം അപേക്ഷകരുടെ ഓഫീസിലേക്കുള്ള യാത്രയാണ് കോവിഡ് കാലത്ത് ഒഴിവാക്കിയത്.

### കെ.എസ്.ആർ.ടി.സിയിലെ സാമ്പത്തിക പ്രതിസന്ധി അവസാനിക്കില്ല എന്നാണോ ?

സാമ്പത്തിക പ്രതിസന്ധി ഒരു യാഥാർഥ്യമാണ്. അതിനു ഡീസൽ വിലവർധന ഉൾപ്പടെ ഒട്ടേറെ കാരണങ്ങളുണ്ട്. പ്രതിമാസം ഡീസലിന് 40 കോടിയിലേറെയാണ് അധികചെലവ് വരുന്നത്. ഇതിനനുസരിച്ച് വരുമാനം ഉണ്ടാക്കാനും കഴിയുന്നില്ല. എങ്കിലും പുതിയ ആശയങ്ങളിലൂടെ കെ.എസ്.ആർ.ടി.സിയെ സാമ്പത്തിക പുരോഗതിയിലേക്ക് കൊണ്ടുവരാനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. അതിന്റെ ഭാഗമായാണ് ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

### കെ.എസ്.ആർ.ടി.സിയെ ലാഭകരമായ വ്യവസായ സംരംഭമായി മാറ്റാൻ സർക്കാർ എന്തൊക്കെ സഹായമാണ് നൽകുന്നത് ?

ലാഭകരമായ വ്യവസായ സംരംഭം എന്നതിലുപരി ജനങ്ങളോട് പ്രതിബദ്ധതയുള്ള സ്ഥാപനം എന്ന നിലയിലാണ് കെ.എസ്.ആർ.ടി.സിയെ സർക്കാർ കാണുന്നത്. അതുകൊണ്ടാണ് കെ.എസ്.ആർ.ടി.സിയുടെ സുഗമമായ നടത്തിപ്പിനും നിലനിർത്തിക്കൊണ്ടു പോകലിനുമായി ഒരു വർഷത്തിനിടെ 2000 കോടി രൂപ മുഖ്യമന്ത്രിയുടെ ഇടപെടലിൽ സർക്കാർ അനുവദിച്ചത്. ഇതുപയോഗിച്ച് 11 വർഷമായി നടപ്പാക്കാതിരുന്ന ശമ്പള പരിഷ്കരണം യാഥാർഥ്യമാക്കി ജീവനക്കാരുടെ ജീവിതം സുരക്ഷിതമാക്കി. ഇതിലൂടെ മാത്രം 15 കോടി രൂപ യാണ് പ്രതിമാസം അധികച്ചെലവ് ഉണ്ടായിരിക്കുന്നത്. സഹകരണ വകുപ്പിന്റെ സഹായത്തോടെ മുടങ്ങാതെ പെൻഷനും കൊടുക്കുന്നുണ്ട്.

### ദീർഘദൂര സർവ്വീസുകൾ സ്വിഫ്റ്റ് സർവ്വീസിലേക്ക് മാറിയിരിക്കുകയാണല്ലോ ?

പൊതുഗതാഗത രംഗത്ത് ആധുനിക ഹൈടെക് ബസുകൾ ഉപയോഗിച്ച് സ്വിഫ്റ്റ് ബസ് സർവീസ് നടത്തുന്ന ഇന്ത്യയിലെ ആദ്യ പൊതുഗതാഗത വകുപ്പ് കേരളത്തിലാണ്. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുള്ള പരിഷ്കരണം കൂടിയാണത്. സ്വിഫ്റ്റ് സർവീസുകൾ വിജയകരമായി അതിന്റെ മുന്നേറ്റം തുടരുകയാണ്. ഇതിന് പുറമേ നഗര യാത്രക്കുള്ള 50 ഇലക്ട്രിക് ബസുകൾ ഉടനെത്തും. ഇവ ചാർജ് ചെയ്യാനുള്ള സൗകര്യം നഗരങ്ങളിൽ ഇതിനകം ഏർപ്പെടുത്തി ക്കഴിഞ്ഞു. അഞ്ചുകോടി രൂപ ചെലവിൽ ഈ സാമ്പത്തികവർഷം സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ വാഹനങ്ങൾക്ക് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുകയാണ്. ഇത്തരം സർവ്വീസുകളിലൂടെ ഡീസലിനെ അപേക്ഷിച്ച് ഇന്ധനച്ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമവണ്ടി സർവീസുകളും ഉടൻ ആരംഭിക്കുകയാണ്.



### മോട്ടോർ വാഹനവകുപ്പിൽ ഒട്ടേറെ പരാതികൾ കെട്ടിക്കിടക്കുകയാണല്ലോ ?


അതെല്ലാം പരിഹരിക്കാനായി നിരവധി പദ്ധതികളാണ് ഗതാഗതവകുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം 'വാഹനീയം 2022' എന്ന പേരിൽ അദാലത്ത് നടത്തിവരുന്നത്.

### കരമാർഗത്തിന്റെ പ്രാധാന്യം സർക്കാർ ജലഗതാഗത മേഖലയ്ക്ക് നൽകുന്നുണ്ടോ ?

ഉണ്ട്. ദേശീയ ജലപാതയുടെ വികസനം ഉൾപ്പെടെ ഈ രംഗത്തെ സർക്കാരിന്റെ ഉറച്ച കാൽവയ്പുകൾ പരിശോധിച്ചാൽ ഏവർക്കും അത് ബോധ്യപ്പെടുന്നതാണ്. ഉൾനാടൻ ജലഗതാഗത മേഖലയിൽ ഇന്ത്യയിൽ തന്നെ ആദ്യമായി വാട്ടർ ടാക്സി ബോട്ടുകൾ ആരംഭിച്ചത് കേരളമാണ്. 120 പാസഞ്ചർ കപ്പാസിറ്റിയുള്ള പാസഞ്ചർ കം ടൂറിസം ബോട്ട്, 100 പാസഞ്ചർ കപ്പാസിറ്റിയുള്ള മൂന്നു കാറ്റമറൈൻ ബോട്ടുകൾ, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരെണ്ണം, യാത്രക്കാർക്കും വിനോദ സഞ്ചാരികൾക്കും ഒരേ പോലെ കായൽ സൗന്ദര്യം ആസ്വദിക്കാൻ പറ്റുന്ന രീതിയിൽ രൂപകൽപന ചെയ്തിട്ടുള്ള സീ അഷ്ടമുടി ബോട്ട് എന്നിവയൊക്കെ ഇക്കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ചു നീറ്റിലിറക്കിയിട്ടുണ്ട്.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് മോട്ടോർ വാഹന വകുപ്പിൽ വയർലെസ് കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് പദ്ധതി നടപ്പിലാക്കി. 34 ഹാൻഡ് ഹെൽഡ് ഉപകരണങ്ങൾ, 34 വെഹിക്കിൾ മൗണ്ടുകൾ, 12 ബേസ് സ്റ്റേഷനുകൾ, നാല് റിപ്പീറ്ററുകൾ എന്നിവ ഉപയോഗിച്ച് എറണാകുളം ജില്ലയിൽ പൈലറ്റ് പദ്ധതി നടപ്പാക്കി.
- കോവിഡ് 19 ന്റെ സാഹചര്യത്തിൽ ഓക്സിജന്റെ ശരിയായ വിതരണം ഉറപ്പാക്കാൻ വാഹനത്തിന്റെ സ്ഥാനം തത്സമയം നിരീക്ഷിക്കുന്നതിനായി എല്ലാ ഓക്സിജൻ വെഹിക്കിൾ ടാങ്കറുകളിലും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സിസ്റ്റം (വിഎൽടിഡിഎസ്) പ്രവർത്തനക്ഷമമാക്കി.
- പശ്ചിമ ബംഗാളിലേക്ക് ഗ്യാസ് ടാങ്കറുകൾ എയർലിഫ്റ്റിംഗ്, പശ്ചിമ ബംഗാളിൽ നിന്ന് കേരളത്തിലേക്ക് ടാങ്കറുകൾക്ക് എസ്കോർട്ട്, സപ്പോർട്ട് ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകി, പ്രാദേശിക O2 വിതരണ ശൃംഖല സ്ഥാപിച്ചു.
- 'സുരക്ഷാമിത്ര' പദ്ധതിയിലൂടെ എല്ലാ പൊതുവാഹനങ്ങളിലും ജി.പി.എസ് ഡിവൈസ് ഘടിപ്പിച്ച് കേന്ദ്രീകൃത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തി. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പാനിക് ബട്ടൺ ഉൾപ്പെടെയുള്ളവ ഈ സംവിധാനത്തിലൂടെ യാഥാർഥ്യമാക്കി.
- ഇന്ത്യയിൽ ആദ്യമായി ഒരു ഓൺലൈൻ ലേണേഴ്സ് ലൈസൻസ് ടെസ്റ്റിംഗ് പ്ലാറ്റ് ഫോം സജ്ജമാക്കി. ഇതിലൂടെ ഏകദേശം എട്ട് ലക്ഷത്തോളം അപേക്ഷകരുടെ ഓഫീസിലേക്കുള്ള യാത്ര ഒഴിവാക്കി.
- അപേക്ഷകരുടെ ഭൗതിക സാന്നിധ്യം ആവശ്യമില്ലാതെ ഓൺലൈൻ മോഡ് വഴി അന്താരാഷ്ട്ര ഡ്രൈവിങ്ങ് പെർമിറ്റ് നൽകുന്നത് നടപ്പിലാക്കി. കോൺട്രാക്ട് ക്യാരേജ്, ഗുഡ്സ് കാരിയേജ്, വിദ്യാഭ്യാസ സ്ഥാപന ബസുകൾ, സ്വകാര്യ സർവീസ് വാഹനങ്ങൾ, മോട്ടോർ ക്യാബുകൾ തുടങ്ങിയവയ്ക്കുള്ള പുതിയ പെർമിറ്റുകൾ/പ്രത്യേക പെർമിറ്റുകൾ നൽകുന്നത് പൂർണമായും ഓൺലൈനാക്കി.
- പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച പരിശോധന ഒഴിവാക്കി ഓൺലൈൻ ആയി നമ്പർ അനുവദിക്കുന്ന സംവിധാനം നടപ്പിലാക്കി. വാഹന രജിസ്ട്രേഷൻ അനുബന്ധ സേവനങ്ങൾക്കായി ആധാർ അധിഷ്ഠിത ഫേസ്‌ലെസ്സ് സംവിധാനം ആരംഭിച്ചു.
- ആദ്യമായി ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കേണ്ട മെഡിക്കൽ ഫിറ്റ്നസ്, നേത്രപരിശോധന സർട്ടിഫിക്കറ്റുകൾ അംഗീകൃത ഡോക്ടർമാർക്ക് പരിവാഹൻ സൈറ്റിൽ ഓൺലൈനായി സമർപ്പിക്കാവുന്ന സാങ്കേതിക വിദ്യ രാജ്യത്ത് നടപ്പിലാക്കി.
- പ്രവാസി മലയാളികൾക്ക് അവർ സ്ഥിതിചെയ്യുന്ന രാജ്യത്ത് നിന്നു തന്നെ അംഗീകൃത ഡോക്ടർമാർ നൽകുന്ന നേത്രപരിശോധന, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നേടി അവ അപ്ലോഡ് ചെയ്ത് ഡ്രൈവിംഗ് ലൈസൻസ്, ഇന്റർനാഷണൽ ഡ്രൈവിംഗ് ലൈസൻസ് സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.
- പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായ സേവനങ്ങൾ



നൽകുന്നതിനായി വകുപ്പ് അതിന്റെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് ഫയലിംഗ് സംവിധാനം നടപ്പിലാക്കി.
- സ്കൂൾ കുട്ടികളുടെ യാത്രാസുരക്ഷ ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപന ബസുകളുടെ (EIsB) ഫിറ്റ്നെസ്സ് ഉറപ്പാക്കുന്നതിന് 'വിദ്യാ വാഹൻ' എന്ന പേരിൽ ഒരു പ്രത്യേക ചെക്കിംഗ് ഡ്രൈവ് നടത്തി.
- സ്കൂൾ കുട്ടികളുടെ സുരക്ഷിത യാത്രയ്ക്കുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
- മോട്ടോർ വാഹന വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾക്കായി 'വാഹനീയം' എന്ന

പേരിൽ ഫയൽ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിച്ചു
- പൊതു റോഡുകളിലെ തടസ്സങ്ങൾ നീക്കുന്നതിന് ഓപ്പറേഷൻ ക്ലിയർ പാത്ത് നടപ്പിലാക്കി.
- രോഗികളില്ലാതെ പോലും ആംബുലൻസുകൾ അമിതവേഗത്തിൽ ഓടിക്കുന്നത് പരിശോധിക്കൽ അനാവശ്യ ഫ്ളാഷ്‌ലൈറ്റുകൾ ഘടിപ്പിക്കുന്ന ആംബുലൻസുകളുടെ ദുരുപയോഗം, കൂളിംഗ് ഫിലിമുകൾ / കർട്ടനുകൾ ഘടിപ്പിക്കൽ, അനധികൃത മാറ്റങ്ങൾ തുടങ്ങിയവ കണ്ടുപിടിച്ചു പിഴ




ചുമത്തുന്നതിന് ഓപ്പറേഷൻ റെസ്ക്യൂ, ഓപ്പറേഷൻ ഡെസിബെൽ എന്നിവ നടപ്പിലാക്കി.
- റോഡപകടങ്ങളും ജീവഹാനിയും തടയുന്നതിനായി ബ്ലാക്ക് സ്പോട്ട് (അപകടമേഖല) മാപ്പിംഗ് നടപ്പിലാക്കി. സംസ്ഥാനത്തെ നിരത്തുകളിൽ ബ്ലാക്ക് സ്പോട്ടുകൾ അഥവാ റോഡപകട മേഖലകളെക്കുറിച്ച് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.മാരുടെ മേൽനോട്ടത്തിൽ വിശദമായ പഠനം നടത്തി അപകടമേഖലകൾ ഗൂഗിൾ മാപ്പിൽ രേഖപ്പെടുത്തി.
- ഇ-മൊബിലിറ്റി പദ്ധതി പ്രകാരം സ്വകാര്യ ആവശ്യങ്ങൾക്ക് രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതിയിൽ ആദ്യ അഞ്ചു വർഷത്തെ നികുതിക്ക് 50% ഇളവ് നല്കി. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് ആദ്യ അഞ്ചു വർഷത്തെ നികുതി പൂർണമായും ഒഴിവാക്കി.
- റോഡപകടങ്ങളും അതുവഴിയുള്ള ജീവഹാനിയും പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുടനീളം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കൊഗ്നിഷൻ എന്നീ അത്യാധുനിക സാങ്കേതിക വിദ്യകളോടു കൂടിയ ക്യാമറകൾ, സ്പീഡ് റഡാറുകൾ, വെഹിക്കിൾ മൗണ്ടഡ് സ്പീഡ് റഡാറുകൾ എന്നിവ സ്ഥാപിച്ചു. സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിനായി 14 ജില്ലകളിലും കൺട്രോൾ റൂമുകൾ സജ്ജമാക്കി.
- യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ അനുബന്ധ സ്ഥാപനമായ 'കെ.എസ്.ആർ.ടി.സി. 'സ്വിഫ്റ്റ്' ആരംഭിച്ചു
- പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യും, ഇന്ത്യൻ ഓയിൽ കോർപ്പറേഷനും സംയുക്തമായി നടപ്പാക്കുന്ന 'യാത്രാ ഫ്യുവൽസ് ' പദ്ധതി ആരംഭിച്ചു.
- കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം 'ജി-സ്പാർക്ക് ' മുഖാന്തരം നൽകുന്ന പദ്ധതി പൂർത്തിയാക്കി 2021 ജൂൺ മുതൽ ശമ്പളം ഇതുവഴി നൽകി വരുന്നു. ഇതിനുപുറമെ ജീവനക്കാരുടെ പൂർണമായ വ്യക്തിഗത, സർവ്വീസ് വിവരങ്ങൾ ഉൾപ്പെടുത്തിയ 'ഇ-സർവ്വീസ് ' പദ്ധതിയുടെ പൂർത്തീകരണം അന്തിമഘട്ടത്തിൽ.
- പൊതുജനങ്ങൾക്ക് തിരുവനന്തപുരം നഗരത്തിലെ സുപ്രധാന ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് അനായാസം എത്തിച്ചേരുന്നതിനായി 'സിറ്റി സർക്കുലർ' സർവ്വീസുകൾ ആരംഭിച്ചു. സമാന്തര ബൈപ്പാസുകൾ വഴി യാത്രക്കാർക്ക് വേഗത്തിൽ ലക്ഷ്യസ്ഥാനത്ത് എത്താൻ സാധിക്കുന്ന 'ബൈപ്പാസ് റൈഡർ' സർവ്വീസുകൾ തുടങ്ങി.
- ശുചിത്വവും, അന്താരാഷ്ട്ര നിലവാരവുമുള്ള ബസ് സ്റ്റേഷനും അനുബന്ധ സജ്ജീകരണങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി തൊടുപുഴ, പാല, പത്തനംതിട്ട ഡിപ്പോകളിൽ പുതിയ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ തുറന്നു.
- വിവിധ തരം ലൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സിയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും ചേർന്ന് നടപ്പാക്കുന്ന 'കെ.എസ്.ആർ.ടി.സി ല്യൂബ് ഷോപ്പ് ' പദ്ധതി ആരംഭിച്ചു.
- മത്സ്യവിപണന രംഗത്തുള്ള തൊഴിലാളി സ്ത്രീകൾക്ക് ആയാസ രഹിതമായി മത്സ്യം മാർക്കറ്റിൽ എത്തിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.യും, ഫിഷറീസ് വകുപ്പുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. 'സമുദ്ര' സർവ്വീസ് ആരംഭിച്ചു. ■

# കായിക വികസനത്തിന്റെ ട്രാക്കിൽ കുതിക്കുകയാണ് കേരളം



**കോവിഡ് വ്യാപനം മന്ദഗതിയിലാക്കിയ കേരളത്തിന്റെ കായിക വികസനം രോഗവ്യാപനം കുറഞ്ഞതോടെ സജീവമാകുകയാണ്. അന്താരാഷ്ട്ര മത്സരങ്ങൾക്ക് വേദിയൊരുക്കിയും താരങ്ങൾക്കു മുന്നേറാൻ തണലൊരുക്കിയും സർക്കാർ കായിക മേഖലയെ സജീവമാക്കുകയാണ്. കായികമേഖലയ്ക്ക് ദിശാബോധം നൽകാൻ പുതിയ കായികനയം രൂപീകരിക്കാനും സർക്കാർ തയ്യാറെടുക്കുന്നു**

**വി അബ്ദുറഹിമാൻ**
കായിക വകുപ്പ് മന്ത്രി

### കായിക കേരളത്തിന്റെ ഒരു വർഷത്തെ പ്രവർത്തനത്തെ മന്ത്രിയെന്ന നിലയിൽ എങ്ങനെ വിലയിരുത്തുന്നു?

മറ്റെല്ലാ മേഖലകളെയും പോലെ കോവിഡ് രോഗവ്യാപനം കഴിഞ്ഞ കുറേ മാസങ്ങളായി കായിക മേഖലയുടെ പ്രവർത്തനത്തെയും ബാധിച്ചിരുന്നു. എന്നാൽ മഹാമാരിയുടെ ഭീഷണി കുറഞ്ഞതോടെ കായികമേഖല ഉണർവിലെത്തിക്കഴിഞ്ഞു. രോഗഭീതി ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം വർധിപ്പിച്ചതിനാൽ കളിക്കളങ്ങളിലും കായികവിനോദങ്ങളിലും ഏർപ്പെടുന്നവരുടെ എണ്ണം കൂടിയിട്ടുണ്ട്. ഈ അവസരം പ്രയോജന പ്പെടുത്തി കായികമേഖലയുടെ വികസനം സർക്കാർ ഊർജിതമായി നടപ്പാക്കുകയാണ്.

### ഇക്കാലയളവിലെ നേട്ടങ്ങൾ എന്തൊക്കെയാണ് ?

കായികമേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്ന നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ തുടങ്ങിയിയിരുന്നു. കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ തനത് ഫണ്ടും ഉൾപ്പെടെ 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസനമാണ് സംസ്ഥാനത്തെ കായിക മേഖലയിൽ നടപ്പാക്കി കൊണ്ടിരിക്കുന്നത്. ഇവ പൂർത്തിയാകുന്നതോടെ കേരളത്തിൽ 43 ഫുട്ബോൾ ഗ്രൗണ്ട്, 33 ഇൻഡോർ സ്റ്റേഡിയം, 27 സിന്തറ്റിക് ട്രാക്ക്, 33 സ്വിമ്മിംഗ് പൂൾ എന്നിവ യാഥാർഥ്യമാകും. ഈ പ്രവൃത്തികൾ അതിവേഗത്തിലാക്കാൻ നടപടി സ്വീകരിച്ചു. നിർമ്മാണത്തിലെ തടസ്സങ്ങൾ ചർച്ചയിലൂടെ പരിഹരിച്ചു.

സ്പോർട്സ് സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയതും പ്രധാന നേട്ടമാണ്. ജി. വി. രാജ സ്കൂളിൽ 20 കോടി രൂപ യുടെയും കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ 10 കോടിയുടെയും വികസനം നടപ്പാക്കി. കൊടുമൺ, നീലേശ്വരം, മട്ടന്നൂർ, പറളി, തിരുമിറ്റക്കോട്, ചിറ്റൂർ കായികസമുച്ചയങ്ങൾ പൂർത്തിയായി. കായികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും നടത്തിപ്പിനും പരിപാലനത്തിനും കായികവകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്.കെ. എഫ്) എന്ന പൊതുമേഖലാ കമ്പനി രൂപീകരിച്ചത് സുപ്രധാന നേട്ടമാണ്. ടൂർണമെന്റുകളുടെ നടത്തിപ്പ് ഉൾപ്പെടെ എസ് കെ എഫ് നിർവഹിക്കുകയാണ്.

### ഇപ്പോഴത്തെ സാഹചര്യത്തിൽ പുതിയ കായിക നയം ആവശ്യമല്ലേ ?

അതിനുള്ള നടപടികൾ അതിവേഗത്തിൽ പുരോഗമിക്കുകയാണ്. കായിക നയത്തിന്റെ കരട് അടുത്തുതന്നെ ജനങ്ങൾക്ക് സമർപ്പിക്കും. കേരളത്തിന്റെ കായികമേഖലയ്ക്ക് ഒരു ദിശാബോധം നൽകാൻ ഈ നയത്തിലൂടെ സാധിക്കും. സ്പോർട്സ് ഇക്കോണമി മിഷൻ എന്ന പുരോഗമനപരമായ കാഴ്ച്ചപ്പാട് നയത്തിലൂടെ മുന്നോട്ടുവെക്കുകയാണ്. സംസ്ഥാനത്തിന്റെ ജി ഡി പിയിൽ സ്പോർട്സിന്റെ പങ്ക് മൂന്ന് മുതൽ അഞ്ച് ശതമാനം വരെയായി ഉയർത്താൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഈ മിഷന്റെ ഭാഗമായി നടപ്പാക്കും. കായിക രംഗത്ത് സ്വകാര്യ മൂലധനം കൂടുതലായി നിക്ഷേപിക്കാൻ പ്രേരിപ്പിക്കുകയും അതിനുള്ള അവസരം ഒരുക്കുകയും ചെയ്യും. നിക്ഷേപകർക്ക് എല്ലാ സംരക്ഷണവും പിന്തുണയും നൽകും. ഇങ്ങനെ കേരളത്തിന്റെ കായിക മേഖലയെ അടിമുടി മാറ്റുന്നതാവും കായികനയം.

### ഫെഡറേഷൻ കപ്പ്, ദേശീയ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ്, സന്തോഷ് ട്രോഫി എന്നിവ ഉൾപ്പെടെ പല കായിക മത്സരങ്ങൾക്കും കേരളം വേദിയാകുന്നുണ്ടല്ലോ ?



കോവിഡ് ഭീഷണി ഏതാണ്ട് ഒഴിഞ്ഞു തുടങ്ങിയപ്പോൾ തന്നെ സംസ്ഥാനത്ത് കൂടുതൽ ദേശീയതല കായിക മത്സരങ്ങൾ സംഘടിപ്പിക്കാൻ കഴിയുന്നതിൽ ഏറെ അഭിമാനമുണ്ട്. വിവിധ കായിക സംഘടനകളുടെ ദേശീയ ഘടകങ്ങളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പല ദേശീയ, അന്തർദ്ദേശീയ ടൂർണമെന്റുകളുടെയും വേദിയായി കേരളം മാറുന്നത്. അതിന്റെ ഫലമായാണ് ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ആദ്യമായി കേരളത്തിൽ സംഘടിപ്പിച്ചത്. ഫെഡറേഷൻ കപ്പ് ദേശീയ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിനും കേരളം വേദിയായി. അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച രണ്ട് ഇന്ത്യ ഗ്രാൻപ്രി അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പുകൾ തിരുവനന്തപുരത്ത് നടന്നു. ഒപ്പം ആദ്യ ദേശീയ ജമ്പ്സ് ചാമ്പ്യൻഷിപ്പും തിരുവനന്തപുരത്ത് ന ടന്നു. കായിക കേരളത്തിന് ആവേശം പകരുന്ന തരത്തിൽ സന്തോഷ് ട്രോഫി മത്സരങ്ങൾക്കും മലപ്പുറം ജില്ല വേദിയാവുകയാണ്. ഇതെല്ലാം കേരളത്തിലെ കായിക പ്രതിഭകൾക്ക് നൽകുന്ന പ്രചോദനം വളരെ വലുതാണ്.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- പുതിയ കായികനയം രൂപീകരിക്കും. 43 ഫുട്ബോൾ ഗ്രൗണ്ടുകൾ, 33 ഇൻഡോർ സ്റ്റേഡിയങ്ങൾ, 27 സിന്തറ്റിക് ട്രാക്കുകൾ, 33 സ്വിമ്മിംഗ് പൂളുകൾ എന്നിവ നിർമ്മിക്കും.
- എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ നിർമ്മിക്കും. ആദ്യഘട്ടത്തിൽ 106 പഞ്ചായത്തുകളിൽ കളിക്കളം ഒരുക്കും. ടൂറിസം വകുപ്പുമായി ചേർന്ന് ഏഴ് ജില്ലകളിലെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഓപ്പൺ ജിം തുടങ്ങും. കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം, വയനാട്, മലപ്പുറം ജില്ലകളിലാണ് ഓപ്പൺ ജിം ഒരുക്കുക.



- വിവിധ ജില്ലകളിലായി പുതുതായി അഞ്ച് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മിക്കും. താഴേത്തട്ടിലുള്ള കായിക വികസനത്തിന് കുതിപ്പേകാൻ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതല സ്പോർട്സ് കൗൺസിലിന്റെ തെരഞ്ഞെടുപ്പ് യാഥാർഥ്യമാക്കും
- ഫിഫ, ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ (എ ഐ എഫ് എഫ്) എന്നിവരുടെ സഹകരണത്തോടെ അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്ന പദ്ധതിക്ക് തുടക്കമിടും. താരങ്ങൾക്കു പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകും. കോച്ചുമാർക്കും റഫറിമാർക്കും പരിശീലനം നൽകാനും ലൈസൻസ് ലഭ്യമാക്കാനും സൗകര്യം ഒരുക്കും.
- കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും പ്രവർത്തനങ്ങൾ പൂർണമായും ഡിജിറ്റലൈസ് ചെയ്യും.
- അത്‌ലറ്റിക്സിനായി സ്പ്രിന്റ്, ജൂഡോയ്ക്കായി ജൂഡോക്ക, ബോക്സിങ്ങിനായി പഞ്ച് എന്നീ പരിശീലന പരിപാടികൾ സ്കൂളുകളിൽ പുതുതായി ആരംഭിക്കും. ആദ്യഘട്ടത്തിൽ അഞ്ചു ബോക്സിങ്ങ് കേന്ദ്രങ്ങളും അഞ്ചു ജൂഡോ കേന്ദ്രങ്ങളും തുടങ്ങും.
- പ്രൈമറി വിദ്യാർഥികളുടെ ശാരീരിക-മാനസിക കഴിവുകൾ വർധിപ്പിക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന ഗവൺമെന്റ് പ്ലേ ഫോർ ഹെൽത്ത് പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിക്കും.
- കിഫ്ബി ഫണ്ടും കായിക വകുപ്പിന്റെ തനത് ഫണ്ടും ഉപയോഗപ്പെടുത്തി 43 ഫുട്ബോൾ ഗ്രൗണ്ടുകൾ, 33 ഇൻഡോർ സ്റ്റേഡിയങ്ങൾ, 27 സിന്തറ്റിക് ട്രാക്കുകൾ, 33 സ്വിമ്മിംഗ് പൂളുകൾ എന്നിങ്ങനെ കായികരംഗത്ത് 1000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ മികച്ച പുരോഗതി.
- പറളിയിൽ സ്പോർട്സ് ഫെസിലിറ്റി സെന്റർ ആരംഭിച്ചു. പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട്, ചിറ്റൂർ എന്നിവിടങ്ങളിലും കൊടുമൺ, അയ്മനം എന്നിവിടങ്ങളിലും കായിക




സമുച്ചയങ്ങളും നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്കും പൂർത്തിയാക്കി.

- 'ഖേലോ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തി, കണ്ണൂരിലെ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജ്, കുന്ദംകുളം ജിഎച്ച്എസ്എസ് എന്നിവിടങ്ങളിൽ ഏഴ് കോടി രൂപ വീതം മുടക്കി സിന്തറ്റിക് ട്രാക്ക് നിർമ്മാണം ആരംഭിച്ചു.
- കായിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പരിപാലനവും മറ്റു കായിക പ്രവർത്തനങ്ങളും നിർവഹിക്കാൻ കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്കെഎഫ്) എന്ന പൊതുമേഖല സ്ഥാപനം ആരംഭിച്ചു.
- വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 2017 ൽ കായികവകുപ്പ് ഏറ്റെടുത്ത രണ്ട് സ്പോർട്സ് സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി.
- ജി. വി.രാജ സ്പോർട്സ് സ്കൂളിൽ 16 കോടി രൂപ യുടെയും കണ്ണൂർ സ്പോർട്സ് സ്കൂളിൽ ആറ് കോടിയുടെയും വികസനം നടപ്പാക്കി.
- ജി.വി.രാജയിൽ പുതിയ ഫുട്ബോൾ, ഹോക്കി ഗ്രൗണ്ടുകളും സിന്തറ്റിക് ട്രാക്കും ഇൻഡോർ സ്റ്റേഡിയവും ഒരുക്കി. കണ്ണൂരിൽ പുതിയ ഹോസ്റ്റൽ കെട്ടിടവും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഒരുക്കി.
- കോഴിക്കോട് രാമനാട്ടുകരയിലും അന്താരാഷ്ട്ര നിലവാരമുള്ള കായിക സമുച്ചയങ്ങൾ ഒരുക്കാൻ പ്രാരംഭ നടപടികൾ തുടങ്ങി. കായിക-യുവജന ഡയറക്ടറേറ്റിന്റെ മേഖലാഓഫീസുകൾ എറണാകുളത്തും കോഴിക്കോടും തുടങ്ങുന്ന നടപടികൾ അവസാന ഘട്ടത്തിൽ.
- പുതുതായി അഞ്ച് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളുടെ നിർമ്മാണത്തിൽ പുരോഗതി. കണ്ണൂരും തൃശൂരും സ്പോർട്സ് മെഡിസിൻ കേന്ദ്രങ്ങളുടെ നിർമ്മാണം അവസാനഘട്ടത്തിൽ.
- ഫുട്ബോൾ പ്രോത്സാഹനം ലക്ഷ്യമിട്ട് കായിക-യുവജനകാര്യ ഡയറക്ടറേറ്റിന്റെ രണ്ട് അക്കാദമികൾ കണ്ണൂരിലും തിരുവനന്തപുരത്തും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അക്കാദമി എറണാകുളത്തും ആരംഭിച്ചു.
- സംസ്ഥാനത്ത് ദേശീയ, അന്തർദ്ദേശീയ ടൂർണമെന്റുകൾ നടത്തുന്നതിന് ദേശീയതലത്തിലുള്ള കായിക സംഘടനകളുമായി ധാരണയിലെത്തി. മത്സരസംഘാടനം, കളിക്കാർക്കും പരിശീലകർക്കും റഫറിമാർക്കുമുള്ള പരിശീലനം, സ്കൗട്ടിങ്ങ് തുടങ്ങിയ കാര്യങ്ങളിൽ ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനുമായി സഹകരണം ഉറപ്പാക്കി.
- അവശ കായികതാരങ്ങളുടെ പെൻഷൻ 1300 രൂപയായി വർധിപ്പിച്ചു. പെൻഷന് അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയാക്കി വർധിപ്പിച്ചു. ■



# ഉറപ്പായി ഭക്ഷ്യസുരക്ഷ
# സുതാര്യമായി റേഷൻ



**സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ, റേഷൻ വിതരണം അർഹർക്ക് മാത്രമെന്ന് ഉറപ്പാക്കൽ, പൊതുവിതരണ വകുപ്പിന്റെ ആധുനികവത്കരണം, വിപണിയിൽ കാര്യക്ഷമമായി ഇടപെടൽ എന്നിവയിൽ ഒരു വർഷത്തിനുള്ളിൽ ഏറെ നേട്ടങ്ങൾ കൈവരിക്കാനായി**

**ജി ആർ അനിൽ**
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി

### പൊതുവിതരണരംഗത്ത് ഇന്ത്യയിലെ മാതൃകാസംസ്ഥാനമാണ് കേരളം. സാധാരണക്കാരുടെ ആശ്രയമായ റേഷൻ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ?

നിസ്വർക്കും പാർശ്വവത്കൃതർക്കും ഒപ്പം നിലകൊള്ളുന്ന സർക്കാരാണിത്. തെരുവിലും പുറമ്പോക്കിലും ജീവിക്കുന്നവർക്ക് സ്ഥിരതാമസരേഖകളൊന്നും കൂടാതെ ആധാർ കാർഡിന്റെയും സത്യവാങ്മൂലത്തിന്റെയും മാത്രം അടിസ്ഥാനത്തിൽ റേഷൻകാർഡുകൾ നൽകി. നിലവിൽ ഒരു കാർഡിലും ഉൾപ്പെടാത്ത ഭിന്നലിംഗവിഭാഗത്തിൽപ്പെട്ടവർക്കും ഇത്തരത്തിൽ കാർഡുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകളിലൂടെ വാതിൽപ്പടി റേഷൻ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലെ വിദൂരസ്ഥമായ ആദിവാസി ഊരുകളിലേക്ക് വാഹനങ്ങളിൽ റേഷൻസാധനങ്ങൾ എത്തിച്ചുനൽകുന്നു.

### വകുപ്പിന്റെ പ്രവർത്തനത്തിൽ പൊതുവെയും റേഷൻ വിതരണത്തിൽ പ്രത്യേകിച്ചും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താനായി സ്വീകരിച്ച നടപടികൾ?

എല്ലാ മാസവും നടത്തുന്ന മന്ത്രിയുടെ ഫോൺ ഇൻ പരിപാടിയും വകുപ്പിനെ സംബന്ധിച്ച പൊതുജനങ്ങളുടെ അതത് മാസത്തെ പരാതികൾക്ക് അടുത്ത ഫോൺ ഇൻ പരിപാടിക്ക് മുൻപ് പരിഹാരം കാണുന്നതും മികച്ച പ്രതികരണമാണ് സൃഷ്ടിക്കുന്നത്. അനർഹമായി മുൻഗണനാ കാർഡ് കൈവശം വെച്ചിരിക്കുന്നവർ അത് സറണ്ടർ ചെയ്യണമെന്ന ആഹ്വാനം ഫലംകണ്ടു. ഇങ്ങനെ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്ന 1,69,291 കാർഡുടമകൾ സ്വമേധയാ സറണ്ടർ ചെയ്തു. സറണ്ടർ ചെയ്ത കാർഡ് 1,53,254 അർഹരായവർക്ക് വിതരണം ചെയ്തു.

താൽകാലികമായി റദ്ദുചെയ്ത റേഷൻകടകൾ സംബന്ധിച്ച ഫയലുകൾ തീർപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിച്ചു. റേഷൻ കാർഡ് ശുദ്ധീകരണത്തിന് തെളിമ പദ്ധതി നടപ്പിലാക്കി.

എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെയാണ് പദ്ധതി. വിവിധ കാരണങ്ങളാൽ സ്ഥിരമായി റദ്ദുചെയ്തതും സമീപത്തെ റേഷൻകടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിച്ചുവരുന്നതുമായ 599 റേഷൻകടകൾ പുതിയ ലൈസൻസികളെ കണ്ടെത്തുന്നതിനായി വിജ്ഞാപനം ചെയ്യുവാൻ തീരുമാനമായി.

### മന്ത്രി എന്ന നിലയിൽ ഈ കാലയളവിലെ അഭിമാനാർഹമായ ചുവടുവയ്പ് ?

മുൻഗണനാ കാർഡുകൾ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് വിതരണം ചെയ്യാനായത് സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ചുവടുവെയ്പ്പായി മാറി.

മുൻഗണനാകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ ശിക്ഷയോ കൂടാതെ കാർഡുകൾ തിരിച്ചേൽപ്പിക്കുവാൻ അവസരം നൽകിയിരുന്നു. 2022 ഫെബ്രുവരി 12 വരെ 14,350 AAY കാർഡുകൾ, 89,068 PHH കാർഡുകൾ 65,873 NPS കാർഡുകൾ ഉൾപ്പെടെ ആകെ 1,69,291 കാർഡുകൾ സ്വമേധയാ സർക്കാരിലേക്ക് തിരിച്ചേൽപ്പിക്കപ്പെട്ടു. ആ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തുന്ന നടപടി പൂർത്തിയായി വരുന്നു. 2022 ഫെബ്രുവരി 12 വരെ 17,230 AAY കാർഡുകളും, 1,34,702 PHH കാർഡുകളും ഉൾപ്പെടെ 1,53,254 മുൻഗണനാ കാർഡുകളും അർഹതപ്പെട്ടവർക്ക് നൽകുകയുണ്ടായി. റേഷൻ വ്യാപാരികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തിയത്, സപ്ലൈകോ സേവനങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചത് എന്നിവയും അഭിമാനനേട്ടങ്ങളാണ്.



### വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ?

ആധുനികവത്കരണത്തിന്റെ പാതയിലാണ് വകുപ്പ്. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1000 റേഷൻ കടകൾ കണ്ടെത്തി പശ്ചാത്തല സൗകര്യം വികസിപ്പിച്ച് സ്മാർട്ട് കാർഡുകളുടെ സഹായത്തോടുകൂടി ബാങ്കിംഗ് സേവനങ്ങൾ, (5000 രൂപ വരെ) യൂട്ടിലിറ്റി സർവീസ് ബിൽ പെയ്മെന്റ്, ഇ-സേവനം എന്നിവ നടപ്പിലാക്കുന്ന പദ്ധതി ഉടൻ ആരംഭിക്കും. മുൻഗണന റേഷൻ കാർഡുകളുടെ അപേക്ഷ ഓൺലൈൻ വഴിയാക്കും. ഒന്നാംഘട്ട പുതിയ 599 റേഷൻ കടകളുടെ അലോട്ട്മെന്റ്, സംസ്ഥാനത്തെ എല്ലാ റേഷനിംഗ് താലൂക്കുകളിലും ശാസ്ത്രീയമായ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കും.

# സാർത്ഥകമായ 100 ദിനങ്ങൾ

- റേഷൻകടകളുടെ ഓൺ ലൈൻ പരിശോധന സാധ്യമാക്കുന്ന എഫ്. പി. എസ് മൊബൈൽ എന്ന മൊബൈൽ ആപ്പ് പുറത്തിറക്കി.
- സിവിൽ സപ്ലൈസ് വകുപ്പിന്റെ എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റി.
- ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ജി.പി.എസ് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കി.
- ജില്ലാ സപ്ലൈ ഓഫീസുകളിൽ ഉപഭോക്തൃ സഹായ കിയോസ്കുകളുടെ പ്രവർത്തനം ആരംഭിച്ചു.
- ഫയൽ കുടിശ്ശിക നിവാരണ യജ്ഞം നടപ്പിലാക്കി.
- പുനഃസംഘടിപ്പിക്കപ്പെട്ട സംസ്ഥാന, ജില്ലാ, താലൂക്ക്തല വിജിലൻസ് കമ്മിറ്റികൾ, റേഷൻകട തലത്തിലുള്ള വിജിലൻസ് സമിതികൾ എന്നിവ രൂപീകരിച്ചു.
- പുതിയതും നവീകരിച്ചതുമായ 25 സപ്ലൈകോ വില്പന ശാലകൾ പ്രവർത്തനം ആരംഭിച്ചു.



- വയനാട് മാനന്തവാടിയിൽ സപ്ലൈകോയുടെ പുതിയ പെട്രോൾ ബങ്ക് നിർമ്മാണോദ്ഘാടനം.
- കൊല്ലം NFSA ഗോഡൗൺ, കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ്, സൗത്ത് റേഷനിംഗ് കൺട്രോൾ ഓഫീസ് എന്നിവ പ്രവർത്തനമാരംഭിച്ചു.
- വയനാട് ജില്ലയിൽ ലീഗൽ മെട്രോളജി വകുപ്പിന് ഓഫീസ് കെട്ടിടം/ ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം ആരംഭിച്ചു.
- അളവ് തൂക്ക ഉപകരണങ്ങളുടെ പുനഃപരിശോധനാ അദാലത്ത് സംഘടിപ്പിച്ചു.
- 'ക്ഷമത പദ്ധതി'- പെട്രോൾ പമ്പുടമകളെ ബോധവൽക്കരിക്കുന്നതിനു 1000 പമ്പുകളിൽ പരിശോധന നടത്തി കുറവുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് പമ്പുടമകൾക്ക് നൽകുന്ന പദ്ധതി ആരംഭിച്ചു.
- 'സുതാര്യം പദ്ധതി'- വില വിവര പട്ടിക പ്രദർശിപ്പിക്കൽ, അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തൽ, വിൽപനയുടെ ബിൽ നൽകൽ എന്നിവ സംബന്ധിച്ച് വ്യാപാരികളെ ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 50000 വ്യാപാര സ്ഥാപനങ്ങൾ ലീഗൽ മെട്രോളജി, പൊതുവിതരണ, റവന്യു വകുപ്പുകളിലെ സംയുക്ത സ്ക്വാഡ് പരിശോധന നടത്തുന്ന പദ്ധതി ആരംഭിച്ചു.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ



- സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം ഊർജിതമാക്കി. കഴിഞ്ഞ വർഷം (2020-21) 7.65 ലക്ഷം മെട്രിക്ക് ടൺ നെല്ല് സംഭരിച്ചു.
- സംസ്ഥാനത്ത് 13 പുതിയ റേഷൻകടകൾ ആരംഭിച്ചു.
- സംസ്ഥാനത്തെ ജനകീയ ഹോട്ടലുകൾക്ക് മാസം 600 കിലോ അരി 10.90രൂപ നിരക്കിൽ നൽകി വരുന്നു.
- സപ്ലൈകോ ഔട്ട് ലെറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്ന 'ട്രാക്ക് സപ്ലൈകോ', ഉപഭേക്താവിന് ലഭിക്കുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തി സപ്ലൈകോ അധികാരികളെ അറിയിക്കുന്നതിന് 'ഫീഡ്ബാക്ക് സപ്ലൈകോ' സംവിധാനങ്ങൾ ഏർപ്പെടുത്തി.
- പോക്കറ്റിൽ സൂക്ഷിക്കാവുന്ന എ.ടി.എം കാർഡ് രൂപത്തിലുള്ള പി.വി.സി റേഷൻ കാർഡുകൾ വിതരണം ചെയ്തു.
- വിപണി ഇടപെടലിന്റെ ഭാഗമായി ഓണക്കാലത്തും 2021 നവംബർ - ഡിസംബർ മാസത്തിലും 700 കേന്ദ്രങ്ങളിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ എത്തി.
- ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ കോന്നിയിൽ പ്രവർത്തിക്കുന്ന സി.എഫ്.ആർ.ഡി-യുടെ വെബ് സൈറ്റ് ഉദ്ഘാടനം ചെയ്തു.
- ജീവനക്കാർക്കു പരിശീലനം നൽകുന്നതിനു കോന്നി സി.എഫ്.ആർ.ഡിയിൽ ഇൻസ്റ്റിറ്റ്യൂട്ട്.
- ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ സോഷ്യൽ മീഡിയ ലാബ്, ഉപഭോക്തൃ തർക്കപരിഹാര കമ്മിഷൻ മീഡിയേഷൻ സെൽ ഉദ്ഘാടനം.
- തിരുവല്ല, വാഗമൺ എന്നിവിടങ്ങളിൽ പുതിയ പെട്രോൾ ബങ്ക്.
- സപ്ലൈകോ വില്പനശാലകളിലേയും സ്റ്റോക്ക്, സെയിൽസ്, പർച്ചെയ്സ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും കേന്ദ്രീകൃതമായി ലഭ്യമാകുന്ന ERP (Enterprise Resource Planning) സംവിധാനം ഉടൻ പ്രവർത്തനമാരംഭിക്കും.
- ലീഗൽ മെട്രോളജി വകുപ്പ് പാലക്കാട് ജില്ല ഓഫീസ് / ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം, എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ തെർമോമീറ്റർ കാലിബറേഷൻ ഫ്ളോമീറ്റർ കാലിബറേഷൻ ലബോറട്ടറികളുടെ ഉദ്ഘാടനം. ലീഗൽ മെട്രോളജി ഹെഡ്ക്വാർട്ടേഴ്സിലും ജോയിന്റ് കൺട്രോൾ ഓഫീസുകളിലും ഇ- ഓഫീസ് സംവിധാനം ഉദ്ഘാടനം. ■
- പുതിയതും നവീകരിച്ചതുമായ 58 സപ്ലൈകോ വിൽപനശാലകൾ ആരംഭിച്ചു.
- വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ യാഥാർഥ്യമാകും.
- കോവിഡ് ബാധിച്ച് മരണപ്പെട്ട റേഷൻ വ്യാപാരികൾക്ക് 7.5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഏർപ്പെടുത്തി.
- സപ്ലൈകോയിൽ ഓൺലൈൻ ഹോം ഡെലിവറി സംവിധാനം ഏർപ്പെടുത്തി.

# പ്രതിസന്ധിക്കാലത്തെ കരുതൽ
# വികസനത്തിൽ വിജയിച്ച ബദൽ



**രണ്ടാം കോവിഡ്  തരംഗത്തിന്റെ ഭീഷണി അടക്കം നിരവധി പ്രതിസന്ധികളെ തരണം ചെയ്താണ് രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒരു വർഷം പൂർത്തിയാകുന്നത്. സാമ്പത്തിക പ്രയാസങ്ങളുടെ നടുക്കടലിൽ നിൽക്കുമ്പോഴും സാമൂഹിക സുരക്ഷാ നടപടികൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും മുന്തിയ പരിഗണന നൽകി ഉൽപ്പാദനത്തേയും വിജ്ഞാനത്തേയും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയേയും മാറ്റിയെടുക്കാനും ശക്തിപ്പെടുത്താനും ഉതകുന്ന പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്**

**കെ എൻ ബാലഗോപാൽ**
ധനകാര്യ വകുപ്പ് മന്ത്രി

## കോവിഡ് പ്രതിസന്ധി ലോകമാകെത്തന്നെ സാമ്പത്തികവ്യവസ്ഥയെ രൂക്ഷമായി ബാധിച്ച ഒന്നാണ്. അതിന്റെ പ്രത്യാഘാതങ്ങൾ മറികടക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാനം കൈക്കൊണ്ടത്?

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്നവർക്ക് സഹായകരമായ ഇരുപതിനായിരം കോടിരൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ആയിരുന്നു ഇതിൽ പ്രധാനം. പാക്കേജിലെ പ്രഖ്യാപനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കാൻ സാധിച്ചു. കോവിഡ് അനുബന്ധ പാക്കേജിലെ കെ എഫ് സി ,കെ എസ് എഫ് ഇ എന്നിവ വഴി നടപ്പിലാക്കുന്ന 'ആശ്വാസ്' സാമ്പത്തിക സഹായ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാനായി. സർക്കാർ കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിട്ടുള്ളവർക്ക് 2021 ഡിസംബർ 31 വരെ വാടക ഒഴിവാക്കി നൽകി. രണ്ടാം കോവിഡ് തരംഗം സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും സംസ്ഥാനം പതുക്കെ കരകയറുന്നതിന് തെളിവാണ് ജി എസ് ടി വരുമാനത്തിൽ വന്ന ഉയർച്ച.

## കോവിഡ് പ്രതിസന്ധി വിപണിയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ എങ്ങനെയാണ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കാനായത് ?

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേക്കും പണം എത്തിക്കാൻ സർക്കാരിന് കോവിഡ് സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞു. ഇതിനായി 9018 കോടി രൂപ ചെലവാക്കി. സാമൂഹിക സുരക്ഷാ പെൻഷൻ നൽകാൻ 1700 കോടി, ആയിരം രൂപ വീതം വിവിധ വിഭാഗം ജീവനക്കാർക്ക് നൽകുന്നതിനായി 147 കോടി, വിവിധ ബോർഡുകൾക്ക് ശമ്പളം നൽകാൻ 30 കോടി, ഓണക്കിറ്റിന് 526 കോടി എന്നിങ്ങനെ വിവിധ മേഖലകളിൽ സഹായമെത്തിച്ചു. ഇത്തരം ഇടപെടലുകൾ കോവിഡ് മൂലം തകർന്ന വിപണിക്ക് ഊർജമായി മാറി.

## കേരളത്തിന്റെ കോവിഡ് സമാശ്വാസ പദ്ധതി എങ്ങനെയാണ് വേറിട്ടുനിൽക്കുന്നത്?

ലോകത്തിനും രാജ്യത്തിനും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കും മാതൃകയാകുന്ന ഒരു പദ്ധതിയാണ് ഈ കാലയളവിൽ പ്രഖ്യാപിച്ചത്. പദ്ധതി പ്രകാരം കോവിഡ് മൂലം മരണപ്പെടുന്ന ബി പി എൽ കുടുംബത്തിലെ ആശ്രിതർക്ക് മൂന്നു വർഷത്തേക്ക് പ്രതിമാസം 5000 രൂപ വീതം സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നു. കോവിഡ് ബാധിച്ച് മരണപ്പെട്ടുപോയ കുടുംബത്തിലെ പ്രധാന വരുമാനക്കാരനായ വ്യക്തിയെ ആശ്രയിച്ചുകഴിഞ്ഞിരുന്ന ബി.പി.എൽ കുടുംബങ്ങൾക്കാണ് സഹായം ലഭ്യമാകുക.ആദ്യം സമാശ്വാസം ലഭിക്കുന്ന മാസം മുതൽ മൂന്നു വർഷത്തേക്കാണ് പ്രതിമാസം 5000 രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയി സഹായം എത്തുക.

## കേരളത്തിന്റെ പശ്ചാത്തല സൗകര്യവികസനത്തിന് കിഫ്ബി എത്രമാത്രം സഹായകമാണ്?

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജം തുടങ്ങിയ വിവിധ മേഖലകളിലെ 8000 കോടിയുടെ 67 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വയനാട് തുരങ്കപാത, ദേശീയപാതയ്ക്കുള്ള ഭൂമി ഏറ്റെടുക്കാൻ ഉൾപ്പടെ കിഫ്ബി അംഗീകരിച്ച 962 പദ്ധതികളുടെ ആകെത്തുക 70,762 കോടി രൂപയാണ്.

## വികസനസമീപനത്തിൽ എന്താണ് കേരളത്തിന്റെ ബദൽ?


അടുത്ത 25 വർഷംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വികസിത, മധ്യവരുമാന രാജ്യങ്ങൾക്ക് സമാനമായി ഉയർത്തുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അത് പൂർത്തിയാക്കുന്ന തരത്തിൽ ഉൽപ്പാദനത്തേയും വിജ്ഞാനത്തേയും ബന്ധിപ്പിച്ച് ഒരു നവകേരള സൃഷ്ടിക്ക് ഉതകുന്ന രീതിയിലുള്ള സമ്പൂർണ്ണ ബഡ്ജറ്റാണ് 2022 - 23 കേരള ബഡ്ജറ്റ്. നവലിബറൽ നയങ്ങൾ ഏറ്റവും ശക്തമായി നടപ്പിലാക്കുന്ന ഇന്ത്യയിൽ അതിന് ബദൽ സൃഷ്ടിക്കാൻ ഫെഡറലിസത്തിന്റെ ഭാഗമായുള്ള ഒരു സംസ്ഥാനത്തിന് കഴിയുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ബഡ്ജറ്റ്.

## കേരള ഗ്രാമീൺ ബാങ്കിനെ ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാർ നടപടികൾ ഫലം കണ്ടിട്ടുണ്ടോ?

കേരള ഗ്രാമീൺ ബാങ്കിന് അധിക മൂലധനമായി കേരളം 94.12 കോടി രൂപ നൽകി. ഇതിനായി പണം നൽകുമെന്ന് സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതോടെ ബാങ്കിന്റെ മൂലധന പര്യാപ്തത 11 ശതമാന മായി ഉയർന്നു. കേന്ദ്ര സർക്കാരിന് 50 ശതമാനവും സ്പോൺസർ ബാങ്കിന് 35 ശതമാനവും കേരള സർക്കാരിന് 15 ശതമാനവുമാണ് ഗ്രാമീൺ ബാങ്കിലെ ഓഹരി. മൂലധന പര്യാപ്തത ഒമ്പതു ശതമാനമായി നിലനിർത്താൻ ഓഹരി പൊതുവില്പ്പന വേണമെന്നും സ്വകാര്യപങ്കാളിത്തത്തിലൂടെ കടപ്പത്രം വഴിയോ മറ്റോ പണം സമാഹരിക്കണമെന്നുമൊക്കെ ചില കേന്ദ്രങ്ങളിൽനിന്ന് പ്രചാരണമുണ്ടായ സമയത്താണ് ബാങ്ക് പൊതുമേഖലയിൽ നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ഇടപെട്ടത്. അത് നടപ്പിലായതോടെ ബാങ്കിലെ സംസ്ഥാന സർക്കാർ ഓഹരി പങ്കാളിത്തം പൂർണതോതിൽ നിലനിർത്താനായി.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- കോവിഡ് മഹാമാരി അടക്കം പ്രതിസന്ധികളെ നേരിട്ട് കെ.എസ്.എഫ്.ഇയുടെ വിറ്റുവരവ് 59,323 കോടി പിന്നിട്ടു. ഒരു വർഷ കാലയളവിൽ കെ എസ് എഫ് ഇയിൽ 1004 തസ്തികയിലേക്ക് പി എസ് സി വഴി പുതിയ നിയമനം നടന്നു. പുതിയതായി 11 ബ്രാഞ്ചുകൾ തുടങ്ങി. കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ മേഖല ഓഫീസുകൾ ആരംഭിച്ചു.
- കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചെത്തിയ പ്രവാസികൾക്ക് സൂക്ഷ്മ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ കെ.എസ്.എഫ്.ഇ. യും നോർക്ക റൂട്ട്സും സംയുക്തമായി ആവിഷ്ക്കരിച്ച പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ സ്കീം. 6% പലിശ നിരക്കിൽ ഒരു ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെ വായ്പ ലഭിക്കും. വായ്പത്തുകയുടെ 25% പരമാവധി ഒരുലക്ഷം രൂപ വരെ മുതൽ സബ്സിഡി ഈ പദ്ധതിയിൽ ലഭ്യമാകും.
- കെ എഫ് സി വഴി ചെറുകിട ഇടത്തരം സംരംഭകർക്ക് 5% പലിശയിൽ ഒരു കോടി രൂപ വരെ വായ്പ നൽകുന്ന പുതിയ സർക്കാർ പദ്ധതി. ഒരു വർഷം 500 സംരംഭം എന്ന കണക്കിൽ അഞ്ച് വർഷം കൊണ്ട് 2500 വ്യവസായ സ്ഥാപനങ്ങളാണ് ലക്ഷ്യം.
- പണമില്ലാത്തതു കാരണം വിശപ്പടക്കാൻ പ്രയാസപ്പെടുന്ന മനുഷ്യർക്ക് കൈത്താങ്ങാകുന്ന ജനകീയ ഹോട്ടലുകൾക്ക് അടിയന്തര ധനസഹായമായി 30 കോടി രൂപ അനുവദിച്ചു.
- ശാരീരികമായ ഭിന്നശേഷികളുള്ള കുട്ടികൾക്കായി വാങ്ങുന്ന വാഹനങ്ങൾക്കുണ്ടായിരുന്ന നികുതി ഇളവ്



ആനുകൂല്യം സെറിബ്രൽ പാൾസിയും ഓട്ടിസവും ഉൾപ്പെടെ ബുദ്ധിപരമായ ഭിന്നശേഷികളുള്ള കുട്ടികൾക്ക് കൂടി അനുവദിച്ചു

- ജീവനക്കാർക്ക് പുതുക്കിയ ശമ്പളവും പെൻഷനും കൃത്യമായി നൽകിവരുന്നു. മാറ്റി വെച്ച ശമ്പളം പൂർണ്ണമായും തിരികെ നൽകി (ഏകദേശം 2500 കോടി രൂപ). പെൻഷൻ പരിഷ്ക്കരണ കുടിശ്ശികയായി 2600 കോടി രൂപയും നൽകി.
- യൂണിവേഴ്സിറ്റി ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണവും ഹോമിയോ കോളേജ് അധ്യാപകർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ആർ സി സി യിലടക്കം വിവിധ മേഖലയിൽ ശമ്പള പരിഷ്ക്കരണവും നടപ്പിലാക്കി.
- കേരളത്തിലെ പതിനഞ്ചാമത് സർവകലാശാലയായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ 118 തസ്തികകൾ അടക്കം 2951 പുതിയ തസ്തികൾ സൃഷ്ടിച്ചു. ഇതിനു പുറമെ ഇരുപതിനായിരത്തിലധികം പേർക്ക് പി എസ് സി വഴി അഡ്വൈസ് നൽകി.
- സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പണരഹിത ചികിത്സ ഉറപ്പ് നൽകുന്ന മെഡിക്കൽ ഇൻഷുറൻസ് പദ്ധതി 'മെഡിസെപ്പി'ന് മന്ത്രിസഭ അംഗീകാരം നൽകി.
- കൊല്ലം എൻ.ജി. ഒ ക്വാർട്ടേഴ്സിനു വേണ്ടി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കാൻ 27 കോടി രൂപയുടെ ഭരണാനുമതി നൽകി.
- നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ടാക്സ് പേയർ കാർഡ് അടക്കം നിരവധി പദ്ധതികൾ നടപ്പിലാക്കി.
- ചരക്ക് സേവന വകുപ്പ് പുനഃസംഘടന അന്തിമഘട്ടത്തിലേക്ക് നീങ്ങുകയാണ്.
- സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന കുടുംബശ്രീ ജീവനക്കാർക്ക് പരിരക്ഷ നൽകികൊണ്ടുള്ള 'ഒരുമ പദ്ധതി' മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.■



# മുഖച്ഛായ മാറുന്ന ഉന്നത വിദ്യാഭ്യാസം

**ഡോ. ആർ. ബിന്ദു**
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി

### മന്ത്രിയെന്ന നിലയിൽ ഒരു വർഷത്തെ മുന്നേറ്റത്തെ എങ്ങനെ വിലയിരുത്തുന്നു?

വിപണിതാല്പര്യങ്ങൾക്ക് മുഖ്യപരിഗണന നൽകി പാശ്ചാത്യരാജ്യങ്ങൾ രൂപപ്പെടുത്തുന്ന വൈജ്ഞാനിക സമൂഹങ്ങൾക്ക് ബദലായി സാമൂഹിക കാഴ്ചപ്പാടുകളുള്ള ഒരു നവവൈജ്ഞാനിക സമൂഹത്തിന് മാതൃകയൊരുക്കുവാനുള്ള നടപടികളുമായാണ് ഉന്നത വിദ്യാഭ്യാസവകുപ്പ് മുന്നേറുന്നത് . സമൂഹത്തിന്റെ വിശാല താൽപര്യങ്ങൾക്കാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളിൽ ഈ സർക്കാരിന്റെ മുൻഗണന.

അതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. എല്ലാവർക്കും സാമൂഹികനീതി ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഇക്കാലയളവിൽ ഊന്നൽ നൽകിയത്.



### സാമൂഹിക നീതി ഉറപ്പാക്കാനുള്ള എന്തൊക്കെ പദ്ധതികളാണ് ഈ രംഗത്തു നടപ്പിലാക്കുന്നത് ?

വയോജന പരിപാലനത്തിൽ മികച്ച ദേശീയമാതൃക തീർത്ത നാടാണ് കേരളം. വയോജന സംരക്ഷണത്തിനൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെക്കൂടി മുഖ്യധാരയിലേക്കും നേതൃത്വത്തിലേക്കും കൊണ്ടുവരുന്ന വിധത്തിലുള്ള സമീപനത്തോടെ വ്യത്യസ്ത പരിപാടികൾ വകുപ്പ് നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി നമ്മുടെ പൊതുഇടങ്ങളേയും സ്ഥാപനങ്ങളേയും ഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്ക് കൂടി പ്രാപ്യമാക്കുന്ന വിധത്തിൽ തടസ്സരഹിത കേരളം എന്ന ആശയത്തെ വികസിപ്പിക്കുകയാണ് സർക്കാർ.

### ഈ രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു ?

എല്ലാ ബ്ലോക്കുകളിലും 'സഹജീവനം' ഭിന്നശേഷി സഹായകേന്ദ്രങ്ങൾ തുറന്നു. പുനഃരധിവാസ സേവനങ്ങൾ ഗ്രാമതലങ്ങളിൽ എത്തിക്കാൻ റിഹാബ് എക്സ്പ്രസ്സ് പദ്ധതി നടപ്പിലാക്കി. പ്രശ്നപരിഹാരത്തിനും ക്ഷേമത്തിനും ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജില്ലാതലത്തിൽ ഒരിടം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും ട്രാൻസ് ജെൻഡർ ഫോറം രൂപീകരിച്ചു. ഭിന്നശേഷി സൗഹൃദവാഹന പദ്ധതി - വീൽ ട്രാൻസ് പ്രൊജക്ട് ആരംഭിച്ചു. തിരുവനന്തപുരത്ത് ഭിന്നശേഷി സൗഹൃദ പാർക്ക് നിർമ്മിച്ചു. ഇങ്ങനെ ഒട്ടേറെ നേട്ടങ്ങൾ ഇക്കാലയളവിൽ നേടാൻ സാധിച്ചിട്ടുണ്ട്.

### ഉന്നതവിദ്യാഭ്യാസ രംഗത്തെ ഉറച്ച ചുവടുവയ്പ്പായി കരുതുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ?

കലാലയങ്ങളിൽ അടിസ്ഥാന സൗകര്യ വിപുലീകരണം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയതിനൊപ്പം അക്കാദമിക് പ്രവർത്തനങ്ങളും ഗവേഷണസൗകര്യങ്ങളും ലോകോത്തരമികവിലേക്ക് ഉയർത്താൻ സാധിച്ചു എന്നതാണ് മികച്ച നേട്ടമായി കാണുന്നത്. സംസ്ഥാനത്ത് ജ്ഞാന സമൂഹസൃഷ്ടിക്കും തദ്ദേശീയ സാമൂഹിക-സാമ്പത്തിക ഘടനയുടെ വികസനത്തിനും യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും സർവ്വകലാശാല നിയമങ്ങളുടെ ഉള്ളടക്കവും പരീക്ഷയുൾപ്പെടെയുള്ള സേവനങ്ങളും പരിഷ്കരിക്കുന്നതിനായി നിർദ്ദേശങ്ങൾ തയ്യാറാക്കാൻ മൂന്നു കമ്മീഷനുകൾ രൂപീകരിക്കാനും ഇക്കാലയളവിൽ സാധിച്ചു. സർവ്വകലാശാലാ നിയമഭേദഗതി, സ്വാശ്രയകോളേജ് അധ്യാപകരുടെ നിയമനവും



**വൈജ്ഞാനിക സമൂഹങ്ങൾക്കു പുത്തൻ മാതൃക തീർത്തും ജനകീയവും ജനാധിപത്യവും മതനിരപേക്ഷവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തിയും ഉന്നത വിദ്യാഭ്യാസ രംഗം മുന്നേറുകയാണ്. കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ  വർധിപ്പിക്കുന്നതിനൊപ്പം അക്കാദമിക് രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തിയും പുതിയ കോഴ്സുകൾ അനുവദിച്ചും കേരളം അക്കാദമിക് രംഗത്ത് രാജ്യത്തിന് തന്നെ മാതൃക തീർക്കുന്നു**

സേവനവ്യവസ്ഥകളും ഉൾപ്പെടുന്ന ബിൽ പാസാക്കിയത് തുടങ്ങി ഒട്ടേറെയുണ്ട് നേട്ടങ്ങൾ.

### സാമൂഹിക നീതിവകുപ്പിൽ ഒരു വർഷത്തെ അഭിമാനാർഹമായ ചുവടുവയ്പ്പുകൾ ഏതൊക്കെയാണ് ?

നിഷിന്റെ നേതൃത്വത്തിൽ മലയാള അക്ഷരമാലയിൽ ഏകീകൃത ആംഗ്യഭാഷാലിപി രൂപകല്പന ചെയ്തു എന്നതാണ് മികച്ച നേട്ടം. ശ്രവണ പരിമിതർക്കായി ആംഗ്യഭാഷയിൽ മലയാളത്തിന് ലഭിക്കുന്ന അക്ഷരമാലയാണത്. ഈ രംഗത്തെ കുട്ടികളും അധ്യാപകരും കൈകോർത്തതിലൂടെയാണ് അത് സാധ്യമായത്. ഭിന്നശേഷി പുനഃരധിവാസത്തിന് വെർച്വൽ റിയാലിറ്റി സംവിധാനം രാജ്യത്ത് ആദ്യമായി നടപ്പാക്കാനും ഒരു വർഷത്തിനിടയിൽ സാധിച്ചു. പെൻഷൻ കിട്ടുന്ന 5357 എൻഡോസൾഫാൻ ദുരിതബാധിതർക്ക് 1000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം, ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് 20000 രൂപ വീതം സ്ഥിര നിക്ഷേപം തുടങ്ങിയ ശ്രദ്ധേയമായ ചുവടുവയ്പ്പുകൾ സാധ്യമാക്കി.

## സാർത്ഥകമായ 100 ദിനങ്ങൾ

- 122 കോളേജുകളിൽ പശ്ചാത്തല സൗകര്യ വികസനം.
- 29 കോളേജുകളിൽ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു.
- എയിഡഡ് കോളേജുകൾക്ക് പശ്ചാത്തല സൗകര്യ വികസനത്തിന് ആദ്യമായി സർക്കാർ സഹായം.
- ആധുനിക ഗവേഷണ സൗകര്യങ്ങളോടു കൂടിയ പ്രത്യേക ബ്ലോക്കുകൾ, പുതുതലമുറ ലാബ്സൗകര്യങ്ങൾ, പുതിയ ക്ലാസ് മുറികൾ, ലൈബ്രറി കെട്ടിടങ്ങൾ, ജിം സൗകര്യങ്ങളോടു കൂടിയ കായിക വികസന പദ്ധതികൾ, സ്പോർട്സ് ഗാലറികൾ, സെമിനാർ ഹാളുകൾ, ഓഡിറ്റോറിയങ്ങൾ, പെൺകുട്ടികൾക്കായുള്ള പ്രത്യേക സൗകര്യങ്ങൾ, ശുചിമുറികൾ, കുടിവെള്ള വിതരണ സംവിധാനങ്ങൾ, വിശ്രമമുറികൾ.
- ആദ്യ നൂറുദിനത്തിനകം കോവിഡ് കാല കൈത്താങ്ങായി ഭിന്നശേഷിക്കാരായ 534 ലോട്ടറിവിൽപ്പനക്കാർക്ക് 5000 രൂപ വീതം ബാങ്കുകളിലെത്തിച്ചു.
- ആദ്യ നൂറുദിനത്തിനകം 496 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങളും 877 ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പയും നൽകി.
- 263 ഭിന്നശേഷികുട്ടികൾക്ക് 'ഹസ്തദാനം' പദ്ധതിയിൽ 20,000 രൂപവീതം ആദ്യ നൂറു ദിനത്തിനകം സ്ഥിരനിക്ഷേപം നൽകി.
- കൈവല്യ പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് 50000 രൂപയുടെ സ്വയംതൊഴിൽ വായ്പ നൽകുന്നതിന് 405.80 ലക്ഷം രൂപ വിതരണം ചെയ്തു.
- ശുഭയാത്ര, ശ്രവൺ, കാഴ്ച എന്നീ പദ്ധതികളിലൂടെയുള്ള 2021 വർഷത്തെ സഹായ ഉപകരണങ്ങൾ വിതരണം നടത്തി.




## വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടന, ഉള്ളടക്കം, സർവ്വകലാശാല നിയമങ്ങൾ, പരീക്ഷാസംവിധാനം എന്നിവ പരിഷ്ക്കരിക്കാൻ കമ്മീഷനുകൾ രൂപീകരിച്ചു.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 1000 വിദ്യാർത്ഥി പ്രതിഭകൾക്ക് ഒരു ലക്ഷംരൂപ വീതം മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്ക്കാരം, മലയാളി ഗവേഷക പ്രതിഭകൾക്ക് കൈരളി പുരസ്കാരങ്ങൾ എന്നിവ ഏർപ്പെടുത്തി.
- നൂതന ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം - 100 ഗവേഷണ വിദ്യാർഥികൾക്ക് സർവകലാശാല ഫെല്ലോഷിപ്പുകൾ.
- സ്ത്രീ-പുരുഷവ്യത്യാസമില്ലാതെ അധ്യാപകർക്ക് ഇഷ്ടമുള്ള മാന്യമായ വസ്ത്രം ധരിക്കാൻ അനുമതി.
- ലിംഗ - സാമൂഹിക നീതി ഉറപ്പാക്കാൻ 'സമഭാവനയുടെ സർവ്വകലാശാലകൾ' പ്രചാരണത്തിന് തുടക്കം.
- കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വയംഭരണ പദവി നൽകി. മഹാത്മാഗാന്ധി സർവകലാശാലയിൽ 75 കോടി രൂപ ചെലവിൽ ആധുനികലാബ് സമുച്ചയ നിർമ്മാണം അവസാനഘട്ടത്തിൽ. പോളിടെക്നിക്കുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് സിവിൽ ലൈബ്രറി.
- ബ്ലോക്കുകളുടേയും ആധുനിക കെട്ടിടങ്ങളുടേയും നിർമ്മാണത്തിൽ പുരോഗതി.
- 2021-22 വർഷം IHRD യുടെ കീഴിലുള്ള വിവിധ കോളേജുകളിൽ പുതിയ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ, അധിക ബാച്ച് എന്നിവ അനുവദിച്ചു. സാങ്കേതിക വിദ്യാഭ്യാസരംഗത്തെ ഡിജിറ്റൽ അന്തരം പരിഹരിക്കാൻ സാങ്കേതിക

സർവകലാശാല സമത്വ ലാപ്ടോപ് വിതരണ പദ്ധതി മുഖേന 1000 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തു.

- ഡിജിറ്റൽ വിദ്യാഭ്യാസ ലക്ഷ്യത്തിന് Let's Go Digital പദ്ധതി, അധ്യാപകർക്കായി വിവിധ ശാക്തീകരണ പദ്ധതികൾ, ഓൺലൈൻ അധ്യാപന ശൈലിയിൽ മികവ് വർധിപ്പിക്കാൻ 2000 ത്തോളം അധ്യാപകർക്ക് പരിശീലനം, കോഴിക്കോട്, തൃശൂർ ലോ കോളേജുകളിൽ വിവിധ വികസന പ്രവർത്തനങ്ങൾ എന്നിവ പൂർത്തിയാക്കി.
- വി-കെയർ പദ്ധതിയിലൂടെ 244 ഗുണഭോക്താക്കൾക്കും 'മിഠായി' പദ്ധതിയിലൂടെ 1200 ഗുണഭോക്താക്കൾക്കും ധനസഹായം നൽകി.
- ആധുനിക ഭിന്നശേഷിസഹായ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്ന സംസ്ഥാനത്തെ ആദ്യഷോറൂം തലസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്നു. ഏതുസാഹചര്യങ്ങളിലും വയോജനങ്ങൾക്ക് ബന്ധപ്പെടാൻ 'എൽഡർ ലൈൻ' ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ - 14567 നിലവിൽ വന്നു.
- നാഡീപ്രശ്നം കാരണം ചലനമറ്റവർക്ക് ചികിത്സ എളുപ്പമാക്കുന്ന അഡ്വാൻസ്ഡ് ന്യൂറോ ഫിസിയോ തെറാപ്പി യൂണിറ്റ് തുടങ്ങി. ചലനക്ഷമത കൂട്ടാൻ ഇൻസ്ട്രുമെന്റഡ് മോഷൻ ആൻഡ് ഗെയ്റ്റ് അനാലിസിസ് ലാബ് ആരംഭിച്ചു.
- ക്യാൻസർ സുരക്ഷാ പദ്ധതിയിലൂടെ 8412 കുട്ടികൾക്ക് 300 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു.
- താലോലം പദ്ധതി പ്രകാരം 19364 കുട്ടികൾക്കായി 199 ലക്ഷംരൂപയുടെ ധനസഹായം നൽകി.
- ആശ്വാസകിരണം പദ്ധതി പ്രകാരം 95152 പേർക്ക് 3965 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു.
- സ്നേഹ സ്പർശം പദ്ധതി ധനസഹായം ഇരട്ടിയായി വർധിപ്പിച്ചു.
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 6941 ഗുണഭോക്താക്കൾക്ക് 1007 ലക്ഷം രൂപയുടെ ധനസഹായം നൽകി. കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ കിട്ടുന്ന 5357 എൻഡോസൾഫാൻ ദുരിതബാധിതർക്ക് 1000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം നൽകുന്നതിന് തീരുമാനിച്ചു.
- ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ 118 പുതിയ തസ്തികകൾ സൃഷ്ടിക്കും. സർവകലാശാലയെ വൈജ്ഞാനിക-ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ശ്രേഷ്ഠസർവകലാശാലയായി ഉയർത്തും.
- സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യത്തിന് 10 കോടി അനുവദിച്ചു.
- പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്താനുള്ള "EARN WHILE LEARN" പദ്ധതി പ്രകാരം സർക്കാർ കോളേജുകളിൽ ആധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകളും സ്റ്റാർട്ട്അപ്പുകളും തുടങ്ങും.
- കേരളസർവകലാശാലയിൽ ഒൻപത് നൂതന പഠനവകുപ്പുകൾ ആരംഭിക്കും. കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ, കുസാറ്റ് സർവ്വകലാശാലകളിൽ 100 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- സർവ്വകലാശാലാ ക്യാമ്പസുകളിൽ ആധുനിക ഹ്രസ്വകാല കോഴ്സുകളും പി.ജി കോഴ്സുകളും ആരംഭിക്കും.
- 150 പേർക്ക് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകും. സർവ്വകലാശാലാകേന്ദ്രങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റലുകളും അന്താരാഷ്ട്ര ഹോസ്റ്റലുകളും ആരംഭിക്കും. കേരള, കാലിക്കറ്റ്, എംജി, കണ്ണൂർ, കുസാറ്റ് സർവ്വകലാശാലകളിൽ 1500 പുതിയ ഹോസ്റ്റൽ മുറികൾ തുടങ്ങും.



- ജനിതകവൈകല്യ പഠനത്തിനും പ്രാഥമിക മേഖലയിലെ ഉൽപ്പാദനക്ഷമത കൂട്ടാനും കേരളസർവ്വകലാശാലയോട് ചേർന്ന് കേരള ജീനോം ഡാറ്റാസെന്റർ തുടങ്ങും.
- അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐടി സ്ഥാപനങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും ആറുമാസത്തെ പരിശീലന പദ്ധതി നടപ്പാക്കും. കോളേജുകൾ കേന്ദ്രീകരിച്ച് ജൻഡർ ക്ലബ്ബുകൾ രൂപീകരിക്കും.
- എല്ലാ കോളേജുകളിലും സോളാർ മേൽക്കൂര.
- ക്യാമ്പസുകൾ മാലിന്യമുക്തമാക്കാനും പച്ചക്കറി/പൂ കൃഷി പ്രോത്സാഹിപ്പിക്കാനും 'ഹരിത ക്യാമ്പസ്' പദ്ധതി നടപ്പാക്കും.
- സർക്കാർ കോളേജുകളുടെ പൈതൃകമൂല്യം സംരക്ഷിക്കും.
- കഴക്കൂട്ടത്തും കളമശ്ശേരിയിലും 'അസാപ്പ്' സ്കിൽ പാർക്കുകളിൽ ഓഗ്മെന്റഡ് റിയാലിറ്റി/ വെർച്വൽ റിയാലിറ്റി ലാബുകൾ. കോളേജുകളുടെ വികസനത്തിൽ പൂർവ്വവിദ്യാർഥികളെ ചേർത്തുപിടിക്കാൻ എല്ലാ ഡിസംബറിലും' പൂർവ്വവിദ്യാർഥിവാരം'.
- ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ സൈബർകേന്ദ്രം, പ്രാദേശികകേന്ദ്രങ്ങൾ, പഠനകേന്ദ്രങ്ങൾ എന്നിവ തുടങ്ങാനും അക്കാദമിക് ബ്ലോക്ക് നവീകരണത്തിനും, ആസ്ഥാനമന്ദിര നിർമ്മാണത്തിനും തുടക്കമിടും. ■

# ആധുനികമാവുന്നു ക്ഷീരമേഖല ഉറപ്പാക്കുന്നു കർഷകക്ഷേമം



**പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർധിപ്പിക്കുവാനും സംസ്ഥാനത്ത് പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുവാനുമായി നിരവധി പദ്ധതികൾ കഴിഞ്ഞ അഞ്ചു വർഷം മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിരുന്നു. ഇതിന്റെ തുടർച്ച എന്ന രീതിയിൽ നൂതനങ്ങളായ പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ് സർക്കാർ**

**ജെ.ചിഞ്ചുറാണി**
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി

### ഒരു വർഷത്തെ ഭരണകാലയളവിൽ വകുപ്പ് കൈവരിച്ച മികച്ച നേട്ടങ്ങൾ?

കേരളത്തിൽ ഏകദേശം എട്ടു ലക്ഷം കുടുംബങ്ങളാണ് പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിൽ 3.97 ലക്ഷം അംഗങ്ങൾ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലുടനീളമുള്ള 3,635 പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 21.17 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി വകുപ്പിന്റെ നിയന്ത്രണത്തിൽ സംഭരിക്കുന്നു. നിലവിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം നമ്മുടെ ഈ കൊച്ചുകേരളം ആണെന്ന് അഭിമാനത്തോടെ പറയാം.

സംസ്ഥാനത്ത് കന്നുകാലികളുടെ ജനിതക പരമായ പുരോഗമനത്തിനും അതുവഴി അത്യുൽപ്പാദന ക്ഷമതയുള്ള കന്നുകാലികളെ വാർത്തെടുക്കുന്നതിനും വേണ്ടിയുള്ള നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളാ ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡും (KLDB) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് റിസർച്ച് സെന്ററും (IISER) ചേർന്ന് കന്നുകാലികളുടെ ജനിതക ഗവേഷണ രംഗത്ത് സംയുക്തമായി ആരംഭിക്കുന്ന ഗവേഷണ പദ്ധതികളുടെ ധാരണാപത്രത്തിൽ ഒപ്പു വെക്കാനായി എന്നത് വലിയ നേട്ടമായി കരുതുന്നു.



ക്ഷീരമേഖലയിൽ വിവരസാങ്കേതിക വിദ്യയുടെ സമയോചിതമായ ഉപയോഗപ്പെടുത്തൽ ലക്ഷ്യമിട്ട് ക്ഷീരവികസനവകുപ്പ് നടപ്പാക്കുന്ന യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതിയാണ് ക്ഷീരശ്രീ പോർട്ടൽ. സാമ്പത്തിക സഹായങ്ങൾക്ക് ഓൺലൈൻ അപേക്ഷ നൽകുന്നതിനും പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ക്ഷീര സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ഈ വെബ് പോർട്ടൽ സഹായകരമാകും. പാൽ സംഭരണം, വിപണനം, വില നിർണയം, ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിങ് എന്നിവയും ഇതിന്റെ പരിധിയിൽ വരും.

### ക്ഷീരകർഷകരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണുള്ളത്?

മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയെ ആശ്രയിച്ചു കഴിഞ്ഞുവരുന്ന കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നിരവധി പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

നടപ്പ് സാമ്പത്തിക വർഷം റീബിൽഡ് കേരള പദ്ധതിക്കായി 13.61 കോടി രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പശു വളർത്തൽ, കിടാരി വളർത്തൽ, ആടു വളർത്തൽ, കാലിത്തീറ്റ സബ്സിഡി, തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം, ഫാം യന്ത്രവത്ക്കരണത്തിന് ധനസഹായം, തീറ്റപ്പുൽക്കൃഷിയ്ക്ക് സഹായം, ശാസ്ത്രീയ കന്നുകുട്ടി പരിപാലന പദ്ധതി പോലുള്ളവ നടപ്പിലാക്കിവരുന്നു. പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്. മൂന്ന് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ചു. 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഉടൻ തന്നെ സജ്ജമാക്കാൻ ഉള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

### മന്ത്രിയെന്ന നിലയിൽ ഈ കാലയളവിലെ അഭിമാനാർഹമായ ചുവടുവയ്പ്പ്?

ഇ-സമൃദ്ധ പദ്ധതിയാണ് എടുത്തു പറയേണ്ടത്. വിവിധ പദ്ധതികളിലായി കന്നുകാലികളെ തിരിച്ചറിയുന്നതിനായി ടാഗിംഗ് ചെയ്യുന്നുണ്ട്. നിലവിൽ പ്ലാസ്റ്റിക് ടാഗുകൾ ആണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ പ്ലാസ്റ്റിക് ടാഗിംഗ് ചെയ്യുന്ന ചെവിയുടെ ഭാഗത്ത് അണുബാധ, ടാഗുകൾ പെട്ടെന്ന് നഷ്ടപ്പെടുന്ന അവസ്ഥ, പ്ലാസ്റ്റിക് ടാഗിങ്ങ് ചെയ്യുമ്പോൾ ചെവിയിൽ ഉണ്ടാകുന്ന മുറിവ് എന്നിവ ഉണ്ടാകാം. ഇതിന് പരിഹാരമാണ് RFID (Radio Frequency Identification) ടാഗിംഗ്. ഈ പുതിയ സംവിധാനത്തിൽ ടാഗിംഗ് നടത്തുമ്പോൾ മേൽപ്പറഞ്ഞ പോരായ്മകൾ പരിഹരിക്കപ്പെടും. കൂടാതെ ഇതിനോടനുബന്ധിച്ച് തയ്യാറാക്കപ്പെടുന്ന സോഫ്റ്റ്‌വെയറിലൂടെ ഇത്തരത്തിൽ ടാഗിംഗ് ചെയ്യുന്ന ഓരോ മൃഗത്തിന്റെയും വിശദാംശങ്ങൾ അടങ്ങിയ ബൃഹത്തായ വിവരശേഖരണവും സൃഷ്ടിക്കാനാകും. പത്തനംതിട്ട ജില്ലയിൽ ആണ് ആദ്യമായി ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 7.28 കോടി രൂപ കേരള പുനർനിർമാണ പദ്ധതിയിലൂടെ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇന്ത്യയിലാദ്യമായാണ് ഇത്തരത്തിൽ ഒരു സമഗ്രമായ ഡിജിറ്റൽ സംവിധാനം മൃഗസംരക്ഷണമേഖലയിൽ ഒരു സർക്കാർ വകുപ്പ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പുചുമതല കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിക്കാണ്.

പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനം കാര്യക്ഷമവും മെച്ചപ്പെട്ടതുമാക്കുന്നതിന് പുതിയതായി പഠിച്ചിറങ്ങിയ വെറ്ററിനറി ഡോക്ടർമാരെ മൃഗാശുപത്രികളിൽ ജൂനിയർ റസിഡന്റ് ഡോക്ടർമാരായി നിയോഗിച്ചു. 39 പേർക്കാണ് ഇത്തരത്തിൽ നിയമനം നൽകിയത്.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ


- കേരളത്തിലെ ക്ഷീരകർഷകർക്ക് കുറഞ്ഞ ചെലവിൽ വൈക്കോൽ ഉത്തരേന്ത്യയിൽ നിന്നും എത്തിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ വെറ്ററിനറി ആംബുലൻസ് വാഹനങ്ങൾ ആരംഭിച്ചു.
- സംസ്ഥാനത്തെ കോഴിക്കർഷകരെ സഹായിക്കുന്നതിന് പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സ് അതുല്യം ഗ്രോവർ കോഴിത്തീറ്റ (വിപണി വിലയേക്കാൾ കുറവിൽ) പുറത്തിറക്കി. പന്നി വിസർജ്ജ്യം സംസ്കരിച്ച് ഉൽപ്പാദിപ്പിക്കുന്ന പരിസ്ഥിതി സൗഹൃദ വളം പായ്ക്കുകൾ വിപണിയിൽ ഇറക്കി.
- പെരിയാറിന്റെ തീരത്തെ വനമേഖലയിൽ കണ്ടുവരുന്നതും വംശനാശ ഭീഷണി നേരിടുന്നതുമായ നാടൻ പശുക്കളുടെ വർഗസംരക്ഷണത്തിനായി കേരള കന്നുകാലി വികസന ബോർഡ്, കുട്ടമ്പുഴ കുള്ളൻപശു പ്രജനന പരിപാലന സംഘം എന്നിവയുടെ സഹകരണത്തോടെ പദ്ധതി ആരംഭിച്ചു. മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച പൗൾട്രി ഷെഡ്ഡുകൾ, തൊഴിലാളികളുടെ വിശ്രമകേന്ദ്രം, സി.സി.ടി.വി എന്നിവ പ്രവർത്തനമാരംഭിച്ചു.
- തൃശൂർ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കുന്നംകുളത്ത് ഹൈടെക് പന്നി വളർത്തൽകേന്ദ്രം തുടങ്ങി. മട്ടത്തുകാട്ടിൽ ചെക്കു പോസ്റ്റിന്റെ പ്രീഫാബ്രിക്കേറ്റഡ് ഓഫീസ് ആരംഭിച്ചു.
- മൃഗങ്ങളെ പോറ്റിവളർത്തുന്ന കർഷകരുടെ വീട്ടുപടിക്കൽ അടിയന്തരസന്ദർഭങ്ങളിൽ മൃഗചികിത്സ എത്തിക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചു.
- കന്നുകാലികളുടെ ജനിതകപരമായ പുരോഗമനത്തിനും അത്യുൽപ്പാദന ക്ഷമതയുള്ള കന്നുകാലികളെ വാർത്തെടുക്കുന്നതിനും വേണ്ടി നയങ്ങളും നടപടികളും നടപ്പിലാക്കാൻ കെ എൽ ഡി ബോർഡും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ്



റിസർച്ചും (IISER) സംയുക്തമായി നടപ്പിലാക്കുന്ന ഗവേഷണ പദ്ധതികളുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

- ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന്റെ രണ്ടാം ഘട്ടം 21 ദിവസം കൊണ്ട് പൂർത്തീകരിച്ചു. സംസ്ഥാന പട്ടികവർഗവികസന വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കോഴിവളർത്തൽ പദ്ധതി തുടങ്ങി.
- കേരളത്തിലെ മുഴുവൻ ക്ഷീരകർഷകർക്കും ക്ഷീരക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു. ക്ഷീരകർഷകരുടെ ഉന്നമനത്തിനായി കേരള ഫീഡ്സ് തുടങ്ങുന്ന 'ഫീഡ് ഓൺ വീൽസ്'പദ്ധതി ആരംഭിച്ചു.
- ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണമായി സംഭരിക്കുന്നതിനൊപ്പം വിപണന ശൃംഖല മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മിൽമ തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ഹോമോജനൈസ്ഡ് ടോൺഡ് പാൽ 525 വിപണിയിലിറക്കി.
- അഞ്ചരക്കണ്ടി ക്ഷീരോൽപ്പാദക സഹകരണസംഘത്തിലെ മിൽക്ക് പാസ്ചറൈസേഷൻ പ്ലാന്റ് എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പ്രവർത്തനമാരംഭിച്ചു.
- ഗുണനിലവാരം ഉള്ളതും രോഗപ്രതിരോധശേഷി ഉള്ളതുമായ ഉരുക്കളെ സംസ്ഥാനത്തിനുള്ളിൽ തന്നെ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി വലിയതുറ ആസ്ഥാനമാക്കിയുള്ള സ്റ്റേറ്റ് ഫോഡർ ഫാമിൽ കിടാരി പാർക്ക് ആരംഭിച്ചു.
- പദ്ധതികളുടെ വിഭവസമാഹരണം, വിവരശേഖരണം, സംയോജനം, ലഭിച്ച വിവരങ്ങളിൽ മേലുള്ള സ്വയം പ്രവർത്തിത ക്രമീകരണം എന്നിവ ഏകോപിപ്പിച്ച് സമഗ്രവും സ്ഥായിയുമായ ക്ഷീരവികസനം ലക്ഷ്യമിട്ട് തിരുവനന്തപുരത്തെ പട്ടത്ത് 'കേരളസ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ' തുറന്നു.
- എറണാകുളം മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ കീഴിലുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സംഘങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ മരുന്നുകൾ ഉൾപ്പെടെയുള്ള മൃഗചികിത്സാസംവിധാനം തുടങ്ങി.
- മൃഗശാലയിലെ വിദേശ പക്ഷികൾക്കായി അവയുടെ ആവാസവ്യവസ്ഥയ്ക്ക് അനുസൃതമായ കൂട്, ശലഭ ഉദ്യാനം, മൃഗശാലയിലെ ജീവികളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മൊബൈൽ ആപ്പ് എന്നിവ ആരംഭിച്ചു.





# കരുതലേകിയ നേട്ടങ്ങൾ ജനപക്ഷ മുന്നേറ്റങ്ങൾ

**അഞ്ചുവർഷങ്ങൾക്കുള്ളിൽ കേരളത്തിൽ നിന്നും അതിദാരിദ്ര്യം ഇല്ലാതാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയം ഭരണവകുപ്പ് തുടക്കം കുറിച്ചു കഴിഞ്ഞു. വിഖ്യാതമായ കേരളമോഡലിന്റെ തുടർച്ചയായുള്ള ഈ ജനകീയ മുന്നേറ്റത്തിനൊപ്പം തദ്ദേശ സ്വയംഭരണവകുപ്പിനെ ഏകീകൃത വകുപ്പാക്കിയും വികസന ബദലുകൾ യാഥാർഥ്യമാക്കിയും കേരളം രാജ്യത്തിന് മാതൃകയാവുകയാണ്**

## എം വി ഗോവിന്ദൻ മാസ്റ്റർ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി

### ഒരു വർഷത്തെ പ്രവർത്തനങ്ങളെ സ്വയം വിലയിരുത്തുന്നത് എങ്ങനെയാണ് ?

ജനപക്ഷത്ത് നിന്നുകൊണ്ട് ഭരണമികവിന്റെ കേരളമാതൃകയ്ക്ക് ശക്തിപകരാൻ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുകൾക്ക് ഈ കാലയളവിൽ സാധിച്ചു. കോവിഡ് മഹാമാരിയും പ്രകൃതിക്ഷോഭങ്ങളും മാത്രമല്ല, നിക്ഷിപ്ത രാഷ്ട്രീയലക്ഷ്യത്തോടെയുള്ള എതിർപ്പുകളെയും നേരിട്ടാണ് വികസന ജനക്ഷേമ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയത്. സമാനതകളില്ലാത്ത ജനപിന്തുണയോടെ, എതിർപ്പുകളെയെല്ലാം അതിജീവിച്ച്, ദൃഢനിശ്ചയത്തോടെ, ജനങ്ങൾക്ക് വേണ്ടി നിലയുറപ്പിക്കാൻ സർക്കാരിന് സാധിച്ചു. രാജ്യത്തിന് മാതൃകയാവുന്ന വികസന ബദലുകളാണ് കേരളം നടപ്പിലാക്കുന്നത്.

### വികസന ലക്ഷ്യത്തിലേക്കുള്ള മുന്നേറ്റത്തിന്റെ പുരോഗതി വിലയിരുത്താമോ ?



നവകേരള നിർമിതിയുടെ പുതിയൊരു ഘട്ടത്തിനാണ് നാം തുടക്കമിട്ടിരിക്കുന്നത്. പാവങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയും വരും തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചും കേരളത്തെ ജ്ഞാന സമൂഹമാക്കി മാറ്റാനുതകുന്ന വികസന മാതൃകകൾ നാം സഫലമാക്കുകയാണ്. സുസ്ഥിരവികസനവും വളർച്ചയും സാമൂഹിക നീതിയും തുല്യതയും കരുത്താക്കി മുന്നേറുന്ന വികസന ശൈലിയുടെ തുടർച്ചകളാണ് സൃഷ്ടിക്കപ്പെടുന്നത്. തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പിന്റെ കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനങ്ങളിലും ഇതാണ് കാണാനാവുക.

### തദ്ദേശ സ്വയംഭരണവകുപ്പിനെ ഏകീകൃത വകുപ്പാക്കിയതിന്റെ നേട്ടമെന്താണ് ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭരണപരമായ സഹായം എത്തിച്ചു കൊടുക്കുക എന്നതാണ് ഏകീകൃത തദ്ദേശ സ്വയംഭരണവകുപ്പിന്റെ പ്രധാന ലക്ഷ്യം. മുപ്പത്തൊന്നായിരത്തിലധികം സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം വരുന്ന കണ്ടിജന്റ് ജീവനക്കാരും ചേരുന്ന പൊതുസർവ്വീസാണ് സംസ്ഥാനത്തും ജില്ലകളിലും കാര്യാലയങ്ങൾ സഹിതം നിലവിൽ വന്നത്. അധികാര വികേന്ദ്രീകരണ പ്രക്രിയയെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന രീതിയിലാവും ഇതിന്റെ പ്രവർത്തനം.

### വകുപ്പിന്റെ ഘടന എങ്ങനെയാണ് ?

നിലവിലുണ്ടായിരുന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം, നഗര-ഗ്രാമാസൂത്രണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുണ്ടാക്കിയ ഏകീകൃത വകുപ്പിൽ റൂറൽ, അർബൻ, പ്ലാനിംഗ്, എൻജിനീയറിംഗ് എന്നീ നാലുവിഭാഗങ്ങളാണ് ഉള്ളത്. എൻജിനീയറിംഗ് വിഭാഗത്തിന്റെ പേരിലും മാറ്റമുണ്ടാകും. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആന്റ് എൻജിനീയറിംഗ് എന്നാണ് ഇനി ആ വിഭാഗം അറിയപ്പെടുക. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സഹായകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പബ്ലിക് ഹെൽത്ത് ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, എംപവർമെന്റ്, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ ഉപവിഭാഗങ്ങളും ഉണ്ടാവും.

### അതിദരിദ്രരില്ലാത്ത കേരളം ഉടൻ യാഥാർഥ്യമാകുമോ ?

അഞ്ചുവർഷങ്ങൾക്കുള്ളിൽ കേരളത്തിൽ നിന്നും അതിദാരിദ്ര്യം തുടച്ചു നീക്കുമെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതിന്റെ ആദ്യചുവടുവയ്പ്പുകൾ വിജയകരമായി പിന്നിടുകയാണ്. സർക്കാരിന്റെ ഒന്നാം വാർഷികത്തിന് മുൻപ് തന്നെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ആദ്യ ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. 64006 കുടുംബങ്ങൾ സംസ്ഥാനത്ത് അതിദരിദ്രരായുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് അതിജീവനത്തിനുള്ള 'മൈക്രോപ്ളാൻ' തയ്യാറാക്കി ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടുപോവുന്നത്.

### ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷിച്ച കേരളം വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ എങ്ങനെയാണ് കൂടുതൽ ശക്തിപ്പെടുത്തുന്നത് ?

അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ കേരളം ലോകത്തിന് നൽകിയ മാതൃകയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. അതിന്റെ രജതജൂബിലി നിറവിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ ഊർജസ്വലമാക്കി, നവകേരളം സാധ്യമാക്കാനുള്ള പ്രയത്നത്തിലാണ് സർക്കാർ. ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റി,

ജനപങ്കാളിത്തത്തോടെ നാടിനെന്ത് വേണമെന്ന് തീരുമാനിക്കാൻ സാധിച്ചു. ഇപ്പോൾ പതിനാലാം പദ്ധതിയുടെ മാർഗരേഖ ജനകീയമായി തയ്യാറാക്കി പുറത്തിറക്കികഴിഞ്ഞു. കേരളത്തിന് എന്തൊക്കെ വേണമെന്ന് ആസൂത്രണം ചെയ്യാനുള്ള വിപുലമായ ഗ്രാമ/വാർഡ്സഭകളിൽ നിന്നും പതിനാലാം പദ്ധതിക്ക് തുടക്കമിടും. ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിലെ ഏറ്റവും സർഗാത്മകമായ അധ്യായമായി ഈ ജനകീയ ഇടപെടലിനെ രേഖപ്പെടുത്താനുള്ള മുന്നൊരുക്കത്തിലാണ് കേരളം.

**കേരളത്തിലെ ഭവനരഹിതരായ കുടുംബങ്ങൾക്ക് സ്വന്തം വീടെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്ന ലൈഫിന്റെ മൂന്നാം ഘട്ടമായ മനസ്സോടിത്തിരി മണ്ണ് പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ച് വിവരിക്കാമോ ?**

ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം ലക്ഷ്യമിടുന്ന ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ സർക്കാരിന് പിന്തുണയുമായി നിരവധി പേർ മുന്നോട്ടുവരുന്നുണ്ട്. മനസ്സോടിത്തിരിമണ്ണ് എന്ന ക്യാമ്പയിന്റെ ഉദ്ഘാടന വേളയിൽ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സമാന തകളില്ലാത്ത സഹകരണവുമായാണ് മുന്നോട്ടുവന്നത്. 1000 ഭൂരഹിതരുടെ നിരാലംബമായ കൈകൾക്ക് ആലംബമേകാൻ അവർ തയ്യാറായി. നെല്ലിക്കുഴി സ്വദേശി സമീർ, വിഖ്യാത ചലച്ചിത്രകാരനായ അടൂർഗോപാലകൃഷ്ണൻ, തിരുവനന്തപുരത്തെ സുകുമാരൻ വൈദ്യർ, ഫെഡറൽ ബാങ്ക് തുടങ്ങി ഒട്ടേറെയാളുകളും സ്ഥാപനങ്ങളും ചേർന്ന് 997 സെന്റ് ഭൂമി ഭൂമി ലൈഫ്മിഷന് കൈമാറി. ഇനിയും നമുക്ക് ഭൂമി ആവശ്യമുണ്ട്. ഈ ക്യാമ്പയിന്റെ ഭാഗമായി മൂന്ന്സെന്റും അതിൽ കൂടുതലും വിസ്തൃതിയുള്ള നിർമ്മാണ യോഗ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വിട്ടുനൽകാൻ തയ്യാറാവുമ്പോൾ, അശരണരായ ഒരു കുടുംബത്തിന് കൈത്താങ്ങായി മാറാൻ സാധിക്കും. ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമി നൽകുന്നതിന് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും അടയ്ക്കേണ്ടതില്ല. അങ്ങനെ യല്ലെങ്കിൽ ഭൂമി വാങ്ങുവാനുള്ള തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാനും സാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ ഏജൻസികൾക്കും സംഭാവനകൾ നേരിട്ട് വാങ്ങാൻ സാധിക്കുകയില്ലല്ലോ. മേൽപ്പറഞ്ഞ രീതികളിൽ ഭൂമി ലഭ്യമാക്കുന്നത് തദ്ദേശസ്ഥാപനങ്ങൾ അംഗീകരിച്ച ലൈഫ് ഗുണഭോക്താക്കൾക്ക് വേണ്ടി മാത്രമാണ്.

**സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനു പുറമെ കുടുബശ്രീ സ്ത്രീവിരുദ്ധമായ പ്രവണതകൾക്കെതിരെ നടത്തുന്ന ക്യാമ്പയിനുകളെപ്പറ്റി?**

സ്ത്രീധനത്തിനെതിരെ, സ്ത്രീപീഡനത്തിനെതിരെ; സ്ത്രീപക്ഷ നവകേരളം യാഥാർത്ഥ്യമാക്കാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ സ്ത്രീകൾ മുന്നോട്ടു വന്നത് സ്വാഗതാർഹമാണ്. സമൂഹത്തിൽ ഉണ്ടാവുന്ന സ്ത്രീവിരുദ്ധമായ പ്രവർത്തനങ്ങളെയും ചിന്തകളെയും മറ്റും ഇല്ലാതാക്കാനു തകുന്ന സർവ്വതല സ്പർശിയായ ക്യാമ്പയിനാണ് സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി കുടുംബശ്രീ ഉയർത്തിക്കൊണ്ടു വരുന്നത്. വിവിധതലങ്ങളിലുള്ള പരിപാടികൾ സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

**തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലൂടെ സർക്കാർ സേവനങ്ങളും വാതിൽപ്പടിയിൽ എത്തുകയാണല്ലോ ?**

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഏറെ സഹായകമാവുന്ന വാതിൽപ്പടിസേവനം പദ്ധതിയിലൂടെ സേവനങ്ങൾ ജനങ്ങളുടെ വീട്ടുപടിക്കലേക്ക് എത്തുകയാണ്. വാതിൽപ്പടിസേവനം 50 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ആരംഭിച്ചത്. 23266 ഗുണഭോക്താക്കൾക്കാണ് ഒന്നാം ഘട്ടത്തിൽ വാതിൽപ്പടിയിൽ സേവനം നൽകിയത്. ഒന്നാം വാർഷികവേളയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും സേവനം വ്യാപിപ്പിക്കുകയാണ്. ഇപ്പോൾ കുറച്ചു സേവനങ്ങളാണ് നൽകി വരുന്നത്. ഘട്ടം ഘട്ടമായി മറ്റു സേവനങ്ങളും വാതിൽപ്പടിയിലെത്തിക്കും.

**മാലിന്യ നിർമ്മാർജ്ജനം ഇപ്പോഴും സംസ്ഥാനത്തെ അലട്ടുന്ന പ്രശ്നമാണോ ?**

സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്തമാക്കി പൗരൻമാർക്ക് വൃത്തിയും ശുചിത്വവും ആരോഗ്യകരവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നുണ്ട്. ഉറവിട ജൈവ മാലിന്യ സംവിധാനങ്ങൾ വ്യാപകമാക്കി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അഴുകാത്ത പാഴ്വസ്തുക്കൾ വാതിൽപ്പടി ശേഖരണത്തിലൂടെ സംഭരിച്ച് പുനഃചംക്രമണത്തി നായി കൈമാറാൻ ഹരിതകർമ്മ സേന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലും രൂപവത്കരിച്ചു. സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് സമ്പൂർണ കോഴിമാലിന്യ വിമുക്ത സംസ്ഥാനമാക്കി കേര ളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

# വിജയമുദ്രകൾ
# മുന്നേറ്റങ്ങൾ

- ഓരോ ജില്ലയിലും പത്ത് ഗ്രാമപഞ്ചായത്തുകളിൽ ടൂറിസം ഡസ്റ്റിനേഷനുകൾ ഒരുക്കും. ഓരോ ജില്ലയിലും ഓരോ മാതൃകാ അംഗൻവാടികൾ സ്ഥാപിക്കും. പകുതി ഗ്രാമപഞ്ചായത്തുകളിൽ നികുതിപിരിവ് പൂർണമായും ഓൺലൈൻ സംവിധാനത്തിലാക്കും. ഖരമാലിന്യ സംസ്കരണത്തിനുള്ള വാതിൽപ്പടി സേവനം നൂറ് ശതമാനം വിപുലപ്പെടുത്തും.
- എല്ലാ പഞ്ചായത്തുകളിലും സ്മാർട്ട് ഗാർബേജ് ആപ്പ് യാഥാർത്ഥ്യമാക്കും. ജലജീവൻ മിഷന്റെ ഭാഗമായി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള പൈപ്പ് കണക്ഷൻ. 70 ഗ്രാമപഞ്ചായത്തുകളിലെ പുറമ്പോക്ക് തിട്ടപ്പെടുത്തി സംരക്ഷിക്കും. 2022-23 സാമ്പത്തിക വർഷം ഫെബ്രുവരി 28ന് മുമ്പായി എല്ലാ പഞ്ചായത്തുകളിലും നൂറ് ശതമാനം നികുതിപിരിവ് ഉറപ്പുവരുത്തും. 1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമങ്ങളിലും ചട്ടങ്ങളിലും സമഗ്രവും കാലോചിതവുമായ പരിഷ്കരണം ഡിസംബർ 31ന് മുമ്പായി നടപ്പിലാക്കും.
- തദ്ദേശസ്വയംഭരണ എൻജിനീയറിങ് വിഭാഗത്തിൽ എല്ലാ ഫയലുകളും ഇ-ഫയൽ ഓഫീസിംഗ് വഴി. എല്ലാ ജില്ലകളിലും റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്. റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബ് പ്രാവർത്തികമാക്കും. ക്വാളിറ്റി കൺട്രോൾ വിംഗും എൺവയോൺമെന്റ് വിംഗും ഇലക്ട്രിക്കൽ വിംഗും രൂപീകരിക്കും. സംസ്ഥാനത്തെ എല്ലാ എൻജിനീയർമാർക്കും ഇ-എം ബുക്കിന്റെ ഭാഗമായി ടാബ്ലറ്റ് വിതരണം ചെയ്യും.
- പുതുതലമുറ നീർത്തടാധിഷ്ഠിത വികസന പദ്ധതിയിൽ 73 കോടി രൂപയുടെ പദ്ധതികൾ 26163 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കും. പി.എം.ജി. എസ്‌വൈയിലൂടെ 612 കിലോമീറ്റർ ഗ്രാമീണ റോഡുകളും രണ്ട് പാലങ്ങളും പൂർത്തിയാക്കും. വാതിൽപ്പടി സേവനം, ദ്രവമാലിന്യ നിർമ്മാർജ്ജന ആക്ഷൻ പ്ലാൻ, മാലിന്യ മുക്തകേരളം, തെളിനീരൊഴുകും നവകേരളം, ഗാർബേജ് ഫ്രീ സിറ്റീസ്, ടേക് എ ബ്രേക്ക് തുടങ്ങിയ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ സംസ്ഥാനത്തിനാകെ ഗുണകരമാവുന്ന രീതിയിൽ നടപ്പിലാക്കും.
- നഗരസഭകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് നൽകും. പകുതി നഗരസഭകളിൽ ജി.ഐ.എസ്.മാപ്പിംഗ് പൂർത്തിയാക്കും. നഗരസഭകൾക്കുള്ള സമ്പൂർണ ഇ-ഗവേണൻസ് പദ്ധതിയായ അർബ്ബൻ ഇ ആർ പി നടപ്പിലാക്കും. ഫയൽ കുടിശിക രഹിത ഓഫീസുകൾ ഉറപ്പുവരുത്തും. കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വനിതകളിലേക്ക് എത്തിക്കും. ബ്ലോക്കുകളിൽ മൈക്രോ എന്റർപ്രൈസ് റിസോഴ്സ്സെന്ററുകളും റീജിയണൽ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററുകളും ആരംഭിക്കും.
- ഉൽപ്പന്ന വിതരണ ശൃംഖല മെച്ചപ്പെടുത്തി സംരംഭകർക്ക് വരുമാനം ഉറപ്പാക്കും. അഗതിരഹിതകേരളം പദ്ധതി ശക്തിപ്പെടുത്തും. ബഡ്സ് സ്ഥാപനങ്ങൾ കൂടുതൽ കരുത്തുറ്റതാക്കും. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കും. നിരാമയ ഇൻഷുറൻസ് അർഹരായവർക്ക് ലഭ്യമാക്കും. ജൈവകൃഷി വ്യാപിപ്പിക്കും. മൃഗസംരക്ഷണ ഉപജീവന പ്രവർത്തനങ്ങൾ വഴി പിന്തുണ ഉറപ്പാക്കും.
- എക്സൈസ് ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പ് വരുത്തുന്നതിനായി ജില്ലാതലത്തിലുള്ള 48 എക്സൈസ് ഓഫിസുകളിൽ 25 ലക്ഷം രൂപ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും. ചെക്ക്പോസ്റ്റുകൾ നവീകരിക്കും.
- അതിർത്തി കടന്നുള്ള മയക്കുമരുന്ന് കള്ള കടത്തുകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റായ വാളയാർ ചെക്ക് പോസ്റ്റിൽ മയക്കുമരുന്ന് കണ്ടെത്തുന്നതിന് വേണ്ട ഡ്രഗ്/ബോംബ് ഡിടെക്റ്ററുകൾ സ്ഥാപിക്കും.
- അന്വേഷണത്തിനും, കുറ്റകൃത്യത്തിന് ശേഷമുള്ള വിശകലനത്തിനും ഉപയോഗിക്കാവുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (ANPR) ക്യാമറ മേജർ ചെക്ക്പോസ്റ്റായ അഡ്വാൻസ്ഡ് ഡ്രഗ് ഡിറ്റക്ടർ. നൂതന സോഫ്റ്റ്‌വെയറുകളും, മെഷീനുകളും വാങ്ങി എക്സൈസ് സൈബർസെൽ നവീകരിക്കും.
- എക്സൈസ് വകുപ്പിലെ എല്ലാ സേവനങ്ങളും ഇതിനകം ഓൺലൈനാക്കിക്കഴിഞ്ഞു. ഫ്ളീറ്റ് മാനേജ്മെന്റ്, ഇ-ആംസ്, ഹലോഎക്സൈസ് വെബ് അധിഷ്ഠിത പ്രോഗ്രാമുകൾക്ക് പുറമെ കൂടുതൽ വികസിപ്പിക്കും.
- തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ ഊടുവഴികളിലൂടെയും മറ്റുമുള്ള മദ്യം-മയക്കുമരുന്ന് കടത്ത് പ്രതിരോധിക്കുന്ന തിനായി കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന നാല് മൊബൈൽ പട്രോളിങ് യൂണിറ്റ് സ്ഥാപിക്കും. ■

# സുഗമമായ സഞ്ചാരം
# കാരവനിൽ ടൂറിസം



**തടസ്സമില്ലാത്ത, മികച്ച റോഡ് ശൃംഖലയിലൂടെ, കേരളത്തിന്റെ വികസനക്കുതിപ്പിന് വേഗം പകരുകയാണ് പൊതുമരാമത്ത് വകുപ്പ്. ടൂറിസം രംഗത്താകട്ടെ ആധുനിക കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന മുന്നേറ്റം ഉറപ്പാക്കുകയാണ്. കാരവൻ ടൂറിസം പോലെ ആകർഷകമായ പദ്ധതികളും മികച്ച സമീപനവും കൊണ്ട് കേരളാ ടൂറിസം ബ്രാൻഡ് ലോകത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ തിളക്കമേറ്റുകയാണ്**

## പി എ മുഹമ്മദ് റിയാസ്

പൊതുമരാമത്ത് – വിനോദസഞ്ചാരം വകുപ്പ് മന്ത്രി

### മന്ത്രിയെന്ന നിലയിൽ ഒരു വർഷത്തെ പ്രവർത്തനങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

നവകേരള നിർമ്മിതിയുടെ പുതിയ ഘട്ടത്തിൽ മുൻഗണനാ പട്ടികയിൽ മുൻപന്തിയിലാണല്ലോ പശ്ചാത്തല വികസനം. അതുകൊണ്ടുതന്നെ രാജ്യത്തെ ഏറ്റവും മികച്ച പശ്ചാത്തല സൗകര്യങ്ങളുള്ള സംസ്ഥാനമായി കേരളത്തെ ഉയർത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് പുരോഗമിക്കുന്നത്. തടസ്സമില്ലാത്ത, മികച്ച റോഡു ശൃംഖലയിലൂടെ, വികസനക്കുതിപ്പിന് വേഗം പകരുകയാണ് പൊതുമരാമത്ത് വകുപ്പ്. ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിനു ലഭ്യമാക്കുക, ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക എന്ന ആശയവും കാരവൻ ടൂറിസം പോലുള്ള പുതുമയാർന്ന പദ്ധതികളുമായി ടൂറിസം രംഗവും സജീവമായിക്കഴിഞ്ഞു.



### എന്തുകൊണ്ടാണ് സർക്കാർ പശ്ചാത്തലവികസനത്തിനു പ്രാധാന്യം നൽകുന്നത് ?

നാടിന്റെ പുരോഗതിയെ അടയാളപ്പെടുത്തുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പശ്ചാത്തല വികസനം. മികച്ച പശ്ചാത്തല വികസനം സാധ്യമാകുന്നിടത്ത് പൊതു വികസന മുന്നേറ്റവും സാധ്യമാകുന്നുണ്ട്. അതുകൊണ്ടാണ് ലോകോത്തര പശ്ചാത്തല സൗകര്യം കേരളത്തിൽ സാധ്യമാക്കാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. അതിനായി മിഷൻ പി ഡബ്ല്യു ഡി എന്ന ദൗത്യത്തിലൂടെ പൊതുമരാമത്ത് വകുപ്പിന് പുതിയ മുഖം നൽകുകയാണ്. കർമ്മ പദ്ധതിയിലൂടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുക, പൊതുജനങ്ങളെ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി അടുപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി മുന്നേറുന്ന പൊതുമരാമത്ത് വകുപ്പിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഉൾപ്പെടെ നിരവധി പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി വരികയാണ്.

### പശ്ചാത്തല വികസനത്തിലെ മികച്ച നേട്ടം എന്താണ് ?

ഒരിക്കൽ ഉപേക്ഷിച്ചിരുന്ന ദേശീയപാതാ വികസനം മലയാളികളുടെ കൺമുന്നിൽ അനുഭവവേദ്യമാക്കാൻ കഴിഞ്ഞത് ഈ മേഖലയിലെ ഏറ്റവും പ്രധാന നേട്ടമാണ്. തലപ്പാടി മുതൽ കന്യാകുമാരി വരെ നീളുന്ന ദേശീയ പാത–66 ൽ എല്ലാ റീച്ചിലും പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. 45 മീറ്റർ വീതിയിലേക്ക് റോഡുകൾ മാറുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ വികസന പദ്ധതികൾക്കാകെ വേഗം കൂട്ടികഴിഞ്ഞു. രാജ്യത്ത് മറ്റെങ്ങും ഇല്ലാത്ത വിധം ദേശീയ പാതാ വികസനത്തിൽ സ്ഥലമേറ്റെടുപ്പിന്റെ 25 ശതമാനം സംസ്ഥാനമാണ് വഹിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഇടപെടൽ സംസ്ഥാനം ഇച്ഛാശക്തിയോടെ നടപ്പാക്കുകയാണ്.

### മലയോര ഹൈവെ, തീരദേശ ഹൈവെ, ഔട്ടർ റിംഗ് റോഡ് തുടങ്ങി ഒട്ടേറെ പദ്ധതികൾ കേരളീയന്റെ സുഗമയാത്രക്കായി ഒരുങ്ങുകയാണല്ലോ ?

മലയോര ഹൈവെ- തീരദേശ ഹൈവെ എന്നിവ യാഥാർത്ഥ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ലക്ഷ്യം കാണുകയാണ്. മലയോര ഹൈവേയുടെ മുഴുവൻ റീച്ചുകൾക്കും അനുമതി നേടാനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലെത്തി കഴിഞ്ഞു. തീരദേശ പാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിയ്ക്ക് കേന്ദ്ര അംഗീകാരം നേടിയെടുക്കാനും സാധിച്ചിട്ടുണ്ട്. വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെ നീളുന്ന തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് തലസ്ഥാനത്തിന്റെ വാണിജ്യ പുരോഗതി കൂടി ലക്ഷ്യമിട്ടാണ് നടപ്പാക്കുന്നത്. സ്ഥലമേറ്റെടുപ്പിന്റെ 50 ശതമാനം സർക്കാരർ വഹിക്കുന്നു.

### റോഡുകളുടെയും മറ്റും നിർമ്മാണ പുരോഗതി പൊതുജനങ്ങൾക്ക് വിലയിരുത്താൻ അവസരം ഉണ്ടാകേണ്ടതല്ലേ ?

കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി അതിനായി തൊട്ടറിയാം പിഡബ്ല്യുഡി എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിരിക്കുകയാണ്. വകുപ്പിന്റെ എല്ലാ പ്രവൃത്തികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ഒറ്റ ക്ലിക്കിൽ ലഭ്യമാക്കുന്നതാണ് ഈ പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം. പദ്ധതികൾ ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതു വരെ ഓരോ ഘട്ടവും ഓൺലൈനിൽ ഇതിലൂടെ ലഭ്യമാകും. നിശ്ചയിച്ച സമയക്രമത്തിൽ പദ്ധതികൾ പൂർത്തിയാകുന്നുണ്ടോ എന്ന് പൊതുജനങ്ങൾക്ക് വിലയിരുത്താനാകും. പദ്ധതികളുടെ വിവിധ രേഖകളും പുരോഗതിയുടെ ചിത്രങ്ങളും വീഡിയോകളും ഈ സോഫ്റ്റ്‌വെയർ വഴി കാണാനാകും. റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടപ്പാക്കാൻ പൊതുമരാമത്ത് വകുപ്പിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും നടപ്പാക്കുകയാണ്.

**കാലാവസ്ഥാ വ്യതിയാനത്തിന് അനുസരിച്ച് നമ്മുടെ റോഡുകളുടെ ഈടുനിൽപ്പും കുറയുകയാണല്ലോ ?**

കാലാവസ്ഥാ വ്യതിയാനത്തിന് അനുസരിച്ച് റോഡ് നിർമ്മാണം സാധ്യമാക്കാൻ ആറ് പുതിയ സാങ്കേതിക വിദ്യകൾ കൂടി പി ഡബ്ളിയൂ ഡി ഉപയോഗിക്കുകയാണ്. ജിയോ സെൽസ്- ജിയോ ഗ്രിഡ്സ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, മൈക്രോ സർഫസിംഗ്, സെഗ്മെൻറൽ ബ്ലോക്ക്സ്, സോയിൽ നെയിലിംഗ്, ഹൈഡ്രോ സീഡിംഗ് എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചത്. കാലാവസ്ഥാ മാറ്റത്തിനനുരിച്ച് നിർമ്മാണ രീതികളിലെ മാറ്റം പഠിക്കാൻ ക്ലൈമറ്റ് സെല്ലും രൂപീകരിച്ചിട്ടുണ്ട്.

**പൊതുമരാമത്തുവകുപ്പിനെ കൂടുതൽ ജനകീയമാക്കാനായിട്ടുണ്ടോ?**

പൊതുജനം ഏറ്റവും കൂടുതലായി ആശ്രയിക്കുന്ന വകുപ്പാണ് പൊതുമരാമത്ത് വകുപ്പ്. അതുകൊണ്ടാണ് വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കുന്നുന്നത്. പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്താൻ തുടക്കമിട്ട പിഡബ്ല്യുഡി ഫോർ യു ആപ്പിന് മികച്ച സ്വീകാര്യത ലഭിച്ചു. നിർദ്ദേശങ്ങളും പരാതികളും മന്ത്രിയോട് നേരിട്ട് അറിയിക്കാൻ അവസരമൊരുക്കുന്ന റിംഗ് റോഡ് പരിപാടിയും നല്ല നിലയിൽ പുരോഗമിക്കുന്നുണ്ട്. ടോൾഫ്രീ നമ്പറിൽ പരാതി പറയാനാകുന്ന പബ്ലിക് ഇൻഫർമേഷൻ സെല്ലും വിപുലീകരിക്കുകയാണ്. സോഷ്യൽ മീഡിയ വഴിയുള്ള നിർദ്ദേശങ്ങളിലും നടപടി എടുക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തി. ഇതിനെല്ലാം മികച്ച പ്രതികരണമാണ് ജനങ്ങളിൽ നിന്നും ലഭിച്ചത്.

**ടൂറിസം മേഖലയെ സജീവമാക്കാൻ കാരവൻ ടൂറിസം പോലുള്ള പദ്ധതികൾക്കു കഴിയുമോ?**

കോവിഡിൽ തകർന്നു പോയിരുന്ന ടൂറിസം മേഖലയെ കാരവൻ ടൂറിസം പോലുള്ള വൈവിധ്യമാർന്ന പദ്ധതികളിലൂടെ സുരക്ഷിതമായി തിരിച്ചെത്തിക്കാനായി എന്നത് അഭിമാനം നൽകുന്ന കാര്യമാണ്. കോവിഡ് കാലത്തു തന്നെ ടൂറിസം മേഖല തുറക്കുകയും അതിജീവനം സാധ്യമാണെന്ന് തെളിയിക്കുകയും ചെയ്തു. ടൂറിസം ഡെസ്റ്റിനേഷനുകളെ പൂർണ്ണ വാക്സിനേറ്റഡ് കേന്ദ്രങ്ങളായി മാറ്റിയും ബയോബബിൾ സംവിധാനം നടപ്പാക്കിയും ആത്മവിശ്വാസം നൽകിയാണ് തിരിച്ചു വരവിലേക്ക് എത്തിക്കാൻ കഴിഞ്ഞത്. ആഭ്യന്തര- വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള വിപുലമായ ക്യാമ്പയിൻ ആണ് ഇപ്പോൾ സംഘടിപ്പിച്ചു വരുന്നത്. ഹൗസ് ബോട്ടിനു ശേഷം കേരള ടൂറിസം നമ്മുടെ ടൂറിസം മേഖലക്ക് സമ്മാനിക്കുന്ന ഉൽപ്പന്നമാണ് കാരവൻ. കാരവൻ ടൂറിസത്തിലൂടെ മികച്ച പ്രതികരണം സാധ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ ടൂറിസം രംഗം വിപുലപ്പെടുത്തുന്നതിനെക്കുറിച്ച്?**

ഒരു തദ്ദേശ സ്ഥാപന തലത്തിൽ ഒന്നിൽ കൂടുതൽ ടൂറിസം ഡെസ്റ്റിനേഷൻ എന്ന പദ്ധതിക്കായി ഡെസ്റ്റിനേഷൻ ചലഞ്ച് നടപ്പാക്കുകയാണ്. ആദ്യ ഘട്ടമായി അമ്പത് കോടി രൂപയാണ് ടൂറിസം വകുപ്പ് ചെലവഴിക്കുക. ഒരു ഡെസ്റ്റിനേഷനിൽ നിന്നും മറ്റൊന്നിലേക്ക് സഞ്ചാരികളെ ആകർഷിക്കുകയാണ് ലക്ഷ്യം. ചരിത്രപ്രാധാന്യമുള്ള കേന്ദ്രങ്ങൾ, സാംസ്കാരിക ഇടങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമാകും. തദ്ദേശ വകുപ്പുമായി ചേർന്നാണ് പദ്ധതി തയ്യാറാക്കുന്നത്.






# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- സംസ്ഥാനത്തെ 10 ജില്ലകളിലെ 443.71 കിലോമീറ്റർ റോഡുകൾ ഏഴ് വർഷത്തേക്ക് ഒരുമിച്ചു പരിപാലനത്തിനു കരാർ നൽകുന്ന പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചു.
- ഭാരത്മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 895 കിലോ മീറ്റർ വരുന്ന ഏഴ് റോഡുകളുടെ നവീകരണത്തിനും പദ്ധതി തയ്യാറാക്കി.
- പ്രധാനപാതകളിൽ ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിൽ ഒന്ന് പൂർത്തിയാക്കി. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി ഒരുമിച്ചു നിർമ്മിക്കുന്ന പത്ത് റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം അവസാന ഘട്ടത്തിൽ.
- പൊതുമരാമത്ത് പ്രവൃത്തികൾ സമയ ബന്ധിതമായി തീർക്കാനും പരിപാലനം ഉറപ്പു വരുത്താനും സുതാര്യത ഉറപ്പു വരുത്താനുമായി ഉന്നത ഉദ്യോഗസ്ഥർക്ക് നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ ചുമതല നൽകുന്ന സംവിധാനത്തിന് തുടക്കമിട്ടു.
- പ്രവൃത്തി കഴിഞ്ഞാൽ നിശ്ചിത കാലയളവിലേക്ക് ആ പ്രവൃത്തിയുടെ പരിപാലന ചുമതല (ഡിഎൽപി ) കരാറുകാരിൽ നിക്ഷിപ്തമാക്കുന്ന ഡി എൽ പി ബോർഡുകൾ റോഡുകളിൽ സ്ഥാപിച്ചു.
- റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കി. അതിലൂടെ പൊതുമരാമത്ത് വകുപ്പിന്റെ മുഴുവൻ റോഡുകളും ഡിജിറ്റലൈസ് ചെയ്തു.
- സംസ്ഥാനത്ത് ഏറ്റവും വലിയ ഹോസ്പിറ്റാലിറ്റി ശൃംഖലയുള്ള പൊതുമരാമത്ത് വകുപ്പിന്റെ 153 റസ്റ്റ് ഹൗസുകളുകളിലും പൊതുജനങ്ങൾക്കു താമസം ലഭ്യമാക്കാൻ ഓൺലൈൻ സംവിധാനം കൊണ്ടു വന്നു.



- നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാർക്ക് നിശ്ചിത തുക പ്രോത്സാഹനമായി നൽകുന്ന പദ്ധതി യാഥാർഥ്യമാക്കി
- ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ 2020 വർഷത്തെ അപേക്ഷിച്ച് 2021-ൽ 51.09% വളർച്ചാനിരക്ക് രേഖപ്പെടുത്തി. 2020-ൽ 49.80 ലക്ഷം ആഭ്യന്തര ടൂറിസ്റ്റുകളായിരുന്നത്, 2021-ൽ 75.38 ലക്ഷം ആഭ്യന്തര ടൂറിസ്റ്റുകൾ ആയി ഉയർന്നു.
- സുരക്ഷിത യാത്ര, അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളിലേക്കുള്ള യാത്ര, അടിസ്ഥാന സൗകര്യം ഒരുക്കാൻ കുറഞ്ഞ മൂലധനം തുടങ്ങിയ സംവിധങ്ങളുമായി കാരവൻ ടൂറിസം ആരംഭിച്ചു.
- ഉത്തരവാദിത്ത ടൂറിസം പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി
- സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ കേരളത്തിലെ എല്ലാ റിസോർട്ടുകളിലും ഹോട്ടലുകളിലും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പിൽ വരുത്താനുള്ള പദ്ധതി ആരംഭിച്ചു.
- ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് കൈത്താങ്ങായി പലിശ രഹിത-ഈട് രഹിത വായ്പ നൽകുന്ന റിവോൾവിംഗ് ഫണ്ട് പാക്കേജ് നടപ്പാക്കി.
- ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നീ പദ്ധതികൾ നടപ്പാക്കി.
- ജല ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി ബേപ്പൂർ ജലോത്സവത്തിന് തുടക്കമിട്ടു.
- ഹോട്ടലുകൾ തുറന്നിട്ടും സഞ്ചാരികളും പൊതുജനങ്ങളും ഹോട്ടലുകളെ ആശ്രയിക്കാൻ മടിച്ചപ്പോൾ ടൂറിസം വകുപ്പ് കെ ടി ഡി സി വഴി ഇൻ കാർ ഡൈനിംഗ്, ഫുഡീ വീൽസ് എന്നീ പദ്ധതികൾ നടപ്പിലാക്കി
- ലോകമലയാളികളെ ആകെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ വെർചൽ ഓണാഘോഷം സംഘടിപ്പിച്ചു. കേരള ടൂറിസം സംബന്ധിക്കുന്ന സമഗ്ര വിവരങ്ങൾ വാട്സ് ആപ് ചാറ്റിലൂടെ ലഭ്യമാകുന്ന മായ പദ്ധതി ആരംഭിച്ചു. ഫാം ടു മലബാർ 500 പദ്ധതി നടപ്പിലാക്കി. ടൂറിസം വകുപ്പിലെ വിവിധ ക്ലാസിഫിക്കേഷൻ ഓൺലൈനാക്കി മാറ്റി. ■

# ഉൽപ്പാദന വർധനവ് വിപുലമായ വിപണനശൃംഖല



**കാർഷികമേഖലയിലെ ഉൽപ്പാദന വർധനവിനൊപ്പം വിപണനത്തിനും ഈ സർക്കാർ ഊന്നൽ നൽകുന്നു. കർഷകന് മാന്യമായ വരുമാനം ഉറപ്പ് വരുത്തുക എന്നതാണ് ലക്ഷ്യം. ഉൽപ്പാദനത്തിനൊപ്പം വിപണന ശൃംഖല കാര്യക്ഷമമാക്കാനും വിപണിയെ അടിസ്ഥാനമാക്കി വിള ഭൂമിയിൽ നിന്നും പുതുമ നഷ്ടപ്പെടാതെ കാർഷികോൽപ്പന്നങ്ങൾ സംസ്ക്കരിച്ച് വിപണിയിലെത്തിക്കുന്നതിന് ഉതകുന്ന വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു**

**പി. പ്രസാദ്**
കൃഷി വകുപ്പ്  മന്ത്രി

### കേരളത്തിലെ കാർഷികമേഖല, പ്രത്യേകിച്ച് കർഷകർ നേരിടുന്ന വെല്ലുവിളികളെ എങ്ങനെ അതിജീവിക്കാനാവും?

കേരളത്തിലെ കാർഷിക മേഖലയുടെ വികസനത്തിന് വെല്ലുവിളിയായി നിൽക്കുന്ന കൃഷിയിടങ്ങളുടെ വലിപ്പക്കുറവും കാർഷിക മേഖലയിലേക്ക് ആകൃഷ്ടരാകുന്നവരുടെ കുറവും പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. തരിശുനിലങ്ങളെല്ലാം തന്നെ കൃഷിയോഗ്യമാക്കാനുള്ള യജ്ഞം പൂർത്തീകരിച്ചു വരുന്നു. യന്ത്രവത്ക്കരണമുൾപ്പെടെയുള്ള ഒട്ടനവധി പദ്ധതികളുടെ സ്വാധീനം യുവതലമുറയെ വ്യാവസായികാടിസ്ഥാനത്തിലുള്ള കൃഷിയിലേക്ക് ആകർഷിപ്പിക്കാനായി. ഉൽപ്പാദനത്തിനൊപ്പം വിപണന ശൃംഖല കാര്യക്ഷമമാക്കാനും വിപണിയെ അടിസ്ഥാനമാക്കി വിള ഭൂമിയിൽ നിന്നും പുതുമ നഷ്ടപ്പെടാതെ കാർഷികോൽപ്പന്നങ്ങൾ സംസ്ക്കരിച്ച് വിപണിയിലെത്തിക്കുന്നതിനും ഉതകുന്ന വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകരുടെ ഉൽപ്പാദക സംഘങ്ങൾ, ചെറുകിട കാർഷിക സംരംഭങ്ങൾ, വിവിധ കാർഷിക മൂല്യവർധിത ഉൽപ്പാദന യൂണിറ്റുകൾ എന്നിവ ഏകോപിപ്പിച്ച് ''കേരള ബ്രാൻഡ്'' ഉൽപ്പന്നങ്ങൾ തയ്യാറായി വരുന്നു. ഇതിലൂടെ 'നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്നത് യാഥാർഥ്യമാക്കാനും. വിഷരഹിത ഭക്ഷണം നമ്മുടെ അവകാശമാണെന്നത് ഉറപ്പുവരുത്താനുമാവും. ഉൽപ്പാദന വർധനവ് , കാർഷികോൽപന്നങ്ങളുടെ സംഭരണം, സംസ്ക്കരണം, മൂല്യവർധനവ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി 50 പുതിയ കർഷക ഉൽപ്പാദന സംഘങ്ങൾ (FPO) കൃഷി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 40 പുതിയ സംഘങ്ങൾ കൂടി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തിയാവും.



### നെൽക്കൃഷിസംരക്ഷണത്തിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള നെൽവയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി പാരിസ്ഥിതിക സന്തുലനം ഉറപ്പുവരുത്തുന്നതിനുമായി നെൽവയൽ ഉടമകൾക്ക് എല്ലാവർഷവും ഹെക്ടർ ഒന്നിന് 2000 രൂപ റോയൽറ്റിയായി അനുവദിച്ചു. അടുത്ത സാമ്പത്തിക വർഷത്തിൽ അത് 3000  രൂപ ആയി വർധിപ്പിക്കാൻ ബഡ്ജറ്റിൽ ശുപാർശ ചെയ്തിട്ടുണ്ട്. ''നെൽക്കൃഷിവികസനപദ്ധതി''യിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽക്കൃഷിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽക്കൃഷിക്ക് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/ രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. 2021-22 വർഷത്തിൽ 97465.17454 ഹെക്ടറിൽ നെൽക്കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിട്ടതിൽ 95531.36 ഹെക്ടറിൽ നടപ്പിലാക്കിക്കഴിഞ്ഞു.

### പ്രകൃതിദുരന്തങ്ങൾ സൃഷ്ടിക്കുന്ന നാശത്തിൽനിന്ന് കർഷകർക്ക് എങ്ങനെ ആശ്വാസം ഒരുക്കാനാവും?

പ്രകൃതിക്ഷോഭങ്ങളിൽ വിളനാശം സംഭവിക്കുന്ന കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തി മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് പരിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ വർഷം 1,26,570 കർഷകരെ AIMS പോർട്ടൽവഴിയും നേരിട്ടും പദ്ധതിയിൽ അംഗമായിചേർത്തു. 28.25 കോടിരൂപ കർഷകർക്ക് നഷ്ടപരിഹാരമായി അനുവദിക്കുകയും 21 കോടിരൂപ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് പ്ലാൻ ഫണ്ട് (64.93 കോടിരൂപ), ദുരന്ത പ്രതികരണ ഫണ്ട് (16.92 കോടിരൂപ) എന്നിവയിൽ നിന്നും 81.85 കോടിരൂപ വിതരണം ചെയ്തു. പ്ലാൻ ഫണ്ടിൽ നിന്നും 10 കോടിരൂപ കൂടി കർഷകർക്ക് വിതരണം ചെയ്യുന്നതിനും 20 കോടിരൂപ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. 45860 എണ്ണം കർഷകർക്ക് ആയതിന്റെ പ്രയോജനം ലഭിക്കും.

### നാളികേര കൃഷിയുടെ വീണ്ടെടുപ്പ് പ്രധാനമല്ലേ?

കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന നാളികേര വികസന പദ്ധതിയിലെ കേരഗ്രാമം ഘടകത്തിൽ ഉൾപ്പെടുത്തി ഈ വർഷം 84 കേരഗ്രാമങ്ങൾ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി 29126 ഹെക്ടർ സ്ഥലത്തെ തെങ്ങുകളുടെ വിളവ് മെച്ചപ്പെടുത്തുന്നതിനായി കേടു വന്ന തെങ്ങ് മുറിച്ചുമാറ്റി, നല്ലയിനം തെങ്ങിൻ തൈകൾ നടുന്നതിനും, പുരയിടത്തിലെ മറ്റു തെങ്ങുകൾക്കു തടം എടുക്കുന്നതിനും, വളം ഇടുന്നതിനും, കീട-രോഗ നിയന്ത്രണം എന്നിവക്കായി ആനുകൂല്യം നൽകിവരുന്നു. രണ്ടാംവർഷ ആനുകൂല്യം 2020-21 ൽ നടപ്പിലാക്കിയ 15 കേരഗ്രാമങ്ങൾക്കു നൽകി വരുന്നു. മൂന്നാം വർഷ ആനുകൂല്യം 2019-20 ൽ തുടങ്ങിയ 55 കേരഗ്രാമങ്ങൾക്കു നൽകി വരുന്നു. പ്രസ്തുത പദ്ധതിയിൽ 227762 കർഷകർക്ക് ആനുകൂല്യം നൽകുവാൻ സാധിച്ചു. 1772.9325 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

## പച്ചക്കറിയിലെ വിപണി ഇടപെടൽ എങ്ങനെയാണ് നടപ്പാക്കിയത്?

ഓണം, ക്രിസ്മസ്, ബക്രീദ് തുടങ്ങിയ വിശേഷദിവസങ്ങളിൽ പച്ചക്കറിവില ഉയരാനുള്ള സാധ്യതകളും സർക്കാർ ഇടപെടലിലൂടെ ഇല്ലാതാക്കാനായി.

പച്ചക്കറിയുടെ വിപണിവില കൂടിയ സാഹചര്യത്തിൽ പച്ചക്കറിസംഭരണ-വിപണനത്തിലേർപ്പെടുന്ന മുഖ്യസർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2021 നവംബർ 25 മുതൽ ജനുവരി ഒന്ന്വരെ 1503 ടൺ പച്ചക്കറികൾ ഇത്തരത്തിൽ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 357.7 ടൺ പച്ചക്കറികൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചാണ് വിപണിയിൽ എത്തിച്ചത്.

പച്ചക്കറികൾ പരമാവധി വിലകുറച്ച് സംഭരിക്കുന്നതിനായി തമിഴ്നാട്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമായും കർഷകസംഘടനകളുമായും ചർച്ച ചെയ്യുകയും തെങ്കാശിയിൽ നിന്നും 18 ടൺ പച്ചക്കറിയും ആന്ധ്രയിൽ നിന്ന് 10 ടൺ തക്കാളിയും നേരിട്ട് സംഭരണം നടത്തുകയും ചെയ്തു. തക്കാളിയുടെ വില വളരെ അധികം കൂടിയ സാഹചര്യത്തിൽ പാലക്കാട്ടെ കർഷകർ ഉത്പാദിപ്പിച്ച തക്കാളി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മറ്റ് ജില്ലകളിൽ എത്തിച്ച് കിലോയ്ക്ക് 50 രൂപ നിരക്കിൽ വിതരണം നടത്തി. വില നിയന്ത്രണത്തിനായി കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വിഎഫ് പി സി കെ എന്നീ വകുപ്പുകളുടെ 34 തക്കാളിവണ്ടികൾ വഴി പച്ചക്കറികൾ വിതരണം ചെയ്തു.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- സംസ്ഥാനത്തൊട്ടാകെ ജൈവകൃഷി വ്യാപിപ്പിക്കാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കി.
- സംസ്ഥാനത്തെ കർഷകരുടെ എല്ലാ ആവശ്യങ്ങളും നിർവ്വഹിക്കുന്ന രീതിയിലുള്ള സ്മാർട്ട് കൃഷിഭവൻ ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ 140 എണ്ണം പൂർത്തീകരിക്കാനുള്ള നടപടികളാരംഭിച്ചു.
- സ്മാർട്ട് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് 140 ഹരിത പോഷക കാർബൺ തൂലിത ഗ്രാമങ്ങൾ നടപ്പിലാക്കാനുള്ള മാർഗരേഖ അന്തിമഘട്ടത്തിൽ.
- സംസ്ഥാനത്തെ ഫാമുകൾ കേന്ദ്രീകരിച്ച് കർഷക പരിശീലനം നൽകാനും വിവിധ കാർഷികമുറകൾ പരിചയപ്പെടുത്താനും 14 കാർഷിക മാതൃകാ പ്ലോട്ടുകൾ തയ്യാറാക്കുന്നു.
- ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ തൊഴിൽദാന പദ്ധതി പ്രകാരം അംഗങ്ങളായവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾക്ക് തീർപ്പ് കൽപ്പിക്കുന്നതിന് ജില്ലകൾ തോറും അദാലത്തുകൾ നടത്തി വരുന്നു.
- കർഷകക്ഷേമനിധി - കർഷകരിൽ നിന്ന്അംഗത്വ അപേക്ഷ സ്വീകരിച്ചു തുടങ്ങി.
- കൃഷിവകുപ്പിന്റെ ചരിത്രത്തിലാദ്യമായി കൃഷിവകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം തുടങ്ങാനുള്ള മാർഗരേഖ തയ്യാറായി കഴിഞ്ഞു.
- കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരുടെ ഫീൽഡ് തല പ്രവർത്തനം ഊർജസ്വലമാക്കുവാനും കർഷകരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാനും കഴിയുന്ന തരത്തിൽ കൃഷിവകുപ്പിലെ ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം പുനഃക്രമീകരിക്കാൻ നടപടികളായി.
- കേരളത്തിലെ കർഷകർക്ക് ലഭ്യമാകുന്ന വിവിധ ഇൻഷുറൻസ് പരിരക്ഷകൾ ഏകോപിപ്പിക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും നാഷണൽ ഇൻഷുറൻസ് അക്കാദമിയെ ചുമതലപ്പെടുത്തി. പഠനറിപ്പോർട്ട് വിലയിരുത്തി അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ഗുണമേന്മയുള്ള വിത്തുകളും തൈകളും സ്വകാര്യസംരംഭകരിൽ നിന്നുൾപ്പെടെ മിതമായ നിരക്കിൽ കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കാൻ നഴ്സറി ആക്ട് കരട് രൂപം തയ്യാറായി.
- കൃഷിവകുപ്പിന്റെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൂർണമായ ഡിജിറ്റലൈസേഷൻ ലഭ്യമാക്കി AIMS 2.0 പോർട്ടൽ മാർച്ചിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും.
- കാർഷികോൽപ്പാദക സംഘങ്ങൾ കേന്ദ്രീകരിച്ച്

വിപണന ശൃംഖല ശക്തമാക്കുന്നതിന്റെ ഭാഗമായി വിവിധ ഉൽപ്പന്നാധിഷ്ഠിത അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഇത്തരം സംഘങ്ങളെ കോർത്തിണക്കി കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO)രൂപീകരിക്കും.

- കൂടുതൽ വിളകൾക്ക് അടിസ്ഥാന വില പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.
- സംസ്ഥാനത്തെ 53 ഫാമുകളുടെയും പ്രവർത്തനം വിപുലീകരിക്കുന്നതിനെ കുറിച്ച് പഠനം നടത്താനായി സമിതി രൂപീകരിച്ചു.
- ജില്ലയിൽ ഒരെണ്ണം എന്ന നിലയിൽ 14 ഫാമുകളെ കാർബൺ തുല്യതാ ഫാമുകൾ ആക്കിമാറ്റാനുള്ള നടപടികൾ ആരംഭിച്ചു.
- കാർഷിക പാരിസ്ഥിതിക മേഖലകൾക്ക് അനുസൃതമായി കൃഷി ഉദ്യോഗസ്ഥരെ പുനർ വിന്യസിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ ചുമതലപ്പെടുത്തിയ ഏജൻസിയുടെ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കും.
- അറ്റകുറ്റപ്പണികളുടെ അഭാവത്താൽ പ്രവർത്തനക്ഷമമല്ലാതെ സൂക്ഷിച്ചിരിക്കുന്ന കാർഷികോപകരണങ്ങളുടെ കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കാനും കൂടുതൽ കാർഷിക ഉപകരണങ്ങൾ കർഷകരിലേക്ക് എത്തിക്കുവാനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യാൻ സ്റ്റേറ്റ് എൻജിനീയറെ ചുമതലപ്പെടുത്തി.
- അഗ്രോ സർവ്വീസ് സെന്ററുകളുടെ ശാക്തീകരണത്തിനായും കൃഷിശ്രീകളുടെ പ്രവർത്തനങ്ങൾക്കുമായി 3.1 കോടി രൂപ അനുവദിച്ചു.
- പുതിയതായി 84 കേരഗ്രാമങ്ങൾ അനുവദിച്ചു.
- അടിസ്ഥാന വിലയായ ഒരു കിലോക്ക് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതോടൊപ്പം നാഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.
- കർഷകരുടെ ഉൽപ്പാദക സംഘങ്ങൾ, ചെറുകിട കാർഷിക സംരംഭങ്ങൾ, വിവിധ കാർഷിക മൂല്യവർധിത ഉൽപ്പാദന യൂണിറ്റുകൾ എന്നിവയ്ക്കായി 10 കോടിരൂപ അനുവദിച്ചു.
- കേരള ഫാം ഫ്രഷ് പച്ചക്കറികൾ 5,635 കർഷകരിൽ നിന്നായി സംഭരിക്കുകയും അടിസ്ഥാനവില പ്രകാരം 4.24 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.
- 100 പുതിയ നഗര വഴിയോരച്ചന്തകൾ ആരംഭിച്ചു.
- ചെറുകിട നാമമാത്ര കർഷകർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം 11.63 കോടി രൂപ വിതരണം ചെയ്തു.
- പച്ചക്കറിക്കൃഷി വ്യാപിക്കുന്നതിനായി 78 ലക്ഷം പച്ചക്കറിവിത്ത് കിറ്റുകളും, 249 ലക്ഷം തൈകളും സൗജന്യമായി വിതരണം ചെയ്തു.
- 24,000.85 ഹെക്ടറിൽ പച്ചക്കറിക്കൃഷി നടത്തുകയും 3.73 ലക്ഷം ടൺ സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാനുമായി.
- 1,004 മഴമറകളും 216 ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റവും സ്ഥാപിച്ചു.
- പച്ചക്കറിവികസന പദ്ധതി പ്രകാരം 926 പമ്പ് സെറ്റും 1667 സസ്യസംരക്ഷണ ഉപകരണങ്ങളും 41,136 ഗ്രോ ബാഗ് യൂണിറ്റുകളും വിതരണം ചെയ്തു.
- കേരളസംസ്ഥാന വിത്തുവികസന അതോറിറ്റി മുഖേന കൃഷിവകുപ്പ് 4914.260 MT ഗുണമേന്മയുള്ള നെൽവിത്ത് കർഷകർക്ക് വിതരണം ചെയ്തു.
- പ്രകൃതിക്ഷോഭം മൂലം വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി 392.340 MT നെൽവിത്ത് കൃഷിവകുപ്പിന്റെ കരുതൽ ശേഖരത്തിൽ നിന്നും സൗജന്യമായി വിതരണം ചെയ്തു.
- നെൽക്കർഷകർക്ക് ഉൽപ്പാദന ബോണസായി 2.668 കോടി രൂപ വിതരണം ചെയ്തു.
- കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങിയതിന് 4,436 കർഷകർക്കായി 18.567 കോടിരൂപ വിതരണം ചെയ്തു.
- 58,096.677 ഹെക്ടറിൽ പദ്ധതികളിൽ ഉൾപ്പെടുത്തി നെൽക്കൃഷി ചെയ്തു. 43.67 കോടി രൂപ കർഷകർക്ക് ആനുകൂല്യം നൽകി.
- നാളികേരവികസന കൗൺസിൽ പ്രവർത്തനങ്ങളുടെ ഭാഗമായി ഗുണമേന്മയുള്ള 8,27,813 നെടിയ ഇനം തെങ്ങിൻതൈകളും, 22,361 കുറിയ ഇനം തെങ്ങിൻതൈകളും, 1,18,888 ഹൈബ്രിഡ് തെങ്ങിൻതൈകളും സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു.
- നാളികേര വികസന പദ്ധതി പ്രകാരം 1.5 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തു.
- 31,000 ഹെക്ടർ സ്ഥലത്ത് പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കി.
- ജൈവഗൃഹം പദ്ധതിയുടെ രണ്ടാംവർഷ വികസന പ്രവൃത്തികൾക്കായി 14,426 യൂണിറ്റുകൾക്ക് 15.08 കോടി രൂപ വിതരണം ചെയ്തു. ■

# വിദ്യാഭ്യാസത്തിലൂടെ നേടുന്ന സാമൂഹിക പുരോഗതി

**കെ രാധാകൃഷ്ണൻ**
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനം - ദേവസ്വം - പാർലമെന്ററി കാര്യം വകുപ്പ് മന്ത്രി

**മന്ത്രിയെന്ന നിലയിൽ ആദ്യ വർഷത്തെ പ്രവർത്തനങ്ങളെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

ദുരിതമനുഭവിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളിലെ ജനസമൂഹത്തെ മുന്നിലേക്ക് കൊണ്ടുവരുന്ന പ്രവർത്തനങ്ങൾക്കാണ് ഇക്കാലയളവിൽ മുൻഗണന നൽകിയത്. ഇവരുടെ ഉന്നമനത്തിന് ഒട്ടേറെ പദ്ധതികൾ നിലവിലുണ്ടെങ്കിലും പ്രയോജനം പൂർണമായി ലഭിക്കുന്നതിനും, പോരായ്മകൾ പരിഹരിച്ച് കൃത്യമായി നടപ്പാക്കാനുമാണ് തുടക്കം മുതൽ പ്രത്യേകം ശ്രദ്ധിച്ചത്.

**മികച്ച തുടക്കം സാധ്യമായി എന്നാണോ ?**

എന്നും പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ വീണ്ടും പറയാൻ ഇടവരരുത് എന്നതിലാണ് ഭരണമികവ് പ്രകടമാകുന്നത്. അതിനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ ഒരു വർഷം നടത്തിയത്. കേരളം നേടിയ നേട്ടങ്ങളുടെ തുടർച്ചയും വിപുലീകരണവും ശരിയായും ശക്തമായും നടപ്പിലാക്കുക എന്നതാണ് കാലം ഈ സർക്കാരിലേൽപ്പിച്ച കടമ. ആ കടമ നിർവ്വഹിക്കുന്നതിനും സാമൂഹിക വികസനത്തിന് ജനങ്ങൾക്കൊപ്പം നിന്ന് മുന്നോട്ടു പോകാനുമാണ് ഈ സർക്കാരിന്റെ ആദ്യവർഷത്തിൽ ശ്രമിച്ചത്.



**പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിന് എല്ലാ മേഖലകളിലും പരിഗണന നൽകാൻ സാധിച്ചോ?**


സാമൂഹിക മൂലധനത്തിന്റെ അഭാവമാണ് എല്ലാ മേഖലകളിലും പരിഗണന ലഭിക്കുന്നതിന് പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിന് തടസ്സമാകുന്നത്. അതുകൊണ്ടുതന്നെ എല്ലാ മേഖലകളിലും പ്രാതിനിധ്യം ഉറപ്പാക്കി ഇവരെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തി കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. അതിനായി വിദ്യാഭ്യാസ പുരോഗതി, തൊഴിൽ സാധ്യത വർധിപ്പിക്കൽ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഭൂമിയും ഭവനവും ഉറപ്പാക്കൽ എന്നീ പ്രവർത്തനങ്ങളാണ് ഒരു വർഷത്തിനിടയിൽ പ്രധാനമായും നടന്നത്. വിദ്യാഭ്യാസരംഗത്ത് കൂടുതൽ ഊന്നൽ നൽകി കുട്ടികൾക്ക് പുതിയ കോഴ്സുകൾ തിരഞ്ഞെടുക്കുവാനും ആധുനിക സാങ്കേതികവിദ്യ സ്വായത്തമാക്കാനും പരിശീലനം നൽകി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ഈ രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പ് എന്താണ് ?**

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിന് പഠിക്കുന്ന പട്ടികവിഭാഗ വിദ്യാർഥികൾക്ക് വരുമാനത്തിന് വിധേയമായി ആയി 25,00,000 ലക്ഷം രൂപവരെ ഫീസ് നൽകുന്ന വിങ്സ് പദ്ധതി ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പാണ്. അതിരുകളില്ലാത്ത ആകാശത്തിലേക്ക് പറന്നുയരുന്ന സാധാരണക്കാരന്റെ സ്വപ്നങ്ങൾക്ക് ചിറകേകാനും ഇതുവഴി സാധ്യമായിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷാ പ്രായപരിധി 40 വയസ്സാക്കി ഉയർത്തി. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിനുള്ള വരുമാന പരിധി ഒരു ലക്ഷത്തിൽ നിന്നും രണ്ട് ലക്ഷമാക്കി ഉയർത്തി. അധ്യയനവർഷം മുതൽ കാസർകോട് ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കി. ഇങ്ങനെ ഒട്ടേറെ നേട്ടങ്ങളുണ്ട്.

**വിദ്യാഭ്യാസത്തിലൂടെ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുരോഗതി സാധ്യമാക്കാനാണോ സർക്കാർ ലക്ഷ്യമിടുന്നത് ?**

വിദ്യാഭ്യാസ പുരോഗതിയിലൂടെ സാമൂഹിക-സാമ്പത്തിക പുരോഗതിയിലേക്ക് പട്ടിക-പിന്നാക്ക ജനതയെ നയിക്കാൻ സാധിക്കും. അതുകൊണ്ടാണ് പട്ടികവിഭാഗങ്ങളടക്കമുള്ള പിന്നാക്ക ജനതയ്ക്ക് വിദ്യാഭ്യാസത്തിലൂടെ പുരോഗതി നൽകാൻ സർക്കാർ ലക്ഷ്യമിടുന്നത്. അതിനായി പ്രീപ്രൈമറി മുതൽ പിഎച്ച്ഡിവരെ വിപുലമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്.



ലോകത്തിന് മാതൃകയായ കേരള മോഡൽ വികസനത്തെ പുതിയ തലത്തിലേക്ക് ഉയർത്തി ജനാഭിലാഷം സാർഥകമാക്കാനുള്ള പ്രവർത്തനങ്ങളാണ് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുകളും ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കിയത്

### വിദ്യാഭ്യാസത്തിനൊപ്പം തൊഴിലും ഉറപ്പു വരുത്തേണ്ടതല്ലേ ?

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനമുള്ള തൊഴിൽ നൽകുക എന്ന കാഴ്ചപ്പാടിലാണ് സർക്കാർ മുന്നോട്ടു പോകുന്നത്. അതിന്റെ ഭാഗമായി നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായ പട്ടിക വിഭാഗ വിദ്യാർഥികൾക്ക് ആരോഗ്യവകുപ്പുമായി സഹകരിച്ച് കേരളത്തിലെ സർക്കാർ ആശുപത്രികളിൽ രണ്ടു വർഷത്തെ സ്റ്റൈപ്പെന്റോടു കൂടിയ ഇന്റേൺഷിപ്പിനുള്ള നടപടികൾ പൂർത്തിയായി. രണ്ടായിരത്തിലധികം പേർക്ക് ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കും. അതിനുശേഷം ലഭ്യമാകുന്ന എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് സ്വദേശത്തും വിദേശത്തും കൂടുതൽ മെച്ചപ്പെട്ട തൊഴിൽ ലഭിക്കാൻ സഹായിക്കും. എൻജിനീയറിങ്ങിൽ ബിരുദമോ ഡിപ്ലോമയോ ഉള്ള 500 പേരെ പട്ടികവിഭാഗം ഓഫീസുകളിൽ നിയമിക്കാനുള്ള നടപടികളും പൂർത്തിയായി. ഇതിനുപുറമേ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പട്ടികവർഗ്ഗത്തിൽപ്പെട്ട 500 പേരെയും എക്സൈസ് ഗാർഡുകൾ ആയി 500 പേരെയും നിയമിക്കുന്നതിന് നടപടികളായി.



### അട്ടപ്പാടിയിലും ഇടമലക്കുടിയിലും മറ്റുമുള്ളവരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയത് ?

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവരുടെ ആരോഗ്യ പുരോഗതിയ്ക്ക് ഈ സർക്കാർ വലിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിലെ 14192 ഗുണഭോക്താക്കൾക്കായി 30,22,15,287കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 41573 പേർക്ക് 23,81,26,400 കോടി രൂപയും ചികിത്സാധനസഹായമായി അനുവദിച്ചു. അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്രമായ പാക്കേജ് തന്നെ നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിലെയും ഇടമലക്കുടിയിലെയും തൃശൂർ അരേക്കാപ്പിലെയുമെല്ലാം പ്രശ്നങ്ങൾ പരിഹരിക്കാനായി ലക്ഷ്യബോധത്തോടെ ഇടപെടാൻ സാധിച്ചുവെന്നത് അഭിമാനകരമാണ്.

### കോവിഡുകാലം ദേവസ്വം ബോർഡുകളുടെ വരുമാനത്തിൽ ഇടിവുണ്ടാക്കിയിട്ടില്ലേ ?

തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം എന്നീ ദേവസ്വം ബോർഡുകൾ ആണ് സർക്കാറിന് കീഴിലുള്ളത്. പ്രളയവും കോവിഡും സൃഷ്ടിച്ച പ്രതിസന്ധികൾ ദേവസ്വം ബോർഡുകളുടെ വരുമാനത്തിലും വലിയ ഇടിവാണ് ഉണ്ടാക്കിയത്. എന്നാൽ ദേവസ്വം ബോർഡുകൾക്ക് കീഴിൽ വരുന്ന 17000 ജീവനക്കാരുടേയും അത്രതന്നെ പെൻഷൻകാരുടെയും ശമ്പളവും പെൻഷനും മുടക്കമില്ലാതെ നൽകാൻ സർക്കാർ 220 കോടി രൂപ നൽകി.

### ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ?

കോവിഡ് മഹാമാരിക്കാലത്തും പരാതികളില്ലാതെ ശബരിമല തീർത്ഥാടനം മികച്ച നിലയിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാനുള്ള കുരുക്കഴിക്കാൻ ഒട്ടേറെ നടപടികളും സ്വീകരിച്ചുവരികയാണ്. പന്തളത്ത് 100 കോടി രൂപ അനുവദിച്ചു നടപ്പിലാക്കുന്ന നൂതന സൗകര്യങ്ങളുള്ള വിശ്രമകേന്ദ്രത്തിന്റെ നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കാനും സാധിച്ചു.

### എല്ലാ വിഭാഗങ്ങളുടെയും വിശ്വാസം സംരക്ഷിക്കാനുള്ള ചുമതലയെ എങ്ങനെയാണ് വിലയിരുത്തുന്നത് ?

നിക്ഷിപ്ത താൽപര്യക്കാർ വിശ്വാസം ദുരുപയോഗം ചെയ്യുന്നത് തടയാനും വിശ്വാസികളെ സംരക്ഷിക്കാനും പ്രതിജ്ഞാബദ്ധതയോടെയാണ് സർക്കാർപ്രവർത്തിക്കുന്നത്. ജാതിവെറിയും സാമൂഹിക അനാചാരങ്ങളും തിരിച്ചുകൊണ്ടുവരാൻ ഇരുട്ടിന്റെ ശക്തികൾ ശ്രമം നടത്തുന്നുണ്ട് . അതിനിടയിലും പാർശ്വവൽക്കരിക്കപ്പെട്ടതും അകറ്റിനിർത്തപ്പെട്ടിരുന്നവരുമായ ജനവിഭാഗത്തിൽ നിന്നുള്ളവരെ ക്ഷേത്ര ജീവനക്കാരായി നിയമിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. നവോത്ഥാനത്തിന്റേയും വിദ്യാഭ്യാസ-സാംസ്കാരിക പുരോഗതിയുടേയും നേട്ടങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ എല്ലാവരുടെയും വിശ്വാസം സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉണ്ടായിട്ടുണ്ട്.

## വിജയമുദ്രകൾ
## മുന്നേറ്റങ്ങൾ

- ലൈഫ് പദ്ധതിയിൽ 3358 പട്ടികജാതി, 606 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നൽകി.
- ഓൺലൈൻ വിദ്യാഭ്യാസത്തിനായി 37,221 വിദ്യാർഥികൾക്ക് വിദ്യാകിരണം പദ്ധതിയിൽ പ്പെടുത്തി ഡിജിറ്റൽ പഠന സൗകര്യങ്ങളൊരുക്കി. വിദ്യാർഥികൾക്ക് ടാബ്, ലാപ്ടോപ്പ്, സ്മാർട്ട്

ഫോൺ തുടങ്ങിയസൗകര്യങ്ങളും ഏർപ്പെടുത്തി.

- പൂർത്തിയാകാതെ കിടന്ന 1000 വീടുകളുടെ പൂർത്തീകരണത്തിനായി വീടൊന്നിന് ഒന്നരലക്ഷം വീതം അനുവദിച്ചു. ലക്ഷ്യമിട്ടതിലും കൂടുതൽ (1188 )വീടുകൾ നിർമ്മിച്ചു.
- പട്ടികവർഗ്ഗവികസന വകുപ്പ് തയ്യാറാക്കിയ സാമൂഹിക-സാമ്പത്തിക സർവേ പൂർത്തിയായി.
- വിദേശ വിദ്യാഭ്യാസത്തിന് 58 പട്ടികവിഭാഗം വിദ്യാർഥികൾക്ക് ധനസഹായം നൽകി.
- ഗോത്രവിഭാഗക്കാരായ സ്വാതന്ത്ര്യ സമരസേനാനി കൾക്ക് സ്മാരകം നിർമ്മിക്കുന്ന പ്രവർത്തനം തുടങ്ങി. പട്ടികജാതിവികസന വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കി.
- വിങ്സ്-ഏവിയേഷൻ അക്കാദമിയിൽ പ്രവേശനം നേടുന്ന പട്ടികജാതിവിഭാഗ വിദ്യാർഥികൾക്കായി സർക്കാർ വിദ്യാഭ്യാസ ആനുകൂല്യം ഏർപ്പെടുത്തി.
- 2280 പഠനമുറികൾ നിർമ്മിച്ചു. തുല്യതാ പരീക്ഷ പാസായ എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് പ്ലസ് ടുവിന് 5000 രൂപയും എസ്.എസ്.എൽ.സി.ക്ക് 3000 രൂപയും പ്രോത്സാഹന സമ്മാനം നൽകി.
- പട്ടികജാതിയിൽപ്പെട്ടവർക്ക് 12.7 കോടിയും പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ക്ക് 20 കോടി രൂപയുടേയും ചികിത്സാധനസഹായം നൽകി.
- എസ്.സി/എസ്.ടി. ഗവേഷകവിദ്യാർഥി കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാനുള്ള പ്രായപരിധി 40 വയസ്സായി ഉയർത്തി.
- അറുപത് വയസ്സിനു മുകളിലുള്ള പട്ടികവർഗ്ഗവിഭാഗക്കാർക്ക് മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി 1000 രൂപ നൽകി.
- അട്ടപ്പാടിയിലെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന ഹെൽപ്ഡെസ്ക് ആരംഭിച്ചു. ഇവർക്ക് പോഷകാഹാരലഭ്യത ഉറപ്പാക്കി ജനനി ജന്മരക്ഷ പദ്ധതിയിൽ അർഹരായവർക്കെല്ലാം തുക കൈമാറി.
- കേരള ജനസംഖ്യയുടെ 65% വരുന്ന പിന്നോക്ക ജനതയുടെ ഉന്നമനത്തിനായി പിന്നോക്ക സമുദായക്ഷേമവകുപ്പിന്റെ പ്രവർത്തനം ഊർജിതമാക്കി. വകുപ്പിന്റെ മേഖലാഓഫീസ് കൊല്ലത്തും പാലക്കാടും ആരംഭിച്ചു.
- പരിവർത്തിത ക്രൈസ്തവകോർപ്പറേഷൻ വഴി നൽകുന്ന വായ്പാപരിധി ഉയർത്തി.
- വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിൽ ഉറപ്പ് വരുത്താൻ സൊസൈറ്റി രൂപീകരിച്ച് അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് ആരംഭിച്ചു. ഇതേ മാതൃകയിൽ തിരുവനന്തപുരം, വയനാട് ജില്ലകളിലും അപ്പാരൽ പാർക്കുകൾ ആരംഭിക്കാൻ നടപടികൾ ആരംഭിച്ചു
- പട്ടികവർഗത്തിൽ നിന്നും 500 ബീറ്റ്ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഗോത്രജീവിക പദ്ധതി വഴി നിർമ്മാണ മേഖലയിൽ ആയിരക്കണക്കിന് യുവജനങ്ങൾക്ക് പ്രവൃത്തി പരിശീലനം നൽകി. ശബരിമല ശുചീകരണത്തൊഴിലാളികളുടെ വേതനം വർധിപ്പിച്ചു.
- ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസാക്കി. പന്തളം വലിയകോയിക്കൽ



ക്ഷേത്രത്തിൽ തീർത്ഥാടക വിശ്രമകേന്ദ്രം ആരംഭിച്ചു. പുതിയ ഏഴ് ഇടത്താവളങ്ങളുടെ പ്രവർത്തനത്തിൽ പുരോഗതി.

- കോവിഡ് സാഹചര്യങ്ങൾ പരിഗണിച്ച് ദൈനംദിനാവശ്യങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിനും, മലബാർ ദേവസ്വം ബോർഡിനും സർക്കാർ ധനസഹായം അനുവദിച്ചു. ആചാര്യസ്ഥാനീയർക്കും കോലധാരികൾക്കും പെൻഷൻ നൽകി. മലബാർ ദേവസ്വം ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പള പരിഷ്‌ക്കാരം നടപ്പാക്കി.
- പാർലമെന്ററി സംവിധാനത്തെക്കുറിച്ച് ഭാവിതലമുറയ്ക്ക് പഠിക്കുന്നതിനും അറിയുന്നതിനും താഴേത്തട്ടു മുതൽ വിവിധ പഠന പരിചയ ക്വിസ് മത്സരങ്ങളും, സെമിനാറുകളും സംഘടിപ്പിച്ചു. ■

# നിവരുന്ന വ്യവസായ ഭൂപടം

**പി രാജീവ്**
വ്യവസായ വകുപ്പ് മന്ത്രി

**ഒരു വർഷം പൂർത്തിയാകുമ്പോൾ കേരളത്തിന്റെ വ്യാവസായിക വളർച്ചയെ എങ്ങനെയാണ് വിലയിരുത്തുന്നത് ?**

ഇന്ത്യയിൽ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദാന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നിക്ഷേപ സൗഹൃദ അന്തരീക്ഷം ബലപ്പെടുത്തുന്നതിനായി ഒന്നാം പിണറായി വിജയൻ സർക്കാർ തുടക്കമിട്ട നടപടികൾ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ ആദ്യ വർഷത്തിൽ തന്നെ വ്യവസായ വകുപ്പിനായി. കേരളത്തിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിജ്ഞാന സമ്പദ്ഘടനയായി കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് പുരോഗമിക്കുന്നത്. സംരംഭകർ ഉന്നയിക്കുന്ന പ്രശ്നങ്ങളും പരാതികളും യഥാസമയം പരിഹരിച്ചും സൗഹൃദം കാത്തുസൂക്ഷിച്ചുമാണ് വ്യവസായ രംഗത്ത് കേരളം മുന്നേറ്റം സാധ്യമാക്കുന്നത്.



**മീറ്റ് ദി മിനിസ്റ്റർ, മീറ്റ് ദി ഇൻവെസ്റ്റർ പോലുള്ള പരിപാടികൾ വ്യവസായ മേഖലയ്ക്ക് തുടക്കത്തിലേ ഉണർവ്വ് പകർന്നിട്ടുണ്ടോ?**

മന്ത്രിയെന്ന നിലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിലെ വ്യവസായമേഖലയ്ക്ക് പുത്തനുണർവ്വ് നൽകുന്ന നിരവധി ചുവടുവയ്പ്പുകൾക്ക് ചുക്കാൻ പിടിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. സർക്കാർ അധികാരത്തിലെത്തി ആദ്യമാസങ്ങളിൽ തന്നെ നിക്ഷേപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംരംഭകത്വവുമായി ബന്ധപ്പെട്ട പരാതികൾ നേരിൽ കേട്ട് നടപടികൾ കൈക്കൊള്ളുന്നതിനുമാണ് മീറ്റ് ദി മിനിസ്റ്റർ പരിപാടി ആസൂത്രണം ചെയ്തത്. 11 ജില്ലകളിൽ പരിപാടി പൂർത്തീകരിച്ചു. ആയിരത്തിലധികം പരാതികളിൽ ഈ പരിപാടി വഴി തീർപ്പ് കൽപ്പിക്കാൻ സാധിച്ചു. കേരളത്തിന്റെ വ്യാവസായിക വളർച്ച ലക്ഷ്യമിട്ട് നടപ്പിലാക്കിയ മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിലൂടെ 7000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ഒരു വർഷത്തിനുള്ളിൽ ലഭിച്ചത് എന്നത് മികവാർന്ന നേട്ടമാണ്.

**കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ പ്രതീക്ഷിക്കാമോ ?**

വ്യവസായ ഇടനാഴി സാക്ഷാത്കരിക്കപ്പെടുന്നതോടെ പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. ഭക്ഷ്യ സംസ്കരണം, ലൈറ്റ് എൻജിനീയറിംഗ്, ജ്വല്ലറി, പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങളുടേയും മറ്റു ഖരമാലിന്യങ്ങളുടെയും പുനരുപയോഗം,എണ്ണ-വാതക ഇന്ധനങ്ങൾ, ഇലക്ട്രോണിക്സ്, ഐ.ടി, ലോജിസ്റ്റിക്, ഓട്ടോമോട്ടീവ് തുടങ്ങിയ മേഖലകളിൽ സർക്കാർ മികച്ച പുരോഗതി ഉറപ്പാക്കുകയാണ്. ദുബായ് എക്സ്പോയിൽ പങ്കെടുക്കുന്നതിനിടെ കേരളത്തിൽ ഫുഡ് പ്രൊസസിങ്ങ് പാർക്ക് ആരംഭിക്കാൻ യു എ ഇ സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഈ ചർച്ചകൾ പുരോഗമിക്കുന്നു. ദുബായ് ആസ്ഥാന മാക്കിയുള്ള ട്രെസ്റ്റാർ ഗ്രൂപ്പ് കേരളത്തിൽ ബൃഹത്തായ നിക്ഷേപ പദ്ധതിക്കൊരുങ്ങുകയാണ്. ഇതിനോടകം പദ്ധതിയെക്കുറിച്ച് രണ്ട് ഘട്ടങ്ങളിലായി സംസ്ഥാന സർക്കാരുമായി ചർച്ച നടത്തിക്കഴിഞ്ഞു.

**നിക്ഷേപകർക്ക് പ്രോത്സാഹനം നൽകുന്ന എന്തെല്ലാം നടപടികൾക്കാണ് തുടക്കം കുറിച്ചത്?**

50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് കെ-സ്വിഫ്റ്റ് അക്നോളജ്മെന്റിലൂടെ അനുമതിയില്ലാതെ മൂന്ന് വർഷം വരെ പ്രവർത്തനം സാധ്യമാക്കാൻ ഈ സർക്കാരിന് സാധിച്ചു. 50 കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം കോംപോസിറ്റ്



രാജ്യത്താദ്യമായി ഉത്തരവാദിത്ത നിക്ഷേപം ഉത്തരവാദിത്ത വ്യവസായം എന്ന നയം സ്വീകരിച്ച് കേരളം വ്യാവസായിക രംഗത്ത് മുന്നേറുകയാണ്. ഗ്രീൻ ഇൻവെസ്റ്റ്മെന്റിന് പറ്റിയ സ്ഥലമായും ആഗോളാടിസ്ഥാനത്തിൽ ഉത്തരവാദിത്ത നിക്ഷേപത്തിന്റെ കേന്ദ്രമായും കേരളം മാറുന്നത് നിക്ഷേപം ആകർഷിക്കാൻ സഹായകമാകുകയാണ്. ഇന്ത്യയുടെ വ്യാവസായിക ഭൂപടത്തിൽ കേരളം സ്വന്തമായൊരു സ്ഥാനം അടയാളപ്പെടുത്തിയ വർഷമാണിത്

ലൈസൻസ് നൽകാനുള്ള നിയമവും പാസാക്കി. അനാവശ്യ നടപടികൾ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനുമായി കെ-സിസ് പോർട്ടലിലൂടെ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃതാ പരിശോധനാ സംവിധാനം ആവിഷ്കരിച്ചു. മികച്ച പ്രതികരണം നേടിയെടുത്ത ഈ സംവിധാനത്തിന് കീഴിൽ ഇതിനോടകം അഞ്ച് ലക്ഷത്തിലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### 2022 – 23 സംരംഭക വർഷമായി ആചരിക്കുകയാണല്ലോ ?

കഴിഞ്ഞ ആറ് മാസത്തെ ആസൂത്രണത്തിനൊടുവിലാണ് മാർച്ച് 30ന് മുഖ്യമന്ത്രി പിണറായി വിജയൻ സംരംഭക വർഷം ഉദ്ഘാടനം ചെയ്തത്. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും നാലു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. എം എസ് എം ഇ മേഖലയിൽ നിക്ഷേപങ്ങൾ വർധിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട സംശയങ്ങളും ഉയർന്നുവരും. ഇത് പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 168 വിദഗ്ധ പാനലിസ്റ്റുകളെ ഉൾക്കൊള്ളിച്ച് ആരംഭിച്ച ക്ലിനിക്കുകളെ എന്ത് ആവശ്യത്തിനും സംരംഭകർക്ക് സമീപിക്കാവുന്നതാണ്.

### പൊതുമേഖലയുടെ വളർച്ചയും അനിവാര്യമല്ലേ ?

സ്വകാര്യമേഖലയിലെ നിക്ഷേപങ്ങൾക്കൊപ്പം പൊതുമേഖലയെ ആധുനികവൽക്കരിച്ചും വൈവിധ്യവൽക്കരണത്തിലൂടെ നവീകരിച്ചും ലാഭത്തിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി 41 പൊതുമേഖലാ സ്ഥാപനങ്ങളെ ഏഴു വിഭാഗങ്ങളിലായി തിരിച്ച് 2030 ഓടെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമാക്കാനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 പൊതുമേഖലാ സ്ഥാപനങ്ങൾ 384.68 കോടി രൂപയുടെ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രവർത്തന ലാഭം (332.2 കോടി രൂപ) നേടുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനമെന്ന നേട്ടം ഈ വേളയിൽ കെ എം എം എൽ കൈവരിക്കുകയും ചെയ്തു.

### വിജയമുദ്രകൾ, മുന്നേറ്റങ്ങൾ

പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനും പദ്ധതി പുരോഗതി തത്സമയം നിരീക്ഷിക്കാനും പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനുമായി പി എം എസ് പോർട്ടൽ ആരംഭിച്ചു.

വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ ഈ പ്രോജക്ട് മാനേജ്മെന്റ് സംവിധാനത്തിന് കീഴിൽ കൊണ്ടുവന്ന് കേന്ദ്രീകൃത ആക്റ്റിവിറ്റി കലണ്ടർ മുഖേന ബന്ധിപ്പിക്കും.

പതിനായിരം കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് നിർമ്മാണം ആരംഭിച്ചു. കേന്ദ്രസർക്കാരിൽ നിന്ന് ഏറ്റെടുത്ത് നവീകരിച്ച് സംസ്ഥാന സർക്കാർ ആരംഭിച്ച കെൽ-ഇ.എം.എൽ കാസർഗോഡ് പ്രവർത്തനമാരംഭിച്ചു.

കേന്ദ്രസർക്കാരിൽ നിന്ന് ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കുടിശികയുൾപ്പെടെ തീർത്തു നവീകരിച്ച് പുതുതായി ആരംഭിക്കുന്ന കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് പ്രവർത്തനോദ്ഘാടനത്തിന് സജ്ജമാക്കി. റബ്ബർ അധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങൾ പുറത്തിറക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ കേരള റബ്ബർ ലിമിറ്റഡ് വെള്ളൂരിൽ രജിസ്റ്റർ ചെയ്തു.

ഒരു ലക്ഷത്തിലധികം പേർക്ക് തൊഴിൽ ലഭിക്കുന്ന കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി 2220 ഏക്കർ ഭൂമി അതിവേഗം ഏറ്റെടുക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലേക്ക്.

കോവിഡ് കാരണം പ്രതിരോധത്തിലായ ചെറുകിട വ്യവസായികൾക്ക് 1416 കോടി രൂപയുടെ സഹായപദ്ധതി നടപ്പിലാക്കി.



## വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- വ്യവസായരംഗത്തെ സംരംഭകർ ഉന്നയിക്കുന്ന പ്രശ്നങ്ങളും പരാതികളും പരിഹരിക്കാൻ സംസ്ഥാന -ജില്ലാതലങ്ങളിൽ നിയമ പിൻബലമുള്ള പരാതി പരിഹാര സംവിധാനം തുടങ്ങി.
- കോവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സഹായിക്കുന്നതിന് 1416 കോടി രൂപയുടെ സഹായ പദ്ധതി നടപ്പിലാക്കി. 4700 എം എസ് എം ഇ കൾ

ആരംഭിച്ചതിലൂടെ 673.49 കോടി രൂപയുടെ നിക്ഷേപ വും 23,332 പേർക്ക് തൊഴിലും സാധ്യമാക്കി.

- 50 കോടിയിൽ അധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ എഴ് ദിവസങ്ങൾക്കുള്ളിൽ കോംപോസിറ്റ് ലൈസൻസ് നൽകാനുള്ള സുപ്രധാന ബിൽ പാസാക്കി.
- കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ 75 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് ഡിസൈൻ ടെക്നോളജി രംഗത്തെ ലോകോത്തര സ്ഥാപനങ്ങളിലൊന്നായ ടാറ്റാ എലക്സിയുമായി കരാർ ഒപ്പുവെച്ചു. പദ്ധതിയിലൂടെ അഞ്ച് വർഷത്തിനുള്ളിൽ ആറായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- കാക്കനാട് കിൻഫ്ര ഇലക്ട്രോണിക് ആന്റ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ ഐ.ടി, ഐ.ടി.ഇ.എസ്, ഡാറ്റ പ്രോസസിംഗ് ക്യാമ്പസ് ആരംഭിക്കുന്നതിനായി ടിസിഎസ്സുമായി ധാരണാപത്രം ഒപ്പിട്ടു. 1200 കോടി



രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിലൂടെ 20,000 പേർക്ക് തൊഴിൽ ലഭിക്കും.

- കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി 2220 ഏക്കർ ഭൂമി അതിവേഗം ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചു.
- 2030 ഓടെ 41 പൊതുമേഖലാ സ്ഥാപനങ്ങളെ ഏഴു വിഭാഗങ്ങളിലായി ആധുനീകരിക്കാനും നവീകരിക്കാനും ലക്ഷ്യമിട്ട് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി.
- മികച്ച പ്രകടനം കാഴ്ചവെക്കുന്ന പൊതുമേഖലാ സ്ഥാപനം, മികച്ച മാനേജിംഗ് ഡയറക്ടർ, മികച്ച തൊഴിലാളി, മികച്ച ഓഫീസർ എന്നീ വിഭാഗങ്ങളിൽ പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തി.
- റബ്ബർ അധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങൾ പുറത്തിറക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ രൂപം നൽകിയ കേരള റബ്ബർ ലിമിറ്റഡ് വെള്ളൂരിൽ രജിസ്റ്റർ ചെയ്തു. കൊച്ചി സിയാൽ മാതൃകയിലാണ് കമ്പനിയുടെ പ്രവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്.
- ഒന്നര വർഷമായി അടഞ്ഞുകിടന്ന കോട്ടയം ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിച്ചു. വിവിധ വ്യവസായ എസ്റ്റേറ്റുകളിലേയും പാർക്കുകളിലേയും ഭൂമിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി. ഇത് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.
- വടക്കൻ കേരളത്തിന്റെ വ്യവസായ പുരോഗതിക്കായി കോഴിക്കോട്ട് കെ എസ് ഐ ഡി സിയുടെ പുതിയ മേഖലാ ഓഫീസ് തുറന്നു. ചേർത്തലയിൽ പുതിയ ഫുഡ് പ്രോസസ്സിംഗ് സജ്ജമായി. കിൻഫ്രയുടെ കീഴിൽ കൊല്ലം ജില്ലയിലെ മുണ്ടക്കലിൽ  മിനി ഇൻഡസ്ട്രിയൽ പാർക്ക് പൂർത്തിയായി.
- കിൻഫ്രയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ ഒരുക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്റ്ററി പ്രവർത്തനമാരംഭിച്ചു. മട്ടന്നൂർ കിൻഫ്ര പാർക്കിൽ പുതുതായി നിർമ്മിക്കുന്ന അഡ്മിനിസ്ട്രേഷൻ കം ഫെസിലിറ്റേഷൻ ബ്ലോക്ക് നിർമ്മാണം തുടങ്ങി.
- കയർ ഭൂവസ്ത്ര പദ്ധതിപ്രകാരം ഉൽപ്പാദനം 2020-21ൽ 25,000 ടൺ ആയി ഉയർന്നു. ഈ പദ്ധതിയിലൂടെ ചകിരി ഉൽപ്പാദനം, കയറുപിരി, ഉൽപ്പന്ന നിർമ്മാണം എന്നീ മൂന്ന് മേഖലകളിൽ തൊഴിൽ നൽകാൻ സാധിച്ചു.100 കോടി രൂപ യുടെ കയർ ഭൂവസ്ത്ര വിതാനം പൂർത്തിയാക്കി.
- 2020-21 വെർചൽ കയർ കേരളയിൽ 121 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചു. 875 ഗ്രാമപഞ്ചായത്തുകളിലായി 1.68 കോടി ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രമാണ് ധാരണാപത്ര പ്രകാരം വിരിക്കാൻ സാധിക്കുന്നത്.
- തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാപ്പെക്സിനും കശുവണ്ടി കോർപ്പറേഷനും നൽകി. ഇതിലൂടെ നിരവധി സ്ഥാപനങ്ങൾ തുറന്നു പ്ര വർത്തിപ്പിക്കാൻ സാധിച്ചു. കാഷ്യൂ ബോർഡ് വഴി 8000 മെട്രിക് ടൺ കശുവണ്ടി ലഭ്യമാക്കി ഈ മേഖലയിൽ 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.
- മൂല്യവർധനവിന്റെ ഭാഗമായി ഹാൻടെക്സ് ഗാർമെന്റ് ഫാക്ടറി നിർമ്മാണം പൂർത്തിയാക്കി. സർക്കാരും പൊതുമേഖല സ്ഥാപനങ്ങളും വാങ്ങുന്ന തുണിത്തരങ്ങളിൽ 30 ശതമാനം കൈത്തറി / ഖാദി ആകണമെന്ന തീരുമാനം നടപ്പിലാക്കി.
- ടൂറിസം കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ബസാറുകൾ തുടങ്ങുന്നതിന്റെ ഭാഗമായി കുമരകത്ത് ആദ്യ ബാംബൂ ബസാർ ആരംഭിച്ചു. മൂന്നാർ, തേക്കടി, മാനന്തവാടി, കോതമംഗലം എന്നിവിടങ്ങളിൽ ബസാർ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങി.
- സംസ്ഥാനത്തെ തോട്ടം മേഖല വ്യവസായ വകുപ്പിന് കീഴിലാക്കി. പ്ലാന്റേഷൻ ഡയറക്ടറേറ്റും രണ്ട് മേഖലാ ഓഫീസുകളും രൂപവത്ക്കരിക്കാനുള്ള നടപടികളാരംഭിച്ചു. ■

# തീരസമൂഹത്തിൽ സമഗ്രമാറ്റം സാംസ്കാരികരംഗം ഉണർവിൽ



**മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധന മേഖലയ്ക്കും തീരദേശത്തിനും ഏറെ പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ട് പോകുകയാണ്. കടൽ സമ്പത്തിന്റെ സംരക്ഷണവും സുസ്ഥിര വികസനവും മത്സ്യത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും അവകാശ സംരക്ഷണവും പുരോഗതിയും, ജീവനും സമ്പത്തിനുമുള്ള സംരക്ഷണം, ശുദ്ധമായ മത്സ്യം ലഭിക്കുന്നതിനുള്ള സാധാരണക്കാരായ ഉപഭോക്താക്കളുടെ അവകാശം, തീരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനം എന്നിങ്ങനെ ഈ മേഖലയിലെ വിവിധ ഘടകങ്ങളെ സംയോജിപ്പിച്ച് സമഗ്രമായ മാറ്റം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്**

## സജി ചെറിയാൻ

മത്സ്യബന്ധനം - സാംസ്കാരികം - യുവജനകാര്യം
വകുപ്പ് മന്ത്രി

**പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പുരോഗതിക്കായി എന്തൊക്കെ വികസനപ്രവർത്തനങ്ങളും പദ്ധതികളുമാണ് നടപ്പാക്കുന്നത്?**

ഒന്നാം പിണറായി സർക്കാർ രാജ്യത്തുതന്നെ ആദ്യമായി മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും മാതൃകാപരമായ പുനരധിവാസ പദ്ധതിയിലൂടെ മുട്ടത്തറയിൽ ഫ്ളാറ്റുകൾ നിർമിച്ച് 192 കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്തു. കൂടാതെ പുനരധിവാസത്തിനായി 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി. മത്സ്യത്തൊഴിലാളികൾ ഈ പദ്ധതികളെ ഇരുകൈയ്യും നീട്ടി സ്വീകരിച്ചതിനെ തുടർന്നാണ് തീരദേശത്ത് വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ പേരെയും പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹത്പദ്ധതി തയ്യാറാക്കിയത്. 2020 ൽ ആരംഭിച്ച പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ 1109 ഗുണഭോക്താക്കൾ സ്വന്തമായി ഭൂമി കണ്ടെത്തി ഭവനം നിർമിച്ചു കഴിഞ്ഞു. വിവിധ ഘട്ടങ്ങളിലായി 1126 വീടുകൾ നിർമാണം പുരോഗമിക്കുന്നു, 2235 പേർ ഭൂമി രജിസ്റ്റർ ചെയ്തു. ഇതോടൊപ്പം തിരുവനന്തപുരത്ത് കാരോട് 128, ബീമാപള്ളിയിൽ 20, മലപ്പുറത്ത് പൊന്നാനിയിൽ 128 ഫ്ളാറ്റുകളുടെ നിർമാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്കു കൈമാറിക്കഴിഞ്ഞു. കൊല്ലം ജില്ലയിലെ QSS കോളനിയിലെ 114 ഫ്ളാറ്റുകളുടെ നിർമാണം അന്തിമഘട്ടത്തിലാണ്. ഇതിനു പുറമേ തിരുവനന്തപുരം ജില്ലയിലെ കാരോട്, വലിയതുറ, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ നിറമരുതൂർ, പൊന്നാനി, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, കാസർഗോഡ് ജില്ലയിലെ കോയിപ്പടി എന്നിവിടങ്ങളിൽ 784 ഫ്ളാറ്റുകൾക്ക് ഭരണാനുമതി നൽകിയത് നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. പദ്ധതി പുരോഗതിക്കായി രജിസ്ട്രേഷൻ ചെലവ് ഒഴിവാക്കുകയും തീരദേശത്ത് നിന്ന് മാറി താമസിക്കുന്നവർ ഭൂമി പരിത്യജിക്കണമെന്ന നിബന്ധന ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ തീരദേശമേഖലയുടെ പശ്ചാത്തല വികസനത്തിനും വലിയ മുൻഗണന സർക്കാർ നൽകുന്നു. ഒൻപത് കടലോര ജില്ലകളിലായി 61.9 കോടി രൂപ ചെലവിൽ പൂർത്തീകരിച്ച 145 റോഡുകളാണ് ഉദ്ഘാടനം ചെയ്തത്. കിഫ്ബി മുഖാന്തരം 20 തീരദേശ സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ നിർമിച്ചത് അടിസ്ഥാന സൗകര്യവികസനങ്ങളിലെ പുതിയൊരു ഏടാണ്. ഇതോടൊപ്പം തീരദേശ ജനതയ്ക്ക് മാരകരോഗങ്ങളിൽ തുടർചികിത്സാസൗകര്യം ഉറപ്പാക്കുന്ന തീരാരോഗ്യം പദ്ധതി ആവിഷ്കരിച്ചു.

**മത്സ്യവിൽപനയും അനുബന്ധ തൊഴിലുകളും ചെയ്യുന്ന വലിയ വിഭാഗമാണ് മത്സ്യത്തൊഴിലാളി സ്ത്രീകൾ. ഇവരുടെ ഉന്നമനം എങ്ങനെ കൈവരിക്കാനാകും?**

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ്' ടു ഫിഷർവിമൺ (സാഫ്). സാഫ് മുഖേന തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 46 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ രൂപീകരിക്കുന്നതിന് 6.43 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു. രണ്ടാം നൂറുദിന പദ്ധതിയുടെ ഭാഗമായി സാഫ് തീരമൈത്രിയിലൂടെ 750 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 150 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. അഞ്ച് അംഗങ്ങളുള്ള ഒരു ഗ്രൂപ്പിന് അഞ്ച് ലക്ഷം രൂപയാണ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) ഗ്രാന്റ് നൽകുന്നത്. മത്സ്യ വിൽപനയും അനുബന്ധ തൊഴിലും ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് പദ്ധതി ആരംഭിച്ചു. അഞ്ച് മത്സ്യത്തൊഴിലാളി വനിതകളെ വീതം ഉൾപ്പെടുത്തിയുള്ള ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനമായി 50000 രൂപ റിവോൾവിംഗ് ഫണ്ട് സാഫ് നൽകുന്നു. സ്വകാര്യധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും ഇവരെ മുക്തരാക്കുക എന്നതാണ് ലക്ഷ്യം.



**പ്രകൃതിദുരന്തങ്ങൾ ഏറെ ബാധിക്കുന്ന ജനതയാണ് മത്സ്യത്തൊഴിലാളി സമൂഹം. ഇത്തരം ഘട്ടങ്ങളിലെ ആശ്വാസനടപടികൾ സംബന്ധിച്ച് ?**

അപ്രതീക്ഷിത കാലാവസ്ഥയും അനുബന്ധ ദുരന്തങ്ങളും മൂലമുള്ള അനിശ്ചിതാവസ്ഥ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വലിയ പ്രശ്നമാണ്. ഇത്തരം സന്ദർഭങ്ങളിൽ അവർക്ക് താങ്ങായി സർക്കാർ നിലകൊണ്ടു. ടൗട്ടേ ചുഴലിക്കാറ്റ് ബാധിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1200/ രൂപ നിരക്കിൽ 18.36 കോടി ധനസഹായം നൽകി. കോവിഡ് മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 1000/ രൂപ നിരക്കിൽ 32.41 കോടി

രൂപയുടെ ധനസഹായം വിതരണം ചെയ്തു. കാലാവസ്ഥാ മുന്നറിയിപ്പ് മുഖേന തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 3000/ രൂപ നിരക്കിൽ 47.84 കോടി രൂപയുടെ ധനസഹായം അനുവദിച്ചതും ഈ സമീപനത്തിന്റെ ഉത്തമസാക്ഷ്യമാണ്.

**മത്സ്യമേഖലയിലെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ഉറപ്പാക്കാനായിട്ടുണ്ടോ?**

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ട് വരുന്ന മത്സ്യത്തിന് ഇടനിലക്കാരുടെ ചൂഷണം മൂലം ന്യായവില ലഭിക്കാത്തത് മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിച്ചിരുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായിരുന്നു. മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കി മത്സ്യവിപണനം സാധ്യമാക്കുന്നതിനും ഉതകുന്ന 'മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും' നിയമത്തിനു കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. ഈ നിയമത്തിലൂടെ ഇന്ന് തീരദേശത്ത് നിലവിലുള്ള 10 മുതൽ 15% വരെയുള്ള ലേല കമ്മീഷൻ ഇല്ലാതാകും. പകരം ലേലം ചെയ്യുന്നതിന് പ്രദേശത്തെ മത്സ്യത്തൊഴിലാളി സഹകരണ സംഘം നിർദ്ദേശിക്കുന്ന ലേലക്കാരനും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്കും മത്സ്യത്തൊഴിലാളിക്കും സഹകരണ സംഘത്തിനും വീതിക്കാൻ കഴിയുന്ന തരത്തിൽ 5% മായി നിജപ്പെടുത്തും. ഇതിനുള്ള ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ഈ നിയമം പൂർണതോതിൽ ന ടപ്പാവുന്നതോടെ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ലഭിക്കുന്ന സാഹചര്യം സംജാതമാകും.




**കോവിഡ് പ്രതിസന്ധി കലാമേഖലയെയും സാരമായി ബാധിച്ചു. ഈ മേഖലയുടെ അതിജീവനത്തിനായി നടത്തിയ ഇടപെടലുകൾ ?**

കോവിഡ് പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട തൊഴിൽ മേഖലകളിലൊന്നു കലാകാരന്മാരുടേതാണ്. ഇതിനെ മറികടക്കുവാൻ നൂതനപദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുവാൻ വകുപ്പിന് സാധിച്ചു. ഇതിൽ എടുത്തു പറയേണ്ടുന്ന പദ്ധതിയാണ് സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഭാരത് ഭവൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന മഴമിഴി എന്ന ഓൺലൈൻ കലാപ്രദർശനം. കോവിഡ് കാലത്ത് പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിനു ഉണർവും കൈത്താങ്ങുമേകാനാണ് മഴമിഴി ലക്ഷ്യമിടുന്നത്.

കേരളത്തിലങ്ങോളമിങ്ങോളമുള്ള കലാകാരന്മാരെ സംഘടിപ്പിച്ചു കൊണ്ട് അവർക്ക് പ്രതിഫലം നൽകി പരിപാടികൾ അവതരിപ്പിച്ചു ചിത്രീകരിച്ചു ഓൺലൈൻ വഴി പ്രദർശിപ്പിച്ചു. വലിയ തരത്തിലുള്ള സ്വീകാര്യതയാണ് ഈ പദ്ധതിക്ക് കലാകാരന്മാരിൽ നിന്നും ലഭിച്ചത്. ഇതോടൊപ്പം തന്നെ കോവിഡ് പ്രതിസന്ധി മറികടക്കുവാൻ കലാകാരന്മാർക്കെല്ലാം തന്നെ 1000 രൂപ വീതം ധനസഹായവും നൽകി.

സാംസ്ക്കാരിക വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. കേരളീയ കലാരൂപങ്ങളായ ക്ലാസിക്കൽ കല, അഭിനയ കല, ചിത്രകല, ശില്പകല, ഫോക്ലോർ കലാരൂപങ്ങൾ തുടങ്ങിയ കലകളിലാണ് സൗജന്യപരിശീലനം നൽകുന്നത്. രണ്ട് വർഷമാണ് പഠനകാലാവധി. അക്കാഡമിക് ആയി കലാവിഷയങ്ങൾ പഠിച്ചവരിൽ നിന്നാണ് അധ്യാപകരായ ഫെലോഷിപ്പ് കലാകാരന്മാരെ തെരഞ്ഞെടുത്തിരിക്കുന്നത്.
ഇവർക്കുള്ള മാസം 10000 രൂപ വീതം സാംസ്കാരിക വകുപ്പും 5000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫെലോഷിപ്പ് ആയി നൽകും.



# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനായി ഏഴ് വർഷപങ്ങൾക്ക് ശേഷം വെരിഫിക്കേഷൻ നടത്തി പെർമിറ്റ് വിതരണം ആരംഭിച്ചു 14332 എൻജിനുകൾക്കാണ് പെർമിറ്റ് അനുവദിച്ചത്.
- ആലപ്പുഴ, പൊന്നാനി, അഴീക്കോട് (തൃശ്ശൂർ), കാസർഗോഡ് ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചു. മത്സ്യവിപ ണനത്തിലേർപ്പെടുന്ന സ്ത്രീ തൊഴിലാളികൾക്ക് സൗജന്യയാത്ര ഉറപ്പുവരുത്താൻ സമുദ്ര ബസ് സർവീസ് ആരംഭിച്ചു.
- സുഭിക്ഷ കേരളം പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 2078 കോടി രൂപയുടെ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 448 പഞ്ചായത്തുകളിലായി 1553.48 ഹെക്ടർ വിസ്തൃതിയിൽ 10774 എണ്ണം കുളങ്ങളിൽ മത്സ്യകൃഷി ആരംഭിച്ചു.
- 'എവിടെയെല്ലാം ജലാശയം, അവിടെയെല്ലാം മത്സ്യകൃഷി' എന്ന ജനകീയ ക്യാമ്പയിന് 2021 ജൂലൈ 10 ന് തുടക്കംകുറിച്ചു.
- 2025 ഓടെ മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷിയിലൂടെയുള്ള മത്സ്യോൽപ്പാദനം ഇരട്ടിയാക്കുന്നതിനും ലക്ഷ്യം.
- വയനാട് ജില്ലയിലെ ബാണാസുര സാഗർ, കാരാപ്പുഴ, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, പത്തനംതിട്ട ജില്ലയിലെ കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള 'കൂടുകളിലെ മത്സ്യക്കൃഷി പദ്ധതി' നടപ്പിലാക്കി.
- മത്സ്യഫെഡ് മുഖേന മൊബൈൽ ഫിഷ് മാർട്ട്, ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിലിംഗ് യൂണിറ്റുകൾ, സഹകരണ ബാങ്കുകളുടെ കീഴിൽ ഫ്രാഞ്ചൈസി മാർട്ടുകൾ, മത്സ്യം സംഭരിക്കുന്നതി നുള്ള ബേസ് സ്റ്റേഷൻ എന്നിവ നടപ്പിലാക്കി.
- കടൽ രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു മാസ്റ്റർ കൺട്രോൾ റൂമും മേഖലാ കൺട്രോൾ റൂമുകളും ആരംഭിച്ചു.
- കോവിഡ് മഹാമാരിയാൽ കഴിഞ്ഞ വർഷങ്ങളിൽ പരിമിതപ്പെട്ടിരുന്ന രാജ്യാന്തര ചലച്ചിത്രമേള പ്രൌഢഗംഭീരമായി ഈ വർഷം സംഘടിപ്പിച്ചു. മേഖലാ തലത്തിൽ എറണാകുളത്തും റീജിയണൽ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു.
- സ്ത്രീക്ക് സാമ്പത്തികവും രാഷ്ട്രീയവുമായ തുല്യത കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് സമം ബോധവൽക്കരണ ക്യാമ്പയിൻ ആരംഭിച്ചു.
- വനിതകളെയും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരെയും പ്രോത്സാഹിപ്പിക്കുന്നതിന് ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സിനിമാനിർമാണത്തിന് പരമാവധി 1.5 കോടി രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചു.
- തിരുവനന്തപുരം കൈരളി, നിള, ശ്രീ തിയേറ്റർ സമുച്ചയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ 12 കോടി രൂപ ചെലവിൽ പൂർത്തിയാക്കി തുറന്നുകൊടുത്തു.
- ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ നിർമിക്കുന്ന കൊല്ലം സാംസ്കാരിക സമുച്ചയം, കാസർഗോഡ് സാംസ് കാരിക സമുച്ചയം എന്നിവയുടെ നിർമാണം പുരോഗമിക്കുന്നു.
- കിളിമാനൂർ ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോ അന്തിമഘട്ടത്തിൽ.
- വൈക്കം, ഇരിട്ടി എന്നിവിടങ്ങളിൽ തിയേറ്ററുകൾ നിർമിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.
- ദുരന്തങ്ങളെ നേരിടുവാൻ യുവജനക്ഷേമ ബോർഡിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിലുള്ള സന്നദ്ധ സേനയായ യൂത്ത് ആക്ഷൻ ഫോഴ്സ് ആവിഷ്ക്കരിച്ചു.
- യൂത്ത് ഫോട്ടോഗ്രഫി അവാർഡ്, ഓൺലൈൻ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവസാഹിത്യക്യാമ്പ്, യുവ ക്ലബ്ബുകൾക്ക് ധന സഹായം, യുവപ്രതിഭാ പുരസ്ക്കാരം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. ■



# പ്രതിസന്ധിയുടെ കാലത്തും അക്ഷരവെളിച്ചം ജ്വലിപ്പിച്ച കേരളം

**ജനകീയവും ജനാധിപത്യപരവും മതനിരപേക്ഷവുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ പൊതുവിദ്യാലയങ്ങളെ നവീകരിച്ചും അക്കാദമിക് നിലവാരം ഉയർത്തിയും മുന്നേറുകയാണ് പൊതുവിദ്യാഭ്യാസ രംഗം. തൊഴിൽ സൗഹൃദമുള്ള നാടാക്കി നമ്മുടെ സംസ്ഥാനത്തെ വളർത്താൻ സാധിച്ച മാറ്റത്തിന്റെ നാളുകൾ കൂടിയാണ് പിന്നിട്ട ഒരു വർഷം**

## വി ശിവൻകുട്ടി
പൊതുവിദ്യാഭ്യാസം തൊഴിൽ വകുപ്പ് മന്ത്രി

### പൊതുവിദ്യാഭ്യാസം – തൊഴിൽ രംഗങ്ങളിലെ ഒരു വർഷത്തെ പ്രവർത്തനത്തെ എങ്ങനെ വിലയിരുത്തുന്നു?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസരംഗം വലിയൊരു മാറ്റത്തിന്റെ തുടർച്ചയിലാണ്. കഴിഞ്ഞ സർക്കാർ തുടക്കമിട്ട പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. അതിന്റെ തുടർച്ചയായി നമ്മുടെ സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളും അക്കാദമിക് നിലവാരവും ഏറെ മെച്ചപ്പെട്ടു വരികയാണ്. കോവിഡ് മഹാമാരി കാരണം കുട്ടികളുടെ വിദ്യാഭ്യാസം പ്രതിസന്ധി യിലാകാതെ രാജ്യത്തിന് തന്നെ മാതൃക തീർക്കാനും നമുക്ക് സാധിച്ചു. തൊഴിലാളി ക്ഷേമത്തോടൊപ്പം തൊഴിൽ വകുപ്പ് ഊന്നൽ നൽകിയത് മെച്ചപ്പെട്ട തൊഴിലന്തരീക്ഷം നിലനിർത്തു ന്നതിനാണ്. ആരോഗ്യകരമായ തൊഴിൽദായക - തൊഴിലാളി ബന്ധത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിവരുന്നത്.



### എന്തുകൊണ്ടാണ് പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ മികച്ച പ്രാധാന്യം നൽകുന്നത് ?

ജനാധിപത്യ സമൂഹം ശക്തിപ്പെടണമെങ്കിൽ ജനതയ്ക്ക് അറിവും വിജ്ഞാനവും അനിവാര്യമാണ്. അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധവും ബോധ്യവുമുള്ള സമൂഹത്തെ മാത്രമേ ആധുനിക ജനാധിപത്യ സമൂഹം എന്ന് വിളിക്കാനാവൂ. 1957 ലെ ഒന്നാം ഇ എം എസ് സർക്കാർ മുതലിങ്ങോട്ടുള്ള പല സർക്കാരുകളും പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന് ഏറെ ശ്രദ്ധ കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾക്കൊണ്ടുള്ള മുന്നേറ്റമാണ് സർക്കാർ ഉറപ്പാക്കുന്നത്.

### വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയും ഉറപ്പുവരുത്തുന്നുണ്ടോ ?

ഉണ്ട്. അറിവ് ആർജിക്കുക എന്നത് മൗലികാവകാശമാണ് എന്ന നിലയിലാണ് ഇക്കാര്യത്തിൽ നാം മുന്നേറ്റം ഉറപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെയും അതിന്റെ തുടർച്ചയായുള്ള വിദ്യാകിരണം മിഷനിലൂടെയും കുട്ടികൾക്ക് ഗുണമേന്മാ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള പുതുമാതൃകകൾ കേരളം ലോകത്തിനു മുന്നിൽ വെക്കുന്നുണ്ട്. കോവിഡ് കാലത്ത് ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ രാജ്യത്തെ തന്നെ ഒന്നാം ശ്രേണിയിലെത്തിയ സംസ്ഥാനമാണ് കേരളം. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികൾക്ക് മാത്രമല്ല മുതിർന്നവർക്കും ലഭ്യമാക്കുന്ന സംസ്ഥാനമാണ് നമ്മുടേത്.

### കേരളം ഡിജിറ്റൽ വിദ്യാഭ്യാസത്തിൽ വലിയ നേട്ടങ്ങൾ സ്വന്തമാക്കുകയാണല്ലോ ?

അഭിമാനകരമായ മുന്നേറ്റമാണ് പ്രതിസന്ധിയുടെ കാലത്ത് ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്ത് നാം സ്വന്തമാക്കിയത്. 9941 പ്രൈമറി വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സൗകര്യം ഏർപ്പെടുത്തിയ കേരളം ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായിക്കഴിഞ്ഞു. രാജ്യത്തെ ആദ്യ സമ്പൂർണ വിദ്യാഭ്യാസ ചാനലായ വിക്ടേഴ്സിലൂടെ കോവിഡ് കാലത്ത് മികച്ച രീതിയിൽ പഠനം സാധ്യമാക്കി. അതിന്റെ തുടർച്ചയെയെന്ന നിലയിൽ ഫസ്റ്റ് ബെൽ 2.0 എന്ന പേരിൽ ഡിജിറ്റൽ ക്ലാസ്സുകൾ തുടങ്ങി. വിക്ടേഴ്സ് പ്ലസ് എന്ന രണ്ടാമത്തെ ചാനലും ആരംഭിച്ചു.

### സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള നിയമനങ്ങൾ നടക്കുന്നുണ്ടോ ?

വിദ്യാഭ്യാസ വകുപ്പിൽ ആറായിരത്തിലധികം പുതിയ നിയമനങ്ങളാണ് ഒരു വർഷത്തിനുള്ളിൽ നടന്നത്. അതിൽ 3200 ലധികം അധ്യാപക നിയമനങ്ങളും പി.എസ്.സി വഴിയാണ് നടന്നത്.1655 പ്രൈമറി അധ്യാപകർക്ക് ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകി. 771-ൽ പരം പ്രൈമറി തസ്തികയിൽ പുതിയ അധ്യാപക നിയമനങ്ങൾ നടത്തി. 25 ൽ കൂടുതൽ വർഷങ്ങളായി ഏകാധ്യാപക വിദ്യാലയങ്ങളിൽ ജോലി നോക്കിയിരുന്ന 344 വിദ്യാവോളന്റിയർമാരെ സർക്കാർ സ്കൂളുകളിൽ പി.റ്റി.സി.എം. / എഫ്.റ്റി.സി.എം. തസ്തികകളിൽ നിയമിച്ചു.

### അതിഥിത്തൊഴിലാളികളുടെ എണ്ണം വർധിക്കുന്നതനുസരിച്ചു തൊഴിൽരംഗത്ത് സംരക്ഷണ പദ്ധതികൾ ഉണ്ടാകുന്നുണ്ടോ ?

അതിഥിത്തൊഴിലാളികൾക്ക് കോവിഡ് വാക്സിൻ സമയബന്ധിതമായി നൽകിയതുൾപ്പടെ ഒട്ടേറെ സൗകര്യങ്ങൾ ഒരുക്കി നൽകിയ നാടാണ് കേരളം. സംസ്ഥാനത്ത് താമസിച്ചുവരുന്ന എല്ലാ അതിഥിത്തൊഴിലാളികൾക്കും താമസസൗകര്യം ഉറപ്പാക്കാൻ ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റെസിഡൻസ് ഇൻ കേരള എന്ന പദ്ധതി നടപ്പിലാക്കി. അതിഥിത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആവാസ് പദ്ധതി ഊർജിതമായി നടപ്പാക്കി.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- ഓൺലൈൻ, ഡിജിറ്റൽ പഠനം കൂടുതൽ കാര്യക്ഷമമാക്കി. മലയോര പിന്നാക്ക മേഖലകളിലെ വിദ്യാർഥികളുടെ പഠന വിടവ് പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകി. 45710 ഡിജിറ്റൽ ഉപകരണങ്ങൾ മലയോര പിന്നാക്ക മേഖലകളിൽ വിതരണം ചെയ്തു.
- സംസ്ഥാനത്ത് 151132 ഡിജിറ്റൽ ഉപകരണങ്ങൾ ഇന്റർനെറ്റ് കണക്ഷൻ ഉൾപ്പെടെ നൽകി.
- ഹയർസെക്കൻഡറി, എസ്.എസ്.എൽ.സി. പരീക്ഷകളും പരീക്ഷാഫലവും സമയബന്ധിതമായി പൂർത്തിയാക്കി. ഹയർസെക്കൻഡറി, എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ വർധനവ്.
- ഭിന്നശേഷി വിദ്യാർഥികളുടെ പഠനപിന്തുണയ്ക്കായി സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കി.
- കാഴ്ച പരിമിതരായ അധ്യാപകരും വിദ്യാർഥികളും നേരിടുന്ന വായന പ്രതിസന്ധിയ്ക്ക് പരിഹാരമായി ശ്രുതി പാഠം എന്ന ഓഡിയോ ലൈബ്രറി പൂർത്തിയായി. ഹയർസെക്കൻഡറി ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് ചേർക്കുന്ന പ്രവർത്തനം 60% പൂർത്തിയാക്കി.
- ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് എല്ലാ പ്രൈമറി സ്കൂളിലും സജ്ജമാക്കി. ഭിന്നശേഷി കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹിക-സാംസ്ക്കാരിക പ്രവർത്തകർ എന്നിവരെ കൂട്ടിയോജിപ്പിച്ച് ഓൺലൈൻ പ്ലാറ്റ്ഫോമിൽ 'ജാലകങ്ങൾക്കപ്പുറം' പദ്ധതി നടപ്പിലാക്കി.
- ഭിന്നശേഷി വിദ്യാർഥികൾക്കായി യൂ ട്യൂബ് ചാനൽ വഴി വീഡിയോ ക്ലാസ്സുകൾ - വൈറ്റ് ബോർഡ് സംപ്രേഷണം ചെയ്യുന്നു. പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷി വിദ്യാർഥികൾക്ക് അധിക പിന്തുണയ്ക്കായി 1486 സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചു.
- അപേക്ഷിച്ച എല്ലാ വിദ്യാർഥികൾക്കും ഹയർസെക്കൻഡറി/വി.എച്ച്.എസ്.സി. പ്രവേശനം നൽകി.
- ഹയർസെക്കൻഡറിയിൽ 75 പുതിയ താത്ക്കാലിക ബാച്ചുകൾ അനുവദിച്ചു. നാലു ബാച്ചുകൾ പുന:ക്രമീകരിച്ചു. ആകെ 79 പുതിയ ബാച്ചുകൾ തുടങ്ങി. ഹയർസെക്കൻഡറി പരീക്ഷാ നടത്തിപ്പുകൾ കൃത്യമാക്കുന്നതിന് 16 വർഷത്തിനു ശേഷം പുതിയ പരീക്ഷാമാന്വൽ ആവിഷ്ക്കരിച്ചു.
- വിദ്യാഭ്യാസ വകുപ്പിലെ പതിനായിരത്തിലധികം വരുന്ന കോടതിക്കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ഇദം പ്രഥമമായി അഡ്വക്കേറ്റ് ജനറലുമായി ഉന്നതതല യോഗം നടത്തി.
- വിദ്യാഭ്യാസ വകുപ്പിലെ ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ഫയൽ അദാലത്തുകൾ നടത്തും
- പാഠ്യപദ്ധതി പരിഷ്കരണത്തിന് തുടക്കം കുറിച്ചു. പാഠ്യപദ്ധതി പരിഷ്കരണ സമിതി നിലവിൽ വന്നു.
- മാതൃഭാഷാ പഠനത്തിന് പ്രത്യേക ശ്രദ്ധ. പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താൻ തീരുമാനിച്ചു.
- ഖാദർ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ കർമ്മ സമിതി രൂപീകരിച്ചു .



- സ്കൂളുകളിൽ ലിംഗസമത്വം യാഥാർഥ്യമാക്കാൻ ബോയ്സ്, ഗേൾസ് സ്കൂളുകൾ മിക്സഡ് സ്കൂളുകളാക്കുന്നതിനുള്ള നടപടികൾ തുടങ്ങി.
- കിഫ്ബി ഉൾപ്പെടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 85 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. സീമാറ്റിന്റെ യൂ-ട്യൂബ് ചാനൽ വഴി വിദ്യാഭ്യാസ മാനേജ്മെന്റും സ്കൂൾ ലീഡർഷിപ്പും സംബന്ധിച്ച രണ്ടു വീഡിയോ അപ്ലോഡ് ചെയ്തു.
- ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസ ഓഫീസർമാർക്കും, പ്രഥമാധ്യാപകർക്കും വിദ്യാഭ്യാസ മാനേജ്മെന്റിൽ പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിൽ പൂർത്തിയാക്കി. ഏപ്രിൽ അവസാനവാരത്തോടെ മലപ്പുറം,

തിരുവനന്തപുരം ജില്ലകളിൽ പദ്ധതി പൂർത്തീകരിക്കും.

- ടെക്-ടാലന്റ് - MRS ലെ വിദ്യാർത്ഥികൾക്കുള്ള പ്രതിഭാ പോഷണ പരിപാടി അവസാനഘട്ടത്തിൽ.
- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എയിഡഡ് സ്കൂളുകളിൽ കോടതി ഉത്തരവ് പ്രകാരം അർഹരായ ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.
- പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ സർക്കാർ ഏറ്റെടുത്തു. കായംകുളം എൻ.റ്റി.പി.സി.





കെ.വി. സ്കൂൾ കേന്ദ്ര വിദ്യാഭ്യാസ വകുപ്പിൽ നിലനിർത്താൻ ആവശ്യമായ ഇടപെടൽ നടത്തി. കഴക്കൂട്ടം സൈനിക സ്കൂളിന്റെ പ്രവർത്തനം തടസ്സം കൂടാതെ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ ഇടപെടൽ നടത്തി. പ്രതിരോധ മന്ത്രാലയവുമായുള്ള ഉടമ്പടിയിലേർപ്പെടുന്ന വിഷയം അന്തിമഘട്ടത്തിൽ.

- സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ സ്ഥാപനങ്ങൾക്ക് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം ആർജിക്കേണ്ടതായ രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായ അപേക്ഷ, ഫീസ് എന്നിവ ഓൺലൈനായി സമർപ്പിക്കുന്നതിനായി സംവിധാനമൊരുക്കി.
- അസംഘടിത മേഖലയിലെ തൊഴിലാളികളുടെ രജിസ്ട്രേഷനു വേണ്ടി സുപ്രീം കോടതി നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ തയ്യാറാക്കിയ ഇ - ശ്രം പോർട്ടലിൽ കേരളത്തിലെ 58 ലക്ഷത്തിൽപരം തൊഴിലാളികളെ രജിസ്റ്റർ ചെയ്യിപ്പിച്ചു. വിവിധ ആനുകൂല്യങ്ങൾ ഇ പോർട്ടൽ വഴി നൽകാൻ കഴിയുന്ന തരത്തിലാണ് ക്രമീകരണം.
- കോവിഡ് ധനസഹായത്തിന്റെ രണ്ടാം ഘട്ടത്തിൽ 210 കോടി രൂപ 16 ക്ഷേമനിധി ബോർഡുകൾ മുഖേന തൊഴിലാളികൾക്ക് വിതരണം ചെയ്തു. സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ വഴി 100 കോടിയോളം രൂപ അനുവദിച്ചു.
- സ്ത്രീത്തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ വകുപ്പിനെ നേരിട്ട് അറിയിക്കുന്നതിനുവേണ്ടി സഹജ എന്ന പേരിൽ കാൾ സെന്റർ സജ്ജമാക്കി.
- തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളേയും ഡിജിറ്റലൈസ് ചെയ്യുന്നതിനും ഒന്നിലധികം ബോർഡുകളിൽ അംഗത്വം എടുക്കുന്നത് ഒഴിവാക്കുന്നതിനും അഡ്വാൻസ്ഡ് സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തി.
- തൊഴിലാളികളുടെ ആശ്രിതർക്ക് കിലെ - സിവിൽ സർവീസ് അക്കാദമി ആരംഭിച്ചു. പ്രഗത്ഭരായ അധ്യാപകർ നയിക്കുന്ന എട്ട് മാസത്തെ കോഴ്സാണ് നൽകുക.
- കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ സ്റ്റേറ്റ് ജോബ് പോർട്ടൽ വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ■

## വിജയമുദ്രകൾ മുന്നേറ്റങ്ങൾ

എസ് സി ഇ ആർ ടി കൈറ്റുമായി ചേർന്ന് രൂപീകരിക്കുന്ന 'സഹിതം' പോർട്ടൽ പൂർത്തിയാക്കും.

കേരളത്തിലെ നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് നിലവാരമുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ മേനംകുളത്തെ കിൻഫ്രപാർക്കിൽ ആറ് നിലകളിലായി 130 യൂണിറ്റുകളുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് നിർമ്മാണം പൂർത്തിയാക്കും.

വാണിജ്യ വാഹനങ്ങൾക്കായി ഊബർ, ഓല മാതൃകയിൽ സർക്കാർ നിയന്ത്രണത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മോട്ടോർ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു ഓൺലൈൻ ഓട്ടോ, ടാക്സി സംവിധാനം കേരള സവാരി എന്ന പേരിൽ ആരംഭിക്കും.

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കും വിദ്യാർഥികൾക്കുമായി പുതിയ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കും.

# ദുരിതകാലത്ത് ഉറ്റ ബന്ധുവിനെപ്പോലെ
# കൈത്താങ്ങായി



**കേരളത്തിന്റെ  സാമൂഹികവും സാമ്പത്തികവുമായ സുരക്ഷ ഒരുക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്ന വകുപ്പാണ് സഹകരണം.
ഉറ്റ ബന്ധുവിനോടെന്ന പോലെ ഏത് ആപത് ഘട്ടത്തിലും ആശ്രയിക്കാവുന്ന സഹകരണ സ്ഥാപനങ്ങൾ ആധുനികവത്ക്കരണത്തിന്റെ പാതയിലേക്ക് കടന്നു കഴിഞ്ഞു. കേരളബാങ്കിന്റെ കൂടി കരുത്തിൽ സഹകരണമേഖല മുന്നേറുന്ന വഴികളും നിക്ഷേപകന് തണൽ വിരിക്കുന്ന മാർഗങ്ങളും രണ്ടാം പിണറായി വിജയൻ സർക്കാരിലുള്ള ജന വിശ്വാസം വർധിപ്പിക്കുകയാണ്**

**വി എൻ വാസവൻ**
സഹകരണം രജിസ്ട്രേഷൻ വകുപ്പ് മന്ത്രി

### സഹകരണ വകുപ്പിന്റെ ഒരു വർഷത്തെ പ്രവർത്തനത്തെ എങ്ങനെ വിലയിരുത്തുന്നു?

സഹകരണ മേഖല എല്ലാവിധ പ്രതിസന്ധികളെയും അതിജീവിച്ച് ശക്തമായ മുന്നേറ്റം നടത്തിയ കാലമാണ് കഴിഞ്ഞു പോയത്. സാധാരണക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുറമെ കോവിഡ് മഹാമാരി രൂക്ഷമായ കാലത്ത് വിവിധങ്ങളായ ഇടപെടലുകൾ നടത്തി സമൂഹത്തിനൊപ്പം നിൽക്കാൻ സഹകരണ മേഖലയ്ക്കു കഴിഞ്ഞു. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് വിവിധ വായ്പാ പദ്ധതികളിലൂടെ സാധാരണക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പരിശ്രമിച്ചു.

### ഈ കാലയളവിലെ മികച്ച നേട്ടമായി വിലയിരുത്തുന്നത് എന്താണ് ?

നിരവധി നേട്ടങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടതായി തോന്നുന്നത് കെയർ കേരള (കോ ഓപ്പറേറ്റീവ് അലയൻസ് ടു റീ ബിൽഡ് കേരള) പദ്ധതിയാണ്. അതിന്റെ ഉപ പദ്ധതിയായ കെയർ ഹോമിലൂടെ 2000 വീടുകളാണ് നിർമ്മിച്ചു നൽകാൻ തീരുമാനിച്ചത്. എന്നാൽ 2091 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു. രണ്ടാം ഘട്ട കെയർ ഹോം പദ്ധതിയിൽ 14 ജില്ലകളിലും വീടുകൾ നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിടുന്നത്.




### പ്രതിസന്ധിയുടെ കാലത്ത് ജനങ്ങൾക്ക് സഹകരണ സംഘങ്ങളിലുള്ള വിശ്വാസത്തിൽ കുറവുണ്ടായോ?

കുറവുണ്ടായില്ല എന്ന് മാത്രമല്ല വിശ്വാസം വർധിച്ചു. അതിനു നിരവധിയായ തെളിവുകൾ ഉയർത്തിക്കാട്ടാൻ സാധിക്കും. കേരള ബാങ്ക് കോവിഡ് പ്രതിസന്ധിക്കാലത്തും മികച്ച രീതിയിൽ പ്രവർത്തിച്ച് വലിയ ലാഭം നേടി എന്നതാണ് ഒരു നേട്ടം. സഹകരണ നിക്ഷേപ സമാഹരണ യജ്ഞം പ്രഖ്യാപിത ലക്ഷ്യത്തേക്കാൾ ഇക്കുറി ഏറെ മുന്നേറി എന്നത് മറ്റൊരു നേട്ടമാണ്. 6000 കോടി രൂപയായിരുന്നു ഇതിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 1253 കോടി രൂപയാണ് അധിക നിക്ഷേപമായി സഹകരണ സംഘങ്ങളിൽ എത്തിയത്. നിക്ഷേപ സമാഹരണ യജ്ഞത്തിൽ ഏറ്റവും അധികം നേട്ടമുണ്ടാക്കിയത് കേരള ബാങ്കാണ്. 1025 കോടി രൂപയായിരുന്നു ലക്ഷ്യം. നിക്ഷേപ സമാഹരണ കാലയളവിൽ 3375.54 കോടി രൂപ വിവിധ നിക്ഷേപമായി ലഭിച്ചു. ജനങ്ങൾക്ക് സഹകരണ സംഘങ്ങളിലുള്ള വിശ്വാസം വർധിച്ചുവെന്നതിന് തെളിവാണ് ഈ മുന്നേറ്റം.

### രജിസ്ട്രേഷൻ വകുപ്പിലെ നേട്ടങ്ങൾ ?

കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പ് റെക്കോഡ് വരുമാനമാണ് നേടിയത്. ബജറ്റ് ലക്ഷ്യമിട്ടതിനേക്കാൾ 305.89 കോടി രൂപയുടെ അധിക വരുമാനം നേടാൻ കഴിഞ്ഞു.

### മന്ത്രിയെന്ന നിലയിൽ അഭിമാനാർഹമായ ചുവടുവെയ്പ് എന്താണ് ?

കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാധാരണക്കാരെ സഹായിക്കാനായി നടപ്പിലാക്കിയ പദ്ധതികളിലുണ്ടായ വലിയ വിജയവും പ്രളയത്തിലും അതിവർഷത്തിലും വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ വീടുകൾ നൽകാൻ കഴിഞ്ഞതും അഭിമാനാർഹമായ നേട്ടമാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം സൃഷ്ടിക്കുന്നതിൽ രണ്ടാം സ്ഥാനത്തുള്ള രജിസ്ട്രേഷൻ വകുപ്പിൽ നിന്നും കോവിഡ് പ്രതിസന്ധിക്കിടയിലും റെക്കോർഡ് വരുമാനം സൃഷ്ടിക്കാനായിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രയാസത്തിലേക്ക് സംസ്ഥാനത്തെ തള്ളിയിടാതെ കരകയറ്റാൻ ഈ നേട്ടത്തിലൂടെ സാധിച്ചു.

### നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ?

സഹകരണ വകുപ്പിലെ ക്രമക്കേടുകളും അനഭിലഷണീയ പ്രവണതകളും അവസാനിപ്പിക്കുന്നതിനുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുകയാണ്. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട കണക്കുകൾ ഓൺലൈൻ വഴി ലോകത്തിന്റെ ഏതു കോണിൽ നിന്നും പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുങ്ങിക്കഴിഞ്ഞു.

### കാർഷികമേഖലയിൽ സഹകരണസംഘങ്ങൾക്ക് ഇടപെടാനാകില്ലേ ?

കാർഷിക, വ്യാവസായിക മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തി സഹകരണ സംഘങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ റൈസ് മിൽ സ്ഥാപിക്കുന്നതോടെ ഈ രംഗത്തു വലിയ മാറ്റങ്ങൾ ഉണ്ടാകും. പച്ചക്കറി

ഉൽപ്പാദനം സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടക്കുന്നുണ്ട്. 500 ഏക്കർ സ്ഥലത്ത് സഹകരണ സ്ഥാപനങ്ങൾ കൃഷി ചെയ്യുകയാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സഹകരണ വകുപ്പ് ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടേതിനു സമാനമായ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

### 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി പൂർത്തീകരിച്ച പദ്ധതികൾ ?

ഒന്നാം നൂറു ദിന കർമ്മ പരിപാടിയിലെ പദ്ധതികളെല്ലാം നിശ്ചിത സമയത്തിനു മുമ്പു തന്നെ പൂർത്തിയാക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിരുന്നു. രണ്ടാം നൂറ് ദിന പരിപാടിയിൽ പ്രഖ്യാപിച്ച 17 പദ്ധതികളുടെയും പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സമയബന്ധിതമായി എല്ലാ പദ്ധതികളും പൂർത്തിയാക്കും.

രണ്ടാം നൂറ് ദിന കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ചത് 500 സ്ഥിരം തൊഴിലും 19,500 തൊഴിലുകളുമാണ്. മാർച്ച് 24 വരെ 462 സ്ഥിരം തൊഴിലുകളും 14,819 തൊഴിൽ അവസരങ്ങളും സൃഷ്ടിച്ചു. കലാകാരന്മാരുടെ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. നൂറ് ദിന പ്രഖ്യാപനങ്ങളിലുള്ള സഹകരണ എക്സ്പോ 2022 ലെ സായാഹ്നങ്ങളിലെ കലാസന്ധ്യങ്ങൾ സംഘടിപ്പിക്കുന്നത് കലാപ്രവർത്തകരുടെ സഹകരണ സംഘമാണ്. അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധിയിൽ  വാർഷിക വരുമാന പരിധി ഉയർത്തുകയും ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിക്കുകയും ചെയ്തു. 14 പട്ടിക, ജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതിയിൽ 204 വായ്പ കളിലായി 1.84 കോടി രൂപ നൽകാനായി. 237 തൊഴിൽ അവസരങ്ങൾ ഇതിലൂടെ സൃഷ്ടിച്ചു.

## വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- യുവാക്കളെ സഹകരണമേഖലയിലേക്ക് ആകർഷിക്കാനും നൂതന ആശയങ്ങൾ സമൂഹ നന്മയ്ക്കായി ഉപയോഗിക്കുന്നതിനുമായി യുവജന സഹകരണസംഘങ്ങൾ പ്രവർത്തനം ആരംഭിച്ചു.
- സർക്കാർ അധികാരത്തിലെത്തി ആദ്യ 100 ദിനങ്ങൾക്കുള്ളിൽ പ്രവർത്തനം ആരംഭിച്ച യുവസഹകരണ സംഘങ്ങൾ, സേവന-സംരംഭകമേഖലകളിൽ മികച്ച പ്രവർത്തന പുരോഗതി.
- കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിക്കാൻ വനിതാസഹകരണ സംഘങ്ങൾക്ക് ലക്ഷം രൂപ വീതം സഹായം നൽകി. കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കൂടുതൽ സംഘങ്ങൾക്കു അനുമതി നൽകി.
- പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന മേഖലയാക്കി നെല്ല് സംസ്കരണ, വിതരണ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങാൻ കർഷകർക്ക് സഹായം നൽകി. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും സംഘം റൈസ്മില്ലുകൾ സ്ഥാപിച്ചു. പാലക്കാട് നെൽക്കർഷകസംഘം പ്രവർത്തനം മെച്ചപ്പെടുത്തി.
- സഹകരണസ്ഥാപനങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും പതിനാറായിരത്തിലധികം തൊഴിൽ സൃഷ്ടിച്ചു. 191 സ്ഥിരം നിയമനങ്ങൾ





നടത്തി. 16,637 തൊഴിൽഅവസരങ്ങൾ സൃഷ്ടിച്ചു.

- സ്വകാര്യ പലിശക്കാരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കാൻ മുറ്റത്തെ മുല്ല വായ്പാപദ്ധതിയിൽ 14,237 കുടുംബശ്രീ യൂണിറ്റുകൾ വഴി അൻപതിനായിരത്തിലധികം വായ്പ കൾ അനുവദിച്ചു. 1500 കോടി രൂപയോളം വായ്പയായി നൽകി.
- വായ്പയെടുത്ത ഗുരുതരമായ രോഗം ബാധിച്ചവരെയും അപകടത്തിൽ ശയ്യാവലംബിതരായവരെയും മാതാപിതാക്കൾ മരിച്ചു പോയ കുട്ടികളെയും സഹായിക്കുന്നതിനായി 22.33 കോടി രൂപ അനുവദിച്ചു. 11,060 പേർക്കായി 22,93,50,000 രൂപ ലഭ്യമാക്കി.
- കോവിഡ് പ്രതിസന്ധികാലത്ത് വിദ്യാർഥികളെ സഹായിക്കുന്നതിനുള്ള വിദ്യാതരംഗിണി വായ്പ വഴി 77.68 കോടിരൂപ നൽകി. 80,265 വായ്പ കളിലൂടെയാണ് 77,68,47,581 രൂപ നൽകിയത്.
- സഹകരണസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ ഒറ്റ ബ്രാൻഡിൽ വിറ്റഴിക്കാനും അന്താരാഷ്ട്ര വിപണി ലഭ്യമാക്കാനും ബ്രാൻഡിംഗിനുള്ള നടപടികൾ പൂർത്തീകരിച്ചു.
- സഹകരണ സ്ഥാപനങ്ങളുടെ ഉൽപ്പന്ന വിൽപ്പന യ്ക്കായി 14 ജില്ലകളിൽ കോ ഓപ്പ്മാർട്ടുകൾ സ്ഥാപിച്ചു.
- കലാപ്രവർത്തകരെ സഹായിക്കുന്നതിനായി പ്രത്യേക സഹകരണ സംഘം രൂപീകരിച്ചു.
- പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്ക് പുനർജനി പദ്ധതി പ്രകാരം 16.34 കോടി രൂപ അനുവദിച്ചു.
- അവശരായ മുതിർന്ന മുൻ സഹകാരികൾക്ക് ചികിത്സാസഹായമെന്ന നിലയിൽ സമാശ്വാസ പദ്ധതിയിൽ നിന്നും സഹായം നൽകി.
- സഹകരണസംഘങ്ങളുടെ ഓഡിറ്റിംഗിൽ സമഗ്ര മാറ്റം. പ്രത്യേക ഓഡിറ്റ് സംവിധാനം. കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ എത്തിയ ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഓഡിറ്റ് വിഭാഗം സജ്ജമാക്കി.
- സഹകരണസംഘങ്ങളുടെ പൂർണവിവരങ്ങൾ ലോകത്തെവിടെ നിന്നും ഒറ്റ ക്ലിക്കിൽ ആർക്കും അറിയാൻ കോ ഓപ്പറേറ്റീവ് ഓഡിറ്റ് മോണിട്ടറിംഗ് സിസ്റ്റം ( സിഎംഐഎസ് - കാമിസ് ) ഏർപ്പെടുത്തി.
- പ്രാഥമിക സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏകീകൃത സോഫ്ട്‌വെയർ സൃഷ്ടിക്കാനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ.
- സഹകരണമേഖലയിലെ ജീവനക്കാർക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി. സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ്പിന് സമാനമായ പദ്ധതിക്ക് നടപടി.
- സഹകരണമേഖല ഹൈടെക്കാക്കാൻ ജീവനക്കാർക്ക് ഐ.ടി സാങ്കേതിക വിദ്യാപരിശീലനം നൽകി.
- രജിസ്ട്രേഷൻ വകുപ്പ് ആധുനികവത്ക്കരിക്കാൻ പ്രത്യേക പദ്ധതി. 315 ഓഫീസുകളിലും കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കി.
- പഴയകാല ഡോക്യുമെന്റ് ഡിജിറ്റലൈസ് ചെയ്യുന്ന അനശ്വര പദ്ധതി നടപ്പിലാക്കി. വിവിധ സേവനങ്ങൾക്ക് സബ്‌രജിസ്ട്രാർ ഓഫീസുകളിൽ വിവിധ കൗണ്ടറുകൾ തുടങ്ങി.
- ദേശസാൽക്കൃത ബാങ്കുകൾ, കെ.എസ്.എഫ്.ഇ, കെ.എഫ്.സി എന്നിവയുടെ കരാറുകളുടെ ഫെസിലിറ്റേറ്ററായി നാഷണൽ ഇ ഗവേണൻസ് സർവീസസ് (എൻ.ഇ.എസ്.എൽ ) ഇടപാടുകൾ സുതാര്യവും അതിവേഗത്തിലാക്കാൻ നടപടി, ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷനിലൂടെ റവന്യൂ നഷ്ടം ഒഴിവാക്കി. ■



# ആരോഗ്യ കേരളം
# അഭിമാന കേരളം



**കോവിഡ് പ്രതിസന്ധിയെയും മറികടന്നു വലിയ സ്വപ്നങ്ങൾ യാഥാർഥ്യമാക്കി, ഗതകാലപ്രൗഢി വീണ്ടെടുക്കാൻ കുതിക്കുകയാണ് ആരോഗ്യകേരളം. ഒട്ടേറെ പുരസ്ക്കാരങ്ങൾ ഇക്കാലയളവിൽ കേരളത്തിലെ ആരോഗ്യ മേഖലയെയും വനിത ശിശുവികസന വകുപ്പിനെയും തേടിയെത്തി. ഓരോ പൗരനെയും തൊടുന്ന ക്ഷേമത്തിന്റെയും നീതിയുടെയും ആരോഗ്യപാലനത്തിന്റെയും ഒട്ടേറെ പദ്ധതികൾ ഒരു വർഷത്തിനിടയിൽ നടപ്പിലാക്കി**

**വീണാ ജോർജ്**
ആരോഗ്യം വനിത ശിശു വികസന വകുപ്പ് മന്ത്രി

### ഒരു വർഷത്തെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു ?

ആരോഗ്യമേഖലയിലെ പ്രകടനം അടിസ്ഥാനമാക്കിയുള്ള ദേശീയ നീതി ആയോഗ് സൂചികയിൽ ഒന്നാമതെത്തിയതുൾപ്പടെ അഭിമാനിക്കാവുന്ന നേട്ടങ്ങളാണ് ഒരു വർഷത്തിനുള്ളിൽ ആരോഗ്യ വനിത ശിശുവികസന വകുപ്പിന് സ്വന്തമാക്കാൻ കഴിഞ്ഞത്. കോവിഡ് മഹാമാരിയുടെ സമയത്താണ് സർക്കാർ അധികാരത്തിൽ വന്നത്. ജനങ്ങളുടെ ജീവനും ജീവിതോപാധിയും സംരക്ഷിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനമാണ് സർക്കാർ സ്വീകരിച്ചത്. ദേശീയ തലത്തിൽ മാതൃകയാകും വിധം കോവിഡ് രണ്ടും മൂന്നും തരംഗത്തെ ഫലപ്രദമായി തടയാൻ സാധിച്ചു. കോവിഡിനോടൊപ്പം തന്നെ സിക, നിപ, മറ്റ് പകർച്ചവ്യാധികൾ, പ്രളയാനന്തര വെല്ലുവിളികൾ എന്നിവയേയും അതിജീവിക്കാനും സാധിച്ചു. ജനങ്ങളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിനോടൊപ്പം തന്നെ മികച്ച വികസന പ്രവർത്തനങ്ങളും ശിശു, സ്ത്രീസുരക്ഷാ പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്താൻ ആരോഗ്യ വനിത ശിശുവികസന വകുപ്പിനായി.



### കോവിഡിനെ എങ്ങനെയാണ് കേരളം ഫലപ്രദമായി പ്രതിരോധിച്ചത് ?

കോവിഡിനെ നേരിടാൻ സംസ്ഥാനം സുസജ്ജമായിരുന്നു. അടച്ചിട്ടും ജാഗ്രതപാലിച്ചുമാണ് കേരളം ഒന്നാം തരംഗത്തെ നേരിട്ടത്. അപ്പോൾ കോവിഡ് വാക്സിനേഷൻ ഇല്ലായിരുന്നു. എന്നാൽ രണ്ടാം തരംഗത്തിൽ വാക്സിനേഷൻ എത്തി. എന്നാൽ അത് വളരെ കുറവായിരുന്നു. അതുകൊണ്ടാണ് രണ്ടാം തരംഗത്തിൽ അവലംബിച്ച സമീപനം മൂന്നാം തരംഗത്തിൽ അവലംബിക്കാതിരുന്നത്. പരമാവധി പേർക്ക് ആ ഘട്ടത്തിൽ വാക്സിൻ നൽകാൻ പ്രത്യേക യജ്ഞം സംഘടിപ്പിച്ചു. മാത്രമല്ല, മൂന്നാം തരംഗം മുന്നിൽക്കണ്ട് ആരോഗ്യ വകുപ്പ് വളരെ നേരത്തെ തന്നെ മുന്നൊരുക്കം നടത്തിയിരുന്നു. ആശുപത്രികളെ സജ്ജമാക്കുകയും ഓക്സിജന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്തു. സംസ്ഥാനത്ത് ഓക്സിജൻ കരുതൽ ശേഖരമുണ്ടാക്കി. നിരന്തരം യോഗങ്ങൾ വിളിച്ചുകൂട്ടി കോവിഡ് പ്രതിരോധം ശക്തമാക്കി. ഈ രീതിയിൽ കൃത്യമായ മുന്നൊരുക്കങ്ങളും വ്യക്തമായ ആസൂത്രണവും കൊണ്ടാണ് ജനങ്ങളുടെ സഹകരണത്തോടെ നാം കോവിഡിനെ പ്രതിരോധിച്ചത്. കോവിഡ് മഹാമാരി സമയത്ത് വലിയ കഠിനാധ്വാനം ചെയ്ത ആരോഗ്യ പ്രവർത്തകരേയും ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ട്.

### സാധാരണക്കാർ വിദഗ്ധ ചികിത്സയ്ക്കായി ആശ്രയിക്കുന്ന മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദമാക്കുന്നതിനും മികവിന്റെ കേന്ദ്രമാക്കുന്നതിനുമായി വലിയ പരിശ്രമങ്ങളാണ് നടന്നു വരുന്നത്. സർക്കാർ മേഖലയിൽ ആദ്യമായി എസ്.എം.എ. (സ്പൈനൽ മസ്കുലാർ അട്രോഫി) തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ആരംഭിച്ചു.

കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ചികിത്സാ സംവിധാനമൊരുക്കി. സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത്ലാബും 4.16 കോടി രൂപ മുതൽ മുടക്കി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സജ്ജമാക്കുകയാണ്. ഇതുപോലെ കൊല്ലം, ആലപ്പുഴ, കോട്ടയം, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിലെല്ലാം മികച്ച സൗകര്യങ്ങളാണ് ഒരുക്കിവരുന്നത്.

### ആയുർവേദരംഗത്ത് ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ?

ആയുഷ് ആരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരം കാഷ് നിലവാരത്തിലേക്ക് ഉയർത്താൻ ആവശ്യമായ പദ്ധതികളും പരിശീലനങ്ങളും സർക്കാർ നടപ്പിലാക്കി വരികയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ആറു സ്ഥാപനങ്ങൾ ഈ നിലവാരത്തിലേക്ക് ഉയർത്തുവാൻ സാധിച്ചു. ആയുർ ചികിത്സ രംഗത്തെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖേന 114 കോടി രൂപ അനുവദിച്ചു. 600 ആയുഷ് ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ അനുവദിച്ചു.

# വിജയമുദ്രകൾ മുന്നേറ്റങ്ങൾ

- ആശുപത്രികൾ ജനസൗഹൃദമാക്കുക, രോഗിയുമായി ബന്ധപ്പെട്ട ചെലവുകൾ ചുരുക്കുക, ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക തുടങ്ങിയ പൊതുലക്ഷ്യങ്ങളോടെ നവകേരളം കർമ്മ മിഷൻ - ആർദ്രം മിഷൻ 2 ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.
- ആരോഗ്യ മേഖലയിൽ 326 തസ്തികകൾ സൃഷ്ടിച്ചു. മുതിർന്ന പൗരന്മാർക്കും ബിപിഎൽ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും അനുബന്ധ രോഗങ്ങളുള്ളവർക്കും വീടുകളിൽ സൗജന്യമായി മരുന്നുകൾ എത്തിച്ചു നൽകുന്നതിനായി ആരോഗ്യ വകുപ്പ് പദ്ധതിയാവിഷ്ക്കരിച്ച് നടപ്പിലാക്കി.
- ആശുപത്രികളിൽ എത്താതെ രോഗികൾക്ക് വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി 11 ജില്ലകളിൽ ആരംഭിച്ചു. പദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- ക്യാൻസർ രോഗികൾക്ക് തൊട്ടടുത്ത് വിദഗ്ധ ചികിത്സ. 24 ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സംവിധാനം
- അധികദൂരം യാത്ര ചെയ്യാതെ അവരുടെ ജില്ലകളിൽ തന്നെ സൗജന്യ സ്ട്രോക്ക് ചികിത്സ ലഭ്യമാകുന്ന സംവിധാനം 10 ജില്ലകളിൽ യാഥാർഥ്യമാക്കി.
- കേരള ക്യാൻസർ രജിസ്ട്രിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതുസംബന്ധിച്ച സോഫ്റ്റ്‌വെയർ ഇ ഹെൽത്ത് വികസിപ്പിച്ചുവരുന്നു.
- ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി (കാസ്പ്) സൗജന്യ ചികിത്സ ഉറപ്പാക്കി.
- ആരോഗ്യ രംഗത്തെ ഗവേഷണം ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചു. നിലവിലുള്ളതും പുതിയതുമായ രോഗങ്ങൾ വരുമ്പോൾ ഫലപ്രദമായ ഗവേഷണം ഇല്ലാത്തതാണ് പ്രധാന പ്രശ്നമെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.
- സമൂഹത്തിൽ മറഞ്ഞിരിക്കുന്ന ക്ഷയരോഗികളെ കണ്ടെത്താനായി 'എന്റെ ക്ഷയരോഗമുക്ത കേരളം പദ്ധതി'യുടെ ഭാഗമായി 'അക്ഷയ കേരളം ക്യാമ്പയിൻ' വീണ്ടും ആരംഭിച്ചു.
- കോവിഡ് സാഹചര്യത്തിൽ അവയവദാനത്തിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചു.
- അവയവദാനം സുതാര്യമാക്കാൻ കെ സോട്ടോ (സ്റ്റേറ്റ് ഓർഗൺ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ) രൂപീകരിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉടൻ സജ്ജമാകും. കോഴിക്കോട് മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സജ്ജമാക്കും.
- സംസ്ഥാനത്തെ മാതൃശിശു സൗഹൃദമാക്കുന്നതിന് സമഗ്ര രൂപരേഖയുണ്ടാക്കി.
- 350 സർക്കാർ ആശുപത്രികളിൽ ഇ ഹെൽത്ത് സംവിധാനം. ഈ സർക്കാരിന്റെ കാലത്ത് 107 ആശുപത്രികളിൽ ഇ ഹെൽത്ത് സജ്ജമാക്കി.
- സംസ്ഥാനത്ത് ആദ്യമായി ക്യൂ നിൽക്കാതെ വെബ് പോർട്ടൽ വഴി ആശുപത്രി അപ്പോയ്ന്റ്മെന്റ് ഓൺലൈൻ വഴി എടുക്കാനുള്ള സംവിധാനം സജ്ജമാക്കി. കോവിഡ് പോലെയുള്ള പകർച്ചവ്യാധികളെ നേരിടാൻ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കുന്നു.



- എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയ ആരംഭിച്ചു. ഇന്ത്യയിൽ മെഡിക്കൽ കോളേജുകൾക്ക് പുറമേയുള്ള സർക്കാർ ആശുപത്രിയിൽ ഇത് ആദ്യത്തേത്.
- ഇ സഞ്ജീവനി സേവനം ശക്തിപ്പെടുത്തി. സ്പെഷ്യാലിറ്റി സേവനങ്ങൾ അനുവദിച്ചു.
- സംസ്ഥാനത്തെ ഇ സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ സേവനങ്ങൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.
- സർക്കാർ -സ്വകാര്യ മേഖലകളിലായി 1817.54 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ സംഭരണ ശേഷി ഉറപ്പാക്കി.
- മൂന്നാം തരംഗം മുന്നിൽ കണ്ട് 40 ഓക്സിജൻ പിഎസ്എ പ്ലാന്റുകൾ അധികമായി സ്ഥാപിച്ചു. ഇതുകൂടാതെ 14 ഓക്സിജൻ ജനറേറ്ററുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ ഒരു 13 കി. ലിറ്റർ ഓക്സിജൻ ടാങ്കും അഞ്ച് 10 കി. ലിറ്റർ ഓക്സിജൻ ടാങ്കും സ്ഥാപിച്ചു.എല്ലാ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ. പ്രധാന ആശുപത്രികളിൽ

എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ.


- പ്രത്യേക വാക്സിനേഷൻ യജ്ഞങ്ങൾ സംഘടിപ്പിച്ച് കോവിഡിനെ ശക്തമായി പ്രതിരോധിച്ചു.
- ഹീമോഫീലിയ രോഗികൾക്ക് താലൂക്ക് ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചു. കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം സംസ്ഥാനത്ത് കൊണ്ടുവന്നു.
- ആശുപത്രികളിൽ ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ, പീഡിയാട്രിക് സൗകര്യങ്ങൾ എന്നിവ വലിയ തോതിൽ വർധിപ്പിച്ചു. 25 ആശുപത്രികളിൽ 194 പുതിയ ഐസിയു യൂണിറ്റുകൾ, 19 ആശുപത്രികളിലായി 146 എച്ച്ഡിയു യൂണിറ്റുകൾ, 10 ആശുപത്രികളിലായി 36 പീഡിയാട്രിക് ഐസിയു യൂണിറ്റുകൾ എന്നിവ സജ്ജമാക്കി.
- സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായി



തിരുവനന്തപുരം എസ്എടി ആശുപത്രിയിലും എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിലും 12 കിടക്കകൾ വീതമുള്ള ഐസിയു, എച്ചിഡിയു കിടക്കകളും സജ്ജമാക്കി. ആകെ 400 ഐസിയു, എച്ച്ഡിയു യൂണിറ്റുകളാണ് സജ്ജമാക്കിയത്.

- ചെറിയ കുഞ്ഞുങ്ങൾ മുതലുള്ള കുട്ടികൾക്കുള്ള 99 വെന്റിലേറ്ററുകൾ, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള 66 വെന്റിലേറ്ററുകൾ, 100 പീഡിയാട്രിക് അഡൾട്ട് വെന്റിലേറ്ററുകൾ, 116 നോൺ ഇൻവേസീവ് വെന്റിലേറ്ററുകൾ ഉൾപ്പെടെ ആകെ 381 പുതിയ വെന്റിലേറ്ററുകൾ സജ്ജമാക്കി. ഇതുകൂടാതെ 147 ഹൈ ഫ്ളോ വെന്റിലേറ്ററുകളുടെ വിതരണം പുരോഗമിക്കുന്നു.
- മെഡിക്കൽ കോളേജുകളിൽ 239 ഐസിയു, ഹൈ കെയർ കിടക്കകൾ, 222 വെന്റിലേറ്റർ, 85 പീഡിയാട്രിക് ഐസിയു കിടക്കകൾ, 51 പീഡിയാട്രിക് വെന്റിലേറ്ററുകൾ, 878 ഓക്സിജൻ കിടക്കകൾ, 113 സാധാരണ കിടക്കകൾ എന്നിവ ഉൾപ്പെടെ 1588 കിടക്കകൾ പുതുതായി സജ്ജമാക്കി.
- കോവിഡ് കാലത്ത് സർക്കാർ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ 307 നോൺ അക്കാഡമിക് റസിഡൻസ്മാരെ (എൻഎജെആർ) നിയമിച്ചു. 18 സ്പെഷ്യാലിറ്റി സീറ്റുകൾക്കും ഒൻപത് സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾക്കും അനുമതി നേടിയെടുക്കാൻ സാധിച്ചു. 24 ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ സംവിധാനമൊരുക്കി നൂതന സംവിധാനങ്ങളോടു കൂടിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചു.
- യാത്രാക്ലേശം പരിഹരിക്കുന്നതിന് 18.06 കോടി രൂപയുടെ റോഡും ഫ്ളൈ ഓവറും നിർമ്മിച്ചു
- കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബ് പ്രവർത്തനസജ്ജമാക്കി.
- കോന്നി മെഡിക്കൽ കോളേജിൽ ഒപി, ഐപി, അത്യാഹിത വിഭാഗം ആരംഭിച്ചു. അക്കാഡമിക് ബ്ലോക്ക് പൂർത്തീകരിച്ചു. കോളേജിന്റെ വിപുലീകരണത്തിന് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു
- ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ മുതൽമുടക്കി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനസജ്ജമാക്കുന്നു.
- കോട്ടയം മെഡിക്കൽ കോളേജിൽ ആദ്യമായി 268 കോടിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കാൻ അനുമതി നൽകി. ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡിഎം ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സിന് അനുമതി ലഭ്യമായി.
- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം പ്രത്യേക ബ്ലോക്കിന് അനുമതി നൽകി.
- ഇടുക്കി മെഡിക്കൽ കോളേജിൽ പുതിയ കെട്ടിടം പൂർത്തീകരിച്ച് ഐപി ആരംഭിച്ചു.
- സംസ്ഥാനത്ത് സഞ്ചരിക്കുന്ന പുതിയ ആറ് ഭക്ഷ്യപരിശോധനാ ലബോറട്ടറികൾ സജ്ജമാക്കി. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലാബുകളുള്ള ആദ്യ സംസ്ഥാനമായി കേരളം മാറി.
- മജ്ജമാറ്റിവയ്ക്കൽ ചികിത്സയ്ക്കായി ബോൺമാരോ ഡോണർ രജിസ്ട്രി ആരംഭിച്ചു, ഗുണനിലവാരത്തിനുള്ള പി.എം.ജെ.എ.വൈ ഗോൾഡ് സർട്ടിഫിക്കേഷൻ ലഭിച്ചു.
- സംസ്ഥാനത്ത് സ്ത്രീധന നിരോധന ചട്ടങ്ങളിൽ ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിശ്ചയിച്ചു. സ്ത്രീ സുരക്ഷക്കായി കനൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി.
- മാതാപിതാക്കൾ നഷ്ടമായ കുട്ടികൾക്ക് 3.2 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. ■

Date of Publication: 01.04.2022
RNI No.2014/58028 Price: 12.00




Printed and Published by S.Harikishore IAS, Director, Information Public Relations Department on behalf of Government of Kerala and Printed at St.joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS